# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

മാർച്ച് 2016 വാല്യം 42 ലക്കം 12 *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* പേജ് 16 വില 5.00 രൂപ


# ജെഎൻയു സംഭവം അനാവരണം ചെയ്യുന്നത് ആസൂത്രിതമായ ഗൂഢാലോചന

ബിജെപി ഗവൺമെന്റും എബിവിപിയും ചേർന്ന് ജവഹർലാൽ നെഹ്രു സർവ്വകലാശാലയെ സംഘടനാപരമായി മാത്രമല്ല ആശയപരമായിക്കൂടി വരുതിയിലാക്കാൻ ആസൂത്രിതമായ നീക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഉന്നതമായ അക്കാദമിക നിലവാരം പുലർത്തുന്ന വിശ്രുതമായ ഈ സ്ഥാപനത്തെ, ബലപ്രയോഗത്തിലൂടെയും തട്ടിപ്പുകളിലൂടെയും (വ്യാജട്വീറ്റുകളും വീഡിയോകളും മറ്റും) കെട്ടിച്ചമച്ച കഥകളുടെയും വളച്ചൊടിച്ച വസ്തുതകളുടെയും പിൻബലത്തിലും കൈപ്പിടിയിലൊതുക്കാനാണിവർ ശ്രമിക്കുന്നത്. ഇതിനുമുമ്പും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്വയംഭരണാവകാശത്തിൽ നഗ്നമായി കൈകടത്തുവാനും ഭരണകക്ഷിയുടെ വർഗ്ഗീയ-മതമൗലികവാദ ആശയങ്ങളും ചിന്താഗതികളും അടിച്ചേൽപ്പിക്കുവാനും ശ്രമം നടന്നിട്ടുണ്ട്. മദ്രാസ് ഐഐടിയിൽ അംബേദ്കർ-പെരിയാർ സ്റ്റഡിസർക്കിൾ നിരോധിച്ചതും പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലും സെൻസർ ബോർഡിലുമുണ്ടായ രാഷ്ട്രീയ ഇടപെടലുകളും ചരിത്ര ഗവേഷണകൗൺസിലിന്റെ ജേണലിന്റെ ഉപദേശകസമിതി പിരിച്ചുവിട്ടതുമൊക്കെ ഇതിന്റെ പ്രത്യക്ഷ ഉദാഹരണങ്ങളാണ്. തുടർന്ന്, ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിലും അതിനുശേഷം ജെഎൻയുവിലും ഉണ്ടായ സംഭവങ്ങൾ ഈ ഹീനപദ്ധതി തുറന്നുകാട്ടുന്നു. വസ്തുതകളുടെയും യുക്തിബോധത്തിന്റയും അടിസ്ഥാനത്തിൽ ഇക്കാര്യങ്ങളെല്ലാം വിശകലന വിധേയമാക്കുന്നതിനുമുമ്പ് രാജ്യത്തെ ഞെട്ടിച്ച ഈ രണ്ടു സംഭവങ്ങൾ സംക്ഷിപ്തമായൊന്ന് പരിശോധിക്കാം.




**ജനകീയപ്രതിരോധ സമിതി എറണാകുളത്ത് സംഘടിപ്പിച്ച പ്രതിഷേധക്കൂട്ടായ്മ ജസ്റ്റിസ് പി.കെ.ഷംസുദ്ദീൻ ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ കെ.രജികുമാർ, അഡ്വ. പി.ജി.പ്രസന്നകുമാർ, പ്രൊഫ.കെ.അരവിന്ദാക്ഷൻ, ഫ്രാൻസിസ് കളത്തുങ്കൽ, ടി.കെ.സുധീർകുമാർ, ജ്യോതികൃഷ്ണൻ, കെ.കെ.ഗോപിനായർ തുടങ്ങിയവർ.** (വാർത്ത പേജ് 6-ൽ).

### പ്രധാനപ്പെട്ട വസ്തുതകൾ

**രോ**ഹിത്‌വെമുല എന്ന സമർത്ഥനായ ചെറുപ്പക്കാരൻ ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിൽ ഗവേഷണ വിദ്യാർത്ഥിയായിരിക്കെ കഴിഞ്ഞ ജനുവരി 17-ാം തീയതി രാത്രി ഹോസ്റ്റൽ റൂമിൽ ആത്മഹത്യചെയ്തു. യുജിസി ഫെല്ലോഷിപ്പുള്ള ഈ യുവാവിനെ ആത്മഹത്യയിലേയ്ക്ക് നയിച്ചത്, ബിജെപിയുടെ വിദ്യാർത്ഥി വിഭാഗമായ എബിവിപിയുടെയും ആർഎസ്എസിന്റെയും കുത്സിത ചെയ്തികളും രണ്ട് പ്രധാനപ്പെട്ട കേന്ദ്രമന്ത്രിമാരുടെ ജാതിസ്പർദ്ധയോടെയുള്ള നീക്കങ്ങളുമായിരുന്നു. ജാതി രാഷ്ട്രീയത്തിന്റെ അഴുക്കുചാലിലേയ്ക്ക് ആഗീരണം ചെയ്യപ്പെട്ടില്ലായിരുന്നെങ്കിൽ, ഹൈദരാബാദ് യൂണിവേഴ്സിറ്റി അടുത്തിടെയായി ജാതി, തീവ്രവാദ, ദേശവിരുദ്ധ രാഷ്ട്രീയത്തിന്റെ താവളമായിരിക്കുന്നു എന്ന പരാമർശമുള്ള കേന്ദ്ര തൊഴിൽ മന്ത്രിയുടെ കത്തിന്റെയടിസ്ഥാനത്തിൽ രോഹിതിനും കൂട്ടർക്കും സ്റ്റൈപ്പന്റ് നിഷേധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മാനവശേഷി വികസന മന്ത്രാലയം യൂണിവേഴ്സിറ്റിക്ക് കത്തയച്ചില്ലായിരുന്നെങ്കിൽ, രോഹിത് ഉൾപ്പെടെ അഞ്ചു ദളിത് വിദ്യാർത്ഥികളെ 'ദേശവിരുദ്ധരെ'ന്ന് പറഞ്ഞ് ഒറ്റപ്പെടുത്തി അന്വേഷണത്തിന് വിധേയമാക്കിയിരുന്നില്ലെങ്കിൽ, ക്ലാസ്സിൽ ഇരിക്കുന്നതൊഴികെയുള്ള എല്ലാ സൗകര്യങ്ങളും നിഷേധിച്ച് ഭീഷണിപ്പെടുത്തിയും വിരട്ടിയും അവരെ ഹോസ്റ്റലിൽ നിന്ന് 'പുറത്താക്കി'യിരുന്നില്ലെങ്കിൽ, ഹൈദ്രാബാദ് യൂണിവേഴ്സിറ്റി ഇത്ര കടുത്ത നടപടിക്ക് മുതിർന്നില്ലായിരുന്നെങ്കിൽ, രോഹിതിന് മരിക്കേണ്ടി വരില്ലായിരുന്നു. യൂണിവേഴ്സിറ്റിയിൽ നിന്ന് നീതി നിഷേധിക്കപ്പെട്ടപ്പോഴാണ് എബിവിപിക്കാർ വർദ്ധിത വീര്യത്തോടെ അവരെ ആക്രമണലക്ഷ്യമാക്കിയത്. രോഹിതിന്റെ ദാരുണമായ ആത്മഹത്യയുമായി ബന്ധപ്പെട്ട് അതിന് പ്രേരകമായ ചെയ്തികളുടെ പേരിൽ കേന്ദ്ര ഗവണ്മെന്റിനേയും പ്രധാനപ്പെട്ട രണ്ടുമന്ത്രിമാരെയും പ്രമുഖ ബുദ്ധിജീവികളടക്കം മനഃസാക്ഷിയുള്ള മുഴുവൻപേരും ശക്തമായി അപലപിച്ചു. എന്നാൽ ബിജെപി-ആർഎസ്എസ് ശക്തികൾക്ക് ഒരു കുലുക്കവുമുണ്ടായില്ല. വൈസ് ചാൻസലറുമായി അവർ നടത്തിയ ഒത്തുകളിയുടെ ഫലമായിട്ടാണ് സർവ്വകലാശാലാ കാമ്പസ്സിൽ പോലീസ് കയറി വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്തത്. രോഹിതിന്റെ മരണത്തിൽ പ്രതിഷേധിച്ചവരും ആർഎസ്എസ്-ബിജെപി-എബിവിപി സംഘത്തോട് വിയോജിപ്പുള്ളവരുമായ നിരവധി വിദ്യാർത്ഥികളെ അറസ്റ്റുചെയ്യുകയും അഞ്ചു പേർക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുകയുമാണ് ചെയ്തത്.

ഹൈദ്രാബാദ് ദുരന്തത്തിനു തൊട്ടുപിന്നാലെയാണ് ഡൽഹിയിലെ ജവഹർലാൽ നെഹ്രു യൂണിവേഴ്സിറ്റി സംഭവമുണ്ടാകുന്നത്. സ്വയം ഭരണമെന്ന ജനാധിപത്യാവകാശത്തിനുവേണ്ടിയുള്ള കാശ്മീരി ജനതയുടെ സമരത്തോട് ഐക്യദാർഢ്യം പുലർത്തുക എന്ന മുദ്രാവാക്യവുമായി ഒരുകൂട്ടം വിദ്യാർത്ഥികൾ ക്യാമ്പസ്സിൽ ഫെബ്രുവരി 9 ന് ഒരു പരിപാടി സംഘടിപ്പിച്ചു. ഈ പരിപാടിക്കിടയിൽ ഒരു പ്രത്യേക ഗ്രൂപ്പിൽപ്പെട്ട ചിലയാളുകൾ മനഃപൂർവ്വം വിഘടനവാദപരമായ മുദ്രാവാക്യങ്ങൾ മുഴക്കിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടു. ഇത് തീർച്ചയായും അപലപനീയം തന്നെ. പൊടുന്നനെ, ഇടതു വിദ്യാർത്ഥിസംഘടനകൾ ദേശവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നു എന്നാരോപിച്ച് യൂണിവേഴ്സിറ്റിയിലുള്ളവരും അല്ലാത്തവരു

*(ശേഷം 4-ാം പേജിൽ)*

## ഉള്ളടക്കം


പേജ് 2: സൈദ്ധാന്തികപാഠങ്ങൾ
പേജ് 3: അടച്ചുപൂട്ടിയ ബാറുകൾ തുറക്കുന്നതിനെതിരെ
പേജ് 7: റബ്ബർ വിലത്തകർച്ച...
പേജ് 8: കേന്ദ്രക്കമ്മിറ്റി പ്രസ്താവനകൾ
പേജ് 9:: പ്രക്ഷോഭപരിപാടികൾ
പേജ് 10: അദ്ധ്യാപകസംഗമം
സേവ് എജ്യൂക്കേഷൻ മീറ്റ്
യു.സി.കോളേജിലെ സമരം
പേജ് 11: ഡോ. എൻ. എ. കരിം
അനുസ്മരണം ,
പേജ് 12: നവോത്ഥാനശക്തി പ്രദർശനം
വിജയംവരിച്ച
കലാവിദ്യാർത്ഥിസമരം
പേജ് 13: വിളപ്പിൽശാലസമരവിജയം
എൻടിപിസി പ്രതിഷേധധർണ്ണ
പേജ് 14: ദേശീയശാസ്ത്രദിനാചരണം
മതേതര ജനാധിപത്യസംഗമം
പേജ് 15: സംയുക്ത ട്രേഡ്‌യൂണിയൻ
പ്രക്ഷോഭം പ്രസ്താവന
പേജ് 16: സംസ്ഥാനകമ്മിറ്റി അഭ്യർത്ഥന ,


# സംസ്ഥാന ബജറ്റ് : കാപട്യത്തിന്റെ പ്രഖ്യാപനം

ബജറ്റ് അവതരണത്തിന് മുമ്പുതന്നെ മാധ്യമങ്ങൾ വിളംബര ഘോഷങ്ങൾ ആരംഭിക്കും. രാഷ്ട്രീയക്കാർ, വ്യവസായികൾ, സാമ്പത്തിക വിദഗ്ദ്ധന്മാർ, സാധാരണ വീട്ടമ്മമാർ എന്നുവേണ്ട വഴിപോക്കരെ വരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ചർച്ചകളുടെ ചെണ്ടമേളം അരങ്ങേറും. എന്തൊക്കെയോ സംഭവിക്കാൻ പോകുന്നുവെന്ന പ്രതീതി സൃഷ്ടിക്കാൻ പാടുപെടുന്ന പാവങ്ങൾ.

കഴിഞ്ഞ വർഷത്തെ ബജറ്റ് അവതരണത്തിന്റേതുപോലുള്ള സംഭ്രമജനകമായ തമാശകളൊന്നുമുണ്ടായില്ലെങ്കിലും ഇത്തവണയും ഒരുപാട് ചിരിക്കാനുള്ള വകകളുണ്ടായിരുന്നു.

ഈ ബജറ്റ് നടപ്പിലാക്കാൻ നിലവിലുള്ള സർക്കാരിന് വെറും 42 ദിവസത്തെ ആയുസ്സേ ഉള്ളൂവെങ്കിലും ഏറ്റവും നീളം കൂടിയ ബജറ്റ് പ്രസംഗം നടത്താൻ ശ്രീ. ഉമ്മൻ ചാണ്ടിക്കു കഴിഞ്ഞു. അടുത്ത ധനമന്ത്രി കൂടുതൽ നീണ്ട ബജറ്റ് പ്രസംഗം നടത്തുമെന്ന് പ്രതീക്ഷിക്കാം.

പ്രസംഗത്തിനപ്പുറം കാര്യങ്ങൾ പരിശോധിക്കുമ്പോഴാണ് ഉള്ളിലൊളിപ്പിച്ച ക്ഷുദ്രതാൽപ്പര്യങ്ങളും പൊള്ളത്തരങ്ങളും കണ്ടെത്താനാവുക. വാർഷികബജറ്റിന് സംസ്ഥാനത്തിന്റെ ഒരുവർഷത്തെ സാമ്പത്തിക വിനിയോഗത്തിന്റെയും പ്രവർത്തനത്തിന്റെയും രേഖയെന്ന ആധികാരികസ്ഥാനം എന്നോ നഷ്ടപ്പെട്ടുപോയിരിക്കുന്നു. നിയമനിർമ്മാണ സഭയിലേക്ക് ജനങ്ങൾ അയയ്ക്കുന്ന പ്രതിനിധികൾ ബജറ്റ് ചർച്ചാവേളകൾ അന്നന്നത്തെ 'വെളിപ്പെടുത്തലുകൾ' അടിച്ചലക്കുന്നതിനുള്ള വേദിയാക്കി മാറ്റുന്നു. ഒടുവിൽ ഒരു ശബ്ദവോട്ടോടെ ബജറ്റ് പാസ്സാക്കി നിശ്ശബ്ദരായി മടങ്ങുന്നു.

കേവലം ഒരു കോടി രൂപയുടെ കോഴനാറ്റത്താൽ പുറത്തുപോകേണ്ടിവന്ന ധനകാര്യവിശാരദന്റെ യഥാർത്ഥ കാര്യശേഷി ഇപ്പോൾ അക്കൗണ്ടന്റ് ജനറൽ പുറത്തുവിട്ട കണക്കുപുസ്തകത്തിലുണ്ട്. വില്പന നികുതിപിരിവിൽ നാലായിരം കോടി രൂപയുടെ വീഴ്ചയാണ് വരുത്തിയിരിക്കുന്നത്. എക്സൈസ് നികുതിയിൽ 1230 കോടി രൂപയുടെ കുറവ്. കഴിഞ്ഞ അഞ്ചുവർഷം പ്രഖ്യാപിച്ച 1.85 ലക്ഷം കോടി രൂപയുടെ നികുതികളിൽ 25,000 കോടി രൂപയുടെ കുറവ് കണ്ടെത്തിയിരിക്കുന്നു. ഇതിലെത്ര മുതലാളിമാർക്ക് ഗുണം കിട്ടിയെന്നും ആസൂത്രിതമായ ഈ വീഴ്ചയുടെ പിന്നിൽ 'പിരിവ്' എത്ര നടന്നിട്ടുണ്ടാവുമെന്നും ചിന്തനീയം. ഇത്തരത്തിലുണ്ടാകുന്ന വരുമാനക്കുറവ് സൃഷ്ടിക്കുന്ന റവന്യൂക്കമ്മി നികത്തുന്നത് കോഴകൊടുത്തൊഴിയാൻ സാധിക്കാത്ത സാധാരണക്കാരൻ നൽകുന്ന നികുതികൾ വർദ്ധിപ്പിച്ചും സാധാരണക്കാരന്റെ ബാധ്യതയായി മാറുന്ന പൊതുക്കടം വർദ്ധിപ്പിച്ചുമാണ്.

ഏതാണ്ട് ഒരു ലക്ഷം കോടി രൂപയുടെ ബജറ്റിൽ 20,000 കോടി രൂപയാണ് ധനക്കമ്മി. കൈയിലില്ലാത്ത തുകകൊണ്ട് വല്ലാത്ത വാഗ്ദാനങ്ങൾ നടത്താൻ പ്രത്യേക ബജറ്റ് വിഹിതം വേണ്ടല്ലൊ. പദ്ധതിച്ചെലവായി 23,500 കോടി രൂപയെന്ന തുകയും തമാശയാണ്. ഈ വകയിൽ വകയിരുത്തുന്ന തുകയുടെ പാതി മാത്രമേ സാധാരണ വിനിയോഗിക്കാറുള്ളൂ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടുന്ന 40 ശതമാനം പദ്ധതിവിഹിതം

*(ശേഷം 2-ാം പേജിൽ)*



കാൾ മാർക്സ് (1818–1883)

## മാർച്ച് 14
## മാർക്സ്
## അനുസ്മരണ ദിനം

**“തത്ത്വചിന്തകർ ലോകത്തെ പലതരത്തിൽ വ്യാഖ്യാനിക്കുക മാത്രമേ ചെയ്തിട്ടുള്ളു. എന്നാൽ അതിനെ മാറ്റുകയെന്നതാണ് കാര്യം.”**

സൈദ്ധാന്തിക പാഠങ്ങൾ

# ഫോയർബാഹിനെക്കുറിച്ചുള്ള തീസിസുകൾ

**കാൾ മാർക്സ്**

1

**ഫോ**യർബാഹിന്റേതടക്കം ഇതുവരെ ഉണ്ടായിട്ടുള്ള എല്ലാ ഭൗതികവാദത്തിന്റേയും മുഖ്യന്യൂനത വസ്തുതയെ, യാഥാർത്ഥ്യത്തെ, ഇന്ദ്രിയാനുഭവത്തെ, കേവലവസ്തുവിന്റെയോ ചിന്തയുടേയോ രൂപത്തിൽ മാത്രമേ കാണുന്നുള്ളു, മനുഷ്യന്റെ ഇന്ദ്രിയ പ്രവർത്തനമായി, പ്രയോഗമായി, ആവിഷ്ക്കാരമായി കാണുന്നില്ല എന്നതാണ്. അതുകൊണ്ടാണ് ഭൗതികവാദത്തിൽ നിന്ന് വ്യതിരിക്തമായി ആശയവാദം ക്രിയാത്മക വശത്തെ വികസിപ്പിക്കാനിടയായത്. എന്നാൽ അതിങ്ങനെ ചെയ്തത് അമൂർത്തമായി മാത്രമാണ്. കാരണം, ആശയവാദത്തിന് യഥാർത്ഥമായ ഇന്ദ്രിയപ്രവർത്തനത്തെ ആ നിലയ്ക്കറിഞ്ഞുകൂടാ. ഇന്ദ്രിയാനുഭവത്തിന്റെ വിഷയവസ്തുക്കളെ ചിന്തയുടെ വിഷയവസ്തുക്കളിൽ നിന്ന് വേർതിരിച്ചുകാണാൻ യഥാർത്ഥത്തിൽ ഫോയർബാഹ് ആഗ്രഹിക്കുന്നുണ്ട്. എന്നാൽ മനുഷ്യന്റെ പ്രവർത്തനം തന്നെ വസ്തുനിഷ്ഠമായ പ്രവർത്തനമാണെന്ന് അദ്ദേഹം കാണുന്നില്ല. അതുകൊണ്ടാണ് “ക്രിസ്തുമതസാരം’’എന്ന കൃതിയിൽ അദ്ദേഹം സൈദ്ധാന്തികനിലപാടിനെ യഥാർത്ഥത്തിൽ മനുഷ്യോചിതമായ ഒരേയൊരു നിലപാടായി കരുതുന്നത്. അതേസമയം പ്രായോഗികപ്രവർത്തനത്തെ കാണുന്നതും പ്രതിഷ്ഠിക്കുന്നതും അതിന്റെ മലിനവും ലാഭേച്ഛയാർന്നതുമായ ബാഹ്യരൂപത്തിൽ മാത്രമാണ്. അതുകൊണ്ട് “വിപ്ലവകരമായ”, “പ്രായോഗിക-വിമർശനാത്മകമായ”പ്രവർത്തനത്തിന്റെ പ്രാധാന്യം അദ്ദേഹം ഗ്രഹിക്കുന്നില്ല.

2

**മ**നുഷ്യന്റെ ചിന്ത വസ്തുനിഷ്ഠമായ സത്യമാണോ എന്നത് സിദ്ധാന്തത്തിന്റെ പ്രശ്മല്ല, പ്രായോഗികപ്രശ്നമാണ്. പ്രായോഗികപ്രവർത്തനത്തിൽ മനുഷ്യൻ തന്റെ ചിന്തയുടെ സത്യാവസ്ഥയെ, അതായത് യഥാർത്ഥ്യത്തെ, ശക്തിയെ, ഐഹികത്വത്തെ തെളിയിക്കണം. പ്രായോഗികപ്രവർത്തനത്തിൽ നിന്ന് വേറിട്ടുനിൽക്കുന്ന ചിന്ത യഥാർത്ഥമാണോ എന്ന തർക്കം തികച്ചും പാണ്ഡിത്യപരമായ ഒരു പ്രശ്നമാണ്.

3

**മ**നുഷ്യൻ സാഹചര്യങ്ങളുടെയും വളർന്ന ചുറ്റുപാടിന്റെയും സൃഷ്ടിയാണെന്നും അതിനാൽ മാറിയ മനുഷ്യൻ മാറിയ സാഹചര്യത്തിന്റെയും മാറിയ ശിക്ഷണത്തിന്റെയും സൃഷ്ടിയാണെന്നുമുള്ള ഭൗതികവാദ പ്രമാണം മനുഷ്യനാണ് സാഹചര്യത്തെ മാറ്റുന്നതെന്നും ശിക്ഷകനും ശിക്ഷണം അനിവാര്യമാണെന്നതും മറക്കുന്നു. അതിനാൽ ഈ സിദ്ധാന്തം സമൂഹത്തെ രണ്ടായി തിരിക്കുന്നതിൽ അവശ്യം ചെന്നെത്തുന്നു. ആ രണ്ടിലൊന്ന് സമൂഹത്തെക്കാൾ ഉയർന്നുനിൽക്കുന്നുമുണ്ട്. (ഉദാഹരണത്തിന് റോബർട്ട് ഓവന്റെ ധാരണ)

പ്രവർത്തനത്തിന്റെ വിപ്ലവവൽക്കരണം എന്ന നിലയില്ലാതെ സാഹചര്യത്തിന്റെ മാറ്റത്തിനോടൊപ്പം പ്രവർത്തനവും മാറുന്നതിനെ സങ്കൽപ്പിക്കാനും യുക്തിസഹമായി മനസ്സിലാക്കാനും സാധിക്കുകയില്ല.

4

**മ**തപരമായ സ്വയമന്യവൽക്കരമെന്ന വസ്തുതയിൽ നിന്നും ലോകത്തെ മതപരവും സാങ്കൽപ്പികവുമായ ലോകവും യഥാർത്ഥലോകവുമായി വേർതിരിക്കുന്നതിൽ നിന്നുമാണ്, ഫോയർബാഹ് തുടങ്ങുന്നത്. മതപരമായ ലോകത്തെ അതിന്റെ ഇഹലോകാടിത്തറയിലേയ്ക്ക് മടക്കിക്കൊണ്ടുവരികയെന്ന പ്രവൃത്തിയാണ് അദ്ദേഹം ചെയ്തത്. ഈ പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷവും പ്രധാന കാര്യം ചെയ്യാൻ കിടക്കുന്നതേയുള്ളൂവെന്ന സംഗതി അദ്ദേഹം അവഗണിക്കുന്നു. ഇഹലോകാടിത്തറ അതിൽനിന്നു തന്നെ വിട്ടുമാറി ഒരു സ്വതന്ത്രസാമ്രാജ്യമായി ആകാശത്ത് സ്വയം പ്രതിഷ്ഠിച്ചിരിക്കുന്നുവെന്ന വസ്തുതയ്ക്ക് യഥാർത്ഥത്തിൽ ഒരേയൊരു വിശദീകരണമേയുള്ളു: ഈ ഇഹലോകാടിത്തറ തന്നെ സ്വയം വിഭക്തവും സ്വയം വൈരുദ്ധ്യാത്മകവുമാണ്. അതുകൊണ്ട് ഈ ഇഹലോകാടിത്തറയെ തന്നെ ആദ്യം അതിന്റെ വൈരുദ്ധ്യാത്മകതയിൽ മനസ്സിലാക്കുകയും പിന്നീട് ആ വൈരുദ്ധ്യാത്മതയെ നീക്കിക്കൊണ്ട് പ്രായോഗികതലത്തിൽ വിപ്ലവകരമാക്കുകയുമാണ് വേണ്ടത്. ഉദാഹരണത്തിന് ഇഹലോകകുടുംബത്തിലാണ് പരിശുദ്ധ കുടുംബത്തിന്റെ (ദൈവരാജ്യത്തിന്റെ) രഹസ്യം കിടക്കുന്നതെന്ന് കണ്ടെത്തിക്കഴിഞ്ഞാൽ ആദ്യത്തേതിനെ തന്നെ സൈദ്ധാന്തികമായി വിമർശിക്കുകയും പ്രായോഗികമായി വിപ്ലവകരമാക്കുകയും ചെയ്യണം.

5

**അ**മൂർത്തചിന്തകൊണ്ടു തൃപ്തിപ്പെടാതെ ഫോയർബാഹ് ഇന്ദ്രിയാനുഭൂതിപരമായ ധ്യാനത്തെ ആശ്രയിക്കുന്നു. എന്നാൽ അദ്ദേഹം ഇന്ദ്രിയാനുഭൂതിപരമായ പ്രായോഗികപ്രവർത്തനമായി, മനുഷ്യന്റെ ഇന്ദ്രിയപ്രവർത്തനമായി കാര്യങ്ങളെ കാണുന്നില്ല.

6

**ഫോ**യർബാഹ് മതപരമായ സത്തയെ മനുഷ്യസത്തയായി ഗണിക്കുന്നു. എന്നാൽ ഓരോ പ്രത്യേക വ്യക്തിയിലും അന്തർഭവിച്ചിരിക്കുന്ന അമൂർത്ത വസ്തുവല്ല മനുഷ്യസത്ത. യഥാർത്ഥത്തിൽ അത് സാമൂഹിക ബന്ധങ്ങളുടെ ആകെത്തുകയാണ്.

ഈ യഥാർത്ഥ സത്തയുടെ വിമർശനത്തിലേയ്ക്ക് കടക്കാത്തതിന്റെ ഫലമായി:

1) ചരിത്രപ്രക്രിയയിൽ നിന്ന് അമൂർത്തവൽക്കരിച്ചുകൊണ്ട് മതവികാരത്തെ പ്രത്യേകം കാണാനും അമൂർത്തമായ – ഒറ്റതിരിഞ്ഞുനിൽക്കുന്ന – മനുഷ്യവ്യക്തിയുണ്ടെന്ന് അനുമാനിക്കാനും ഫോയർബാഹ് നിർബ്ബന്ധിതനായിത്തീരുന്നു.

2) അതുകൊണ്ട് അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ഒരു ജാതിയായി മാത്രമേ, മനുഷ്യസത്തയെ മനസ്സിലാക്കാൻ കഴിയൂ.

7

**ഇ**തിന്റെ ഫലമായി, ‘‘മതവികാരം” തന്നെ ഒരു സാമൂഹ്യോല്പന്നമാണെന്നും താൻ അപഗ്രഥിക്കുന്ന അമൂർത്ത വ്യക്തി വാസ്തവത്തിൽ ഒരു നിശ്ചിതരൂപത്തിലുള്ള സമൂഹത്തിൽപ്പെട്ടവനാണെന്നും ഫോയർബാഹ് കാണുന്നില്ല.

8

**സാ**മൂഹ്യജീവിതം സാരാംശത്തിൽ പ്രായോഗികമാണ്. സിദ്ധാന്തത്തെ ഗൂഢാർത്ഥവാദത്തിലേയ്ക്ക് വഴിതെറ്റിക്കുന്ന എല്ലാ നിഗൂഢതകളും മനുഷ്യന്റെ പ്രായോഗികപ്രവർത്തനത്തിലും ആ പ്രായോഗികപ്രവർത്തനത്തെ മനസ്സിലാക്കുന്നതിലും അവയ്ക്കുള്ള യുക്തിസഹമായ ഉത്തരം കണ്ടെത്തുന്നു.

9

**ധ്യാ**നാത്മകഭൗതികവാദത്തിന്, അതായത് ഇന്ദ്രിയാനുഭവത്തെ പ്രായോഗികപ്രവർത്തനമായി മനസ്സിലാക്കാത്ത ഭൗതികവാദത്തിന്, പരമാവധി എത്താൻ കഴിഞ്ഞിട്ടുള്ളത് ‘‘സിവിൽ സമൂഹത്തിലെ” ഒറ്റയ്ക്കൊറ്റയ്ക്കുള്ള വ്യക്തികളെപ്പറ്റിയുള്ള സങ്കൽപ്പനത്തിലാണ്.

10

**പ**ഴയ ഭൗതികവാദത്തിന്റെ നിലപാട് ‘‘സിവിൽ” സമൂഹമാണ്. പുതിയ ഭൗതികവാദത്തിന്റേതാകട്ടെ, മനുഷ്യസമൂഹവും – അതായത്, സാമൂഹ്യവൽകരിക്കപ്പെട്ട മനുഷ്യരാശി.

11

**ത**ത്ത്വചിന്തകർ ലോകത്തെ പലതരത്തിൽ വ്യാഖ്യാനിക്കുക മാത്രമേ ചെയ്തിട്ടുള്ളു. എന്നാൽ അതിനെ മാറ്റുകയെന്നതാണ് കാര്യം. ■

# സംസ്ഥാന ബജറ്റ്

*(ഒന്നാം പേജിൽ നിന്ന്)*

ബജറ്റ് പുസ്തകത്തിൽ മാത്രമൊതുങ്ങുന്ന ഒരു കണക്കാണ്. അതിന്റെ പകുതി പോലും നൽകാറില്ലെന്നതാണ് വാസ്തവം. പദ്ധതിവിഹിതം നേടിയെടുക്കാനായി സ്വന്തം നിലയിൽ കണ്ടെത്തേണ്ടുന്ന വരുമാനം സ്വരൂപിക്കാൻ പഞ്ചായത്തുകൾക്കാവുന്നില്ല. പഞ്ചായത്തിലെ പാവങ്ങളെ പിഴിയുന്നതിന് പരിധിയുണ്ടല്ലൊ. ‘ജനകീയാ’സൂത്രണത്തിന്റെയും ‘അധികാര’ വികേന്ദ്രീകരണത്തിന്റെയും ഉപജ്ഞാതാക്കൾ തങ്ങളുടെ ലക്ഷ്യം പൂർത്തീകരിച്ചുവരുന്നതു കണ്ട് സായൂജ്യമടയുന്നുണ്ടാവും.

കേന്ദ്ര പദ്ധതി വിഹിതത്തിന്റെ കാര്യവും ഇത്തരത്തിലാണ്. ആഗോളവൽക്കരണ സാമ്പത്തിക അതിക്രമങ്ങൾ ജനങ്ങൾക്കുമേൽ ഏൽപ്പിക്കുന്ന ആഴത്തിലുള്ള മുറിവുകളിലൂടെ അണുബാധയേറ്റ് രാഷ്ട്രശരീരം നിശ്ചലമാവുന്നതിൽനിന്ന് രക്ഷപ്പെടാനായി മുൻ കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിരുന്ന പല ക്ഷേമ പദ്ധതികളും കേന്ദ്ര സർക്കാർ പിൻവലിച്ചിട്ടുണ്ട്. അതനുസരിച്ച് കേന്ദ്ര പദ്ധതിവിഹിതത്തിൽ കുറവ് വന്നിട്ടുണ്ട്. കേന്ദ്ര പദ്ധതിവിഹിതം നേടാനായി സംസ്ഥാനം ഏതാണ്ട് തുല്യ തുക കണ്ടെത്തേണ്ടതായുണ്ട്. പലപ്പോഴും ആ തുക ലാഭിക്കാനുള്ള വ്യഗ്രത കേന്ദ്ര പദ്ധതി തുകയുടെ പൂർണ്ണമായ വിനിയോഗം ഇല്ലാതാകുന്നതിലാണ് കലാശിക്കുന്നത്. ഫലത്തിൽ, കേന്ദ്ര പദ്ധതി തുകയുടെ വിനിയോഗം പകുതിയായി കുറയുകയാണ് ചെയ്യുന്നത്.

വർഷാവർഷം അവതരിപ്പിക്കപ്പെടുന്ന ബജറ്റ് കാപട്യങ്ങളിലേക്ക് കണ്ണോടിക്കാനാണ് ഇത്രയും പറഞ്ഞത്. ഈ കാപട്യത്തിന്റെ യഥാർത്ഥ ചിത്രം കാണണമെങ്കിൽ, മുൻ വർഷത്തെ യഥാർത്ഥ വരവുചെലവ് കണക്കുകളെ സംബന്ധിച്ച രേഖയായ ഫിനാൻസ് അക്കൗണ്ട് റിപ്പോർട്ടും സി.എ.ജിയുടെ സംസ്ഥാന ധനകാര്യ റിപ്പോർട്ടും കാണണം. പ്രഖ്യാപനവും നടത്തിപ്പും തമ്മിലുള്ള പൊരുത്തക്കേട് മാത്രമല്ല. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം തുടങ്ങിയ മേഖലകളിലെ ചെലവിൽ വന്നിട്ടുള്ള വൻ കുറവും പൊതുമരാമത്ത്, ഐറ്റി, ടൂറിസം തുടങ്ങിയ മേഖലയിലെ ചെലവിലെ വർദ്ധനവും നമുക്ക് കാണാം. ഈ വകുപ്പുകളിലെ കമ്മീഷൻ കോഴ നിരക്ക് കൂടുതലായതുകൊണ്ട് നടത്തിപ്പുകാർക്ക് നല്ല ഉത്സാഹമാണ്. ഈ രേഖ നമ്മുടെ ബജറ്റ് വിദഗ്ദ്ധന്മാരും എം.എൽ.എമാരും അവഗണിക്കാറാണ് പതിവ്.

ചെറുകിട വ്യാപാരവും ചെറുകിട ഉൽപ്പാദനവും തകർത്ത് നേടുന്ന വാറ്റ് നികുതിയിലൂടെയും പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള അതിഭീമമായ കൊള്ള നികുതിയിലൂടെയും സംസ്ഥാനത്തെ ജനങ്ങളെ പണയം വച്ച് നേടുന്ന വൻ കടമെടുപ്പിലൂടെയുമാണ് സംസ്ഥാനത്തെ വരവിന്റെ ഭൂരിഭാഗവും കണ്ടെത്തുന്നത്. ഈ സർക്കാരിന്റെ കാലത്ത് മാത്രം എഴുപതിനായിരത്തിലധികം കോടി രൂപ അധികം കടമെടുപ്പ് നടത്തി. അതായത്, മുൻ സർക്കരുകളെല്ലാം കൂടി കടമെടുത്തതിനൊപ്പമുള്ള തുക. 12,630 കോടി രൂപയാണ് അടുത്ത വർഷം പലിശ നൽകാനായി വേണ്ടിവരിക. ഇത്ര ഭീമമായ തുക കടം കൊണ്ടത് എന്തിന് വേണ്ടിയായിരുന്നു എന്നതും ആ തുകകൾ എങ്ങനെയാണ് വീതംവച്ച് പോയിട്ടുണ്ടാവുക എന്നതും അന്വേഷിക്കുന്നത് മാറിമാറിവരുന്ന ഇടതു-വലതു സർക്കാരുകളുടെ തനിനിറം വ്യക്തമാക്കും. കേരളത്തിന്റെ വിദ്യാഭ്യാസ-ആരോഗ്യ മേഖലകൾ തകർക്കാനായി ഐ.എം.എഫ്, ലോകബാങ്ക്, എഡിബി തുടങ്ങിയവയുമായി ചേർന്ന് നടത്തിയ നീക്കങ്ങളുടെ സാമ്പത്തിക ബാദ്ധ്യതയും വ്യക്തമാവും.

ആളോഹരി നാൽപ്പത്തയ്യായിരം രൂപയാണ് ഓരോ കേരളീയനെയും പണയംവച്ച് സർക്കാർ കടമെടുത്തിരിക്കുന്നത്.

2014–15 ൽ ബജറ്റ് വിഹിതങ്ങളിൽ ഇരുപതിനായിരം കോടി രൂപ (20 ശതമാനം) കുറച്ചുമാത്രമാണ് ചെലവഴിച്ചത്. പക്ഷെ, വർഷാവസാനക്കമ്മി കൂടിയിട്ടുമുണ്ട്. മൂവായിരം കോടി രൂപ. അതായത്, നമ്മുടെ നിയമസഭ പാസ്സാക്കുന്ന ബജറ്റിൽ നാലിലൊന്ന് തിരിമറിയാണ് യഥാർത്ഥത്തിൽ നടക്കുന്നത്. അപ്പോൾ ഈ ബജറ്റവതരണത്തിൽ എന്താണർത്ഥം.

മറ്റൊരുദാഹരണം നോക്കുക:

2014–15 ബജറ്റിൽ റവന്യൂക്കമ്മി 7132 കോടി രൂപയാണ് അവതരിപ്പിച്ചത്. ആദ്യ ആറുമാസത്തെ വരവുചെലവ് കണക്കനുസരിച്ച് പുതുക്കി നിശ്ചയിച്ച എസ്റ്റിമേറ്റ് 10,263 കോടി രൂപ. എന്നാൽ, വർഷാവസാനം 13,796 കോടി രൂപയിലാണ് കമ്മി അവസാനിച്ചത്. സംസ്ഥാന ധനകാര്യ മാനേജ്മെന്റ് സംവിധാനത്തിന്റെ കഴിവുകേടോ അതോ തോന്ന്യാസമോ?

റബ്ബറടക്കമുള്ള കാർഷിക മേഖലയുടെ തകർച്ച, ചെറുകിട ഉൽപ്പാദനത്തിലും ചെറുകിട വിപണനത്തിലും വന്ന ഇടിവ്, അവശ്യവസ്തുക്കളുടെ വൻവിലവർദ്ധനവ്, ജീവിതച്ചെലവിൽ താങ്ങാനാവാത്ത വർദ്ധനവ്, യഥാർത്ഥ വരുമാനത്തിലുള്ള വൻ ഇടിവ്, ആഗോളമാന്ദ്യം കാരണമുള്ള വിദേശ തൊഴിൽ നഷ്ടങ്ങൾ തുടങ്ങിയ പ്രശ്നങ്ങൾ കേരളത്തെ വേട്ടയാടുമ്പോൾ യഥാർത്ഥ കാരണങ്ങൾ കണ്ടെത്തുകയും അവയുടെ പരിഹാരം കാണുകയുമാണ് ആവശ്യം. ആ ദിശയിൽ നീങ്ങാൻ നമ്മുടെ ഭരണാധികാരികൾക്ക് താൽപ്പര്യമില്ലെന്ന പ്രഖ്യാപനം കൂടിയാണ് ഈ ബജറ്റിലും ആവർത്തിക്കുന്നത്. ■

# അടച്ചുപൂട്ടിയ ബാറുകൾ തുറക്കുന്നതിനെതിരെ ജനങ്ങൾ ജാഗ്രതയോടെ നിലകൊള്ളുക

**നവകേരള മാർച്ചിന്റെ പരിസാമാപ്തിയിൽ മാധ്യമങ്ങളോട് ആശയവിനിമയം നടത്തവെ മദ്യനയത്തെക്കുറിച്ചുള്ള ചർച്ച അനവസരത്തിലുള്ളതാണെന്ന് സിപിഐ(എം) പോളിറ്റ് ബ്യൂറോ അംഗം സഖാവ് പിണറായി വിജയൻ അഭിപ്രായപ്പെടുകയുണ്ടായി. നമ്മുടെ സംസ്ഥാനം തെരഞ്ഞെടുപ്പിന്റെ പടിവാതിൽക്കൽ നിൽക്കുമ്പോൾ മദ്യനയം പോലെ സാമൂഹ്യപ്രാധാന്യമുള്ള ഒരു വിഷയത്തെ സംബന്ധിച്ചുള്ള ചർച്ച അനവസരത്തിലുള്ളതാണെന്ന് പറഞ്ഞുകൊണ്ട് പ്രസ്തുത വിഷയത്തിലുള്ള ചർച്ചയെ ഒഴിവാക്കാൻ സിപിഐ(എം) ആഗ്രഹിക്കുന്നത് എന്തുകൊണ്ടാണ്? സിപിഐ(എം) നയിക്കുന്ന ഇടതു ജനാധിപത്യ മുന്നണിയുടെ മദ്യനയം വെളിവാക്കാൻ നിർബന്ധിതമാക്കുന്ന ഒരു ചർച്ച തങ്ങൾക്ക് തെരഞ്ഞെടുപ്പിൽ ക്ഷീണം സൃഷ്ടിക്കുമെന്ന ഉറച്ച ബോദ്ധ്യമാണ് ഈ അഭിപ്രായപ്രകടനത്തിന്റെ പിറകിലുള്ളത്.**

അതിൽനിന്നുതന്നെ ഇക്കൂട്ടരുടെ മദ്യനയം ജനങ്ങളുടെ വെറുപ്പും പ്രതിഷേധവും വിളിച്ചുവരുത്താനുതകുന്നത്ര ജനവിരുദ്ധമാണെന്ന് വ്യക്തമാവുകയാണ്. മറിച്ച് ജനാനുകൂലമായ ഒരുനയമാണ് തങ്ങൾക്കുള്ളതെങ്കിൽ അത് വ്യാപകമായ ചർച്ചയ്ക്ക് വിഷയമാക്കിക്കൊണ്ട് എല്ലായിടത്തും തങ്ങളുടെ നിലപാടിന്റെ ശരിയും വ്യക്തതയും സ്ഥാപിച്ച് അതിന്റെ അടിസ്ഥാനത്തിൽ വോട്ട് അഭ്യർത്ഥിക്കുകയല്ലേ ജനാധിപത്യ പ്രചാരണത്തിന്റെ തത്വാധിഷ്ഠിതമായ മാർഗ്ഗം. ആ മാർഗ്ഗം അവലംബിക്കാൻ ഭയപ്പെടുന്നതിൽ നിന്നും നാട്ടുകാർക്കിടയിൽ ചർച്ച ചെയ്യാൻ പറ്റില്ലാത്ത വിധം അത് ജനവിരുദ്ധമണെന്ന് അവർക്ക് തന്നെയും ഉറപ്പാണ് എന്ന വസ്തുത തെളിയുകയാണ്.

നവകേരള മാർച്ചിന്റെ സമാപനസമ്മേളനത്തിൽ, തങ്ങളുടെ മദ്യനയം മനസ്സിലാക്കാൻ സിപിഐ(എം)ന്റെ സംസ്ഥാന സെക്രട്ടറിയെ ഒന്ന് ഫോൺ ചെയ്താൽ മതിയായിരുന്നുവെന്ന് കോൺഗ്രസ്സ് ഉപാദ്ധ്യക്ഷൻ രാഹുൽ ഗാന്ധിയെ ഉപദേശിച്ച വി.എസ്.അച്യുതാനന്ദൻ, അടച്ചുപൂട്ടിയ ബാറുകൾ തുറക്കുമോ എന്ന് ചോദ്യത്തിന് മറുപടി പറയാതെ ഗോഷ്ടി കാണിക്കുകയാണ്. ഇടതുമുന്നണി അധികാരത്തിൽ വന്നാൽ ബാറുകൾ തുറക്കാമെന്ന് സിപിഐ(എം) നേതാക്കൾ സമ്മതിച്ചതായി ബാർ മുതലാളിമാരുടെ സംഘടനാ നേതാവ് അവരുടെ യോഗത്തിൽ പറഞ്ഞതിന്റെ ശബ്ദരേഖ പുറത്തുവന്നത് ഇതിനിടയിലാണ്. മദ്യനിരോധനമല്ല, മദ്യവർജ്ജനമാണ് തങ്ങളുടെ നിലപാടെന്ന് സിപിഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ അദ്ദേഹത്തിന്റെ ജനകീയ യാത്രയ്ക്കിടയിൽ പലവട്ടം ആവർത്തിക്കുകയുണ്ടായി. മദ്യനിരോധനമാണ് സിപിഐയുടെ പാർട്ടി കോൺഗ്രസ്സ് രേഖകളിൽ വ്യക്തമാക്കുന്നതെന്നും അതിന് നേർവിരുദ്ധമായാണ് സംസ്ഥാന സെക്രട്ടറി പ്രചരിപ്പിക്കുന്നതെന്നും മദ്യ വിരുദ്ധ ജനകീയ സമരസമിതിയുടെ നേതാവ് പ്രൊഫ.വിൻസന്റ് മാളിയേക്കൽ പ്രമുഖ പത്രത്തിലൂടെ ചൂണ്ടിക്കാട്ടിയിട്ടും പ്രതികരിക്കാൻ ഇതുവരെയും തയ്യാറായിട്ടില്ല. അപ്പോൾ ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത്, മദ്യപ്രവാഹത്തെ സൃഷ്ടിച്ച അവരുടെ മുൻഭരണങ്ങളുടെ നയം തന്നെയായിരിക്കും ഇടതുമുന്നണി തുടരുക എന്നതാണ്.

ഈ ബഹളത്തിനിടയിൽ ചുളുവിൽ വീണുകിട്ടിയിരിക്കുന്ന മാലാഖവേഷത്തിൽ 'കൊടിയ മദ്യവിരുദ്ധരായി' രംഗത്തുള്ളത് യുഡിഎഫ് ഭരണമാണ്. തങ്ങൾ അധികാരത്തിൽ വന്നാൽ ബാറുകൾ അടച്ചുപൂട്ടുമെന്ന് യുഡിഎഫ് ഒരിക്കലും പറഞ്ഞിരുന്നില്ല. അതായത് അവർക്ക് അങ്ങിനെ ഒരു നയം ഉണ്ടായിരുന്നതേയില്ല. നേരിട്ടും ബന്ധുക്കൾ വഴിയും മദ്യവ്യാപാരരംഗവുമായി അടുത്ത ബന്ധമുള്ള കോൺഗ്രസ്സ്, ബാറുകൾ അടച്ചുപൂട്ടാനുള്ള നിർദ്ദേശമടങ്ങുന്ന ഒരു നയം കോടതിയിൽ ഹാജരാക്കിയതിന്റെ കാരണം സാഹചര്യത്തിന്റെ സമ്മർദ്ദം മാത്രമാണ്; ആദർശത്തിന്റേതല്ല. ഇത്രയും കടുത്ത നടപടിയെടുക്കാനുള്ള ആദർശപരമായ നിലപാട് യുഡിഎഫ് ഭരണനേതൃത്വത്തിന് ഇല്ല എന്നത് കേരളത്തിൽ ഒരു കൊച്ചുകുട്ടിയ്ക്കുപോലും അറിയാവുന്ന വസ്തുതയാണ്. നിലവാരമില്ലാത്ത ബാറുകൾ ഒരു നിശ്ചിത തീയതിക്കുള്ളിൽ നിലവാരമാനദണ്ഡങ്ങൾ പാലിച്ചില്ലെങ്കിൽ അടച്ചുപൂട്ടുമെന്ന സർക്കാർ തീരുമാനത്തിനെതിരെ എതിർത്തും അനുകൂലിച്ചും കോടതിയിൽ നടന്ന നിയമയുദ്ധമാണ് ബാറുകൾ അടച്ചുപൂട്ടണമെന്നുള്ള മദ്യനയത്തിലേക്ക് നിർബന്ധപൂർവ്വം യുഡിഎഫിനെ എത്തിച്ചത്. ബാറുകൾ തുറന്നുപ്രവർത്തിക്കാനുള്ള സാഹചര്യം സൃഷ്ടിക്കാൻ കഴിയുമെന്ന യുഡിഎഫ് രാഷ്ട്രീയ നേതൃത്വത്തിന്റെ ഉറച്ച പ്രതീക്ഷയാണ് മദ്യമുതലാളിമാരിൽ നിന്നും കോടികൾ കൈപ്പറ്റാൻ നേതാക്കളെ പ്രേരിപ്പിച്ചത്. തങ്ങൾക്ക് അപ്രകാരമൊരു നയമില്ല എന്നതാണ് ഈ പ്രതീക്ഷയുടെ പിറകിൽ പ്രവർത്തിച്ച പ്രമുഖ കാരണം. എന്നിട്ടും യുഡിഎഫിന് ബാറുകൾ അടച്ചുപൂട്ടേണ്ടിവന്നു. ഈ തീരുമാനത്തിന്, മുകളിൽ സൂചിപ്പിച്ച നിർബ്ബന്ധിത സാഹചര്യത്തിന് പുറമെ മറ്റൊരു സുപ്രധാന കാരണവുമുണ്ടായിരുന്നു. കേരളത്തിൽ മദ്യവിപത്തിനെതിരായി ഉയർന്നുവന്ന ജനകീയപ്രക്ഷോഭം പൊതുവിലും കോടതി ഉത്തരവ് വഴി അടച്ചുപൂട്ടിയ ബാറുകൾ തുറക്കരുതെന്ന് ആവശ്യപ്പെട്ട് കേരളമെമ്പാടും വീശിയടിച്ച ജനവികാരം പ്രത്യേകിച്ചും സർക്കാരിനെ ശക്തമായ സമ്മർദ്ദത്തിലാക്കി. അടച്ചുപൂട്ടിയ നാളുകളിലെ സ്വച്ഛമായ സാമൂഹ്യ അന്തരീക്ഷത്തെ സംബന്ധിച്ച മാധ്യമ റിപ്പോർട്ടുകളും ജനാഭിപ്രായത്തെ വീണ്ടും ശക്തിപ്പെടുത്തി. ഇത്തരമൊരു സാഹചര്യത്തിലാണ് നമ്മുടെ സംസ്ഥാനത്തിന്റെ സാമൂഹ്യഭദ്രതയ്ക്ക് സഹായകരമാകുന്ന ഒരു നയത്തിലേക്ക് യുഡിഎഫ് ഭരണം എത്തുന്നത്.

ഈ ബഹളത്തിനിടയിൽ ചുളുവിൽ വീണുകിട്ടിയിരിക്കുന്ന മാലാഖവേഷത്തിൽ 'കൊടിയ മദ്യവിരുദ്ധരായി' രംഗത്തുള്ളത് യുഡിഎഫ് ഭരണമാണ്. തങ്ങൾ അധികാരത്തിൽ വന്നാൽ ബാറുകൾ അടച്ചുപൂട്ടുമെന്ന് യുഡിഎഫ് ഒരിക്കലും പറഞ്ഞിരുന്നില്ല. അതായത് അവർക്ക് അങ്ങിനെ ഒരു നയം ഉണ്ടായിരുന്നതേയില്ല. നേരിട്ടും ബന്ധുക്കൾ വഴിയും മദ്യവ്യാപാരരംഗവുമായി അടുത്ത ബന്ധമുള്ള കോൺഗ്രസ്സ്, ബാറുകൾ അടച്ചുപൂട്ടാനുള്ള നിർദ്ദേശമടങ്ങുന്ന ഒരു നയം കോടതിയിൽ ഹാജരാക്കിയതിന്റെ കാരണം സാഹചര്യത്തിന്റെ സമ്മർദ്ദം മാത്രമാണ്; ആദർശത്തിന്റേതല്ല. ഇത്രയും കടുത്ത നടപടിയെടുക്കാനുള്ള ആദർശപരമായ നിലപാട് യുഡിഎഫ് ഭരണനേതൃത്വത്തിന് ഇല്ല എന്നത് കേരളത്തിൽ ഒരു കൊച്ചുകുട്ടിയ്ക്കുപോലും അറിയാവുന്ന വസ്തുതയാണ്.

എന്നാൽ ഈ നയം വന്നപ്പേൾ മുതൽ ബാറുകൾ അടച്ചുപൂട്ടപ്പെട്ട സാഹചര്യത്തോട് ഒട്ടും പൊരുത്തപ്പെടാനാവാത്ത സ്ഥിതിയിലായി സിപിഐ(എം) നയിക്കുന്ന എൽഡിഎഫ്. ആദ്യമൊക്കെ സംസ്ഥാനത്തിന്റെ ടൂറിസം വ്യവസായത്തിന് സംഭവിക്കാൻ പോകുന്ന ഗുരുതരമായ പ്രതിസന്ധിയുടെ പേരിലായിരുന്നു മദ്യനയത്തിനെതിരെയുള്ള ആധി. മദ്യം നിരോധിച്ചാൽ വ്യാജമദ്യവിതരണം ശക്തിപ്പെടുമെന്നും മദ്യദുരന്തമുണ്ടാകുമെന്നുമായി പിന്നീട് പ്രചാരണം. അതിനാൽ നിരോധനമല്ല, മദ്യവർജ്ജനമാണ് വേണ്ടതെന്ന് ആവർത്തിച്ചുകൊണ്ടിരുന്നു. ഈ പശ്ചാത്തലത്തിൽ വേണം ജനപക്ഷത്ത് നിന്നുകൊണ്ടുള്ള ഒരു മദ്യനയം എന്തായിരിക്കണമെന്ന് നാം ചർച്ച ചെയ്യേണ്ടത്. ഈ ചർച്ചയാകട്ടെ ആസന്നമാകുന്ന തെരഞ്ഞെടുപ്പിൽ വിധി നിർണ്ണയിക്കുന്നതിന്റെ മാനദണ്ഡങ്ങളിലൊന്നായിരിക്കണം. ഈ ചർച്ച അനവസരത്തിലുള്ളതല്ല, മറിച്ച് അന്ത്യന്താപേക്ഷിതമായ ഒന്നാണ്.

ഒറ്റയടിക്ക്, ഉടനടി സമ്പൂർണ്ണമായ മദ്യനിരോധനം എന്ന നയം കേരളത്തിലെ ഒരു രാഷ്ട്രീയപ്രസ്ഥാനവും ഇതുവരെയും മുന്നോട്ടുവച്ചിട്ടില്ലാത്തതിനാൽ അതിന്റെ ശരിതെറ്റുകളോ പ്രയോഗികതയോ ഗൗരവപ്പെട്ട ഒരു വിഷയമായി ഉയർന്നുവന്നിട്ടില്ല. എന്നാൽ മദ്യനിരോധനം അപ്രായോഗികമാണെന്നും നടപ്പാക്കിയ സ്ഥലങ്ങളിലെല്ലാം അത് പരാജയപ്പെടുകയാണ് ഉണ്ടായതെന്നും വ്യാജമദ്യ ഉൽപ്പാദനത്തിന് അതിടയാക്കുമെന്നുമെല്ലാം സിപിഐ(എം) ശക്തമായി വാദിക്കുകയാണ്. പിന്നെ ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രശ്നവും ഉണ്ടത്രേ! ബാറുകൾ അടച്ചുപൂട്ടിയതിനെയും ഘട്ടം ഘട്ടമായി ബിവറേജ്സ് ഔട്ട്ലെറ്റുകളുടെ എണ്ണം വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചതിനെയുമാണ് ഇക്കൂട്ടർ സൗകര്യപൂർവ്വം മദ്യനിരോധനമെന്നു അവതരിപ്പിക്കുന്നത്. അങ്ങിനെ മദ്യനിരോധനം ശരിയല്ല എന്നു സ്ഥാപിക്കാൻ ശ്രമിക്കുന്നതുവഴി ബാറുകൾ അടച്ചുപൂട്ടിയത് ശരിയല്ല എന്ന് സമർത്ഥിക്കാം. അധികാരത്തിലെത്തിയാൽ ബാറുകൾ തുറക്കാനുള്ള വഴി ഇപ്രകാരം തുറന്നെടുക്കാം. ഇതാണ് സിപിഐ(എം)ഉം സിപിഐയും കണക്കുകൂട്ടുന്നത്. ഇടതുമുന്നണി അധികാരത്തിലെത്തിയാൽ അടച്ചുപൂട്ടിയ ബാറുകൾ തുറക്കുമോ എന്ന ലളിതമായ ചോദ്യത്തിന് ഈ നിമിഷം വരെയും മറുപടി നൽകാതെ, ചോദ്യം ഉയർത്തുന്നവരെ പരിഹസിക്കുക, ബാറുകൾ അടച്ചുപൂട്ടിയിട്ടും മദ്യ ഉപഭോഗം വർദ്ധിച്ചു എന്ന് ദേശാഭിമാനിയിലൂടെ പ്രചരിപ്പിക്കുക, സ്റ്റാർ ഹോട്ടലുകളിൽ മാത്രം മദ്യപിക്കാൻ സൗകര്യം ഉണ്ടാക്കുന്നതുവഴി മദ്യം ലഭിക്കാതെ പോകുന്ന പാവപ്പട്ടവരുടെ അവകാശലംഘനത്തെപ്പറ്റി നെടുവീർപ്പെടുക, മദ്യനിരോധനം തങ്ങളുടെ നയമല്ലെന്ന് ആവർത്തിക്കുക തുടങ്ങിയ അഭ്യാസങ്ങളാണ് ഇക്കൂട്ടർ പയറ്റുന്നത്. ഈ നിലപാടിൽ പതിയിരിക്കുന്ന അപകടം ജനങ്ങൾ തിരിച്ചറിയണം. കേരളത്തിൽ സിപിഐ(എം) നയിക്കുന്ന മുന്നണി, അടച്ചുപൂട്ടിയ ബാറുകൾ തുറക്കുമെന്ന് പറയാതെ പറഞ്ഞുകഴിഞ്ഞു. മദ്യമുതലാളിമാർക്ക് അവർ ഉറപ്പും നൽകിക്കഴിഞ്ഞു. യുഡിഎഫിന് കോടികൾ നൽകിയ ബാറുടമകൾ, ഈ ഉറപ്പിന് എത്രകോടികൾ എൽഡിഎഫിന് നൽകിയിട്ടുണ്ടാകാം എന്നും ചിന്തിക്കാവുന്നതാണ്.

ഫൈവ് സ്റ്റാർ ഹോട്ടലുകളിലെ 24 ബാറുകൾ ഒഴികെ മുഴുവൻ ബാറുകളും അടച്ചുപൂട്ടാനും ഘട്ടം ഘട്ടമായി ബിവറേജ്സ് ഔട്ട്ലെറ്റുകളുടെ എണ്ണം വെട്ടിക്കുറയ്ക്കാനുമുള്ള തീരുമാനം കേരളത്തിലെ ജനങ്ങളുടെ പ്രക്ഷോഭത്തിന്റെ വിജയമാണ്. സുപ്രീംകോടതിയിലെ നിയമയുദ്ധത്തിലും വിജയിച്ചത് ജനങ്ങളുടെ താൽപ്പര്യമാണ്. കഴിഞ്ഞ ഒരു ദശാബ്ദമായി കേരളം ആഴമാർന്ന ഉൽക്കണ്ഠയോടെ ചർച്ച ചെയ്യുന്നത് സംസ്ഥാനത്ത് അതിവേഗം വളരുന്ന മദ്യാസക്തിയെപ്പറ്റിയാണ്. കേരളത്തിന്റെ സാമൂഹ്യരംഗത്ത് മദ്യാസക്തി സൃഷ്ടിച്ചിട്ടുള്ള ഗുരുതരങ്ങളായ പ്രശ്നങ്ങൾ 'മദ്യവർജ്ജനത്തി'ന്റെ ആളുകളും അംഗീകരിച്ചിട്ടുള്ള വസ്തുതയാണ്. വലിയൊരു പങ്ക് സ്ത്രീകളുടെയും ജീവിതത്തിലെ തോരാക്കണ്ണീരിന് കാരണമായിരിക്കുന്നത് കുടുംബത്തിലെ പുരുഷന്മാരുടെ മദ്യാസക്തിയാണ്. 20 വർഷങ്ങൾക്കുമുമ്പ് കേരളത്തിൽ മദ്യപിച്ചുതുടങ്ങുന്ന ശരാശരി പ്രായം 28 ആയിരുന്നെങ്കിൽ ഇന്ന് അത് 14 ആയി താഴ്ന്നിരിക്കുന്നു എന്ന ഞെട്ടിപ്പിക്കുന്ന റിപ്പോർട്ടുകൾ പുറത്തുവരുന്നു. മദ്യഉപഭോഗത്തിന്റെ ശരി-തെറ്റുകൾ തിരിച്ചറിയാൻ പോലും പ്രായമാകാത്ത കുട്ടികൾ മദ്യത്തിലേക്ക് വഴുതി വീഴുന്നത്, ഈ കൊച്ചുസംസ്ഥാനത്തിന്റെ കവലകൾതോറും ബാറുകൾ തുറന്നും മദ്യവിൽപ്പനശാലകൾ പ്രവർത്തിപ്പിച്ചും ഒരു നിയന്ത്രണവുമില്ലാതെ മദ്യം ലഭ്യമാക്കിയിരിക്കുന്നുവെന്നതിനാലാണ്. മദ്യപാനത്തെ മഹത്വവൽക്കരിക്കുന്ന സിനിമകളും മാതൃകയാക്കാവുന്ന ഒരു ശീലമായി മദ്യപാനത്തെ അവതരിപ്പിക്കുന്ന പരസ്യങ്ങളും കുട്ടികളിൽ ചെലുത്തുന്ന സ്വാധീനം വളരെ ആഴത്തിലുള്ളതാണ്. ഇപ്രകാരം മദ്യാസക്തിയിലേക്ക് ഏതൊരുവനെയും വീഴ്ത്താനുള്ള സന്നാഹങ്ങൾ മുഴുവൻ ഒരുക്കിയിട്ട് മദ്യത്തിന്റെ ദോഷവശങ്ങളെ സംബന്ധിച്ച് ബോധവൽക്കരണം നടത്തി മദ്യവർജ്ജനം നടപ്പാക്കണമെന്ന് പറയുന്നത് ശുദ്ധകാപട്യമാണ്. ജനവഞ്ചനയാണ്. മദ്യപാനികൾ ഏതുമാർഗ്ഗത്തിലൂടെയും അത് തേടിപ്പിടിക്കുമെന്നും അതിനാൽ നിരോധനം അപ്രായോഗികമാണെന്നും പറയുമ്പോൾ മദ്യം ഉപയോഗിക്കുന്നവർ മുഴുവൻ മദ്യാസക്തി എന്ന രോഗത്തിന് അടിപ്പെട്ടവരാണെന്ന നിഗമനത്തിലെത്തേണ്ടിവരും. അത് വസ്തുതയേയല്ല. മദ്യപാനികളിൽ 20 ശതമാനം മാത്രമാണ് മദ്യത്തിന്റെ അടിമകളാവുക എന്ന രോഗം പിടിപെട്ടിട്ടുള്ളത്. അവരെ സാമൂഹ്യജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരാൻ സമഗ്രമായ സമീപനം തന്നെ വേണ്ടി വരും. അവരൊഴികെയുള്ള മദ്യപരെ ഈ ശീലത്തിൽ നിന്നും അതിവേഗം മുക്തമാക്കാൻ കഴിയും. അതിനുള്ള ഏറ്റവും പ്രാഥമികമായ നടപടി മദ്യത്തിന്റെ ലഭ്യത കർശനമായും പരിമിതപ്പെടുത്തുക എന്നതാണ്. മദ്യപാനത്തിന്റെ ശീലത്തിലേക്ക് എത്തിപ്പെടുന്ന പുതിയ വിഭാഗമായ കൗമാരപ്രായക്കാർ മദ്യത്തിന്റെ ലഭ്യത കൊണ്ടുമാത്രം അങ്ങിനെയാകുന്നതാണ്. ബോധവൽക്കരണം നടത്താൻ പ്രയത്നിക്കുന്നതിനുപകരം അവർക്ക് മദ്യം നൽകാതിരുന്നാൽ മതി. ബാറുകൾ തുറന്നു പ്രവർത്തിക്കട്ടെ, ഇവർക്കെല്ലാം സമൃദ്ധമായി ബോധവൽക്കരണം നൽകാമെന്നു പറയുന്നത് മദ്യത്തിന്റെ വിപണിയ്ക്ക് ഒരു ക്ഷതവും ഉണ്ടാകരുതെന്ന കുടിലബുദ്ധിയാണ്.

ലഭ്യതയുടെമേൽ കർശനമായ നിയന്ത്രണങ്ങൾ വീഴ്ചകൂടാതെ നടപ്പാക്കിക്കൊണ്ട് മാത്രമേ നമ്മുടെ സംസ്ഥാനത്തെ മദ്യാസക്തിയിൽ നിന്നും രക്ഷിക്കാനാവൂ. ബാറുകൾ അടച്ചുപൂട്ടുന്നത് മദ്യത്തിന്റെ ലഭ്യതയെ നിയന്ത്രിക്കുന്ന ശക്തമായ നടപടി തന്നെയാണ്. ആത് നിരോധനമാണെന്നും ശരിയല്ലെന്നും വാദിക്കുന്നതിന്റെ പിറകിൽ ഈ നിയന്ത്രണം നീക്കണമെന്ന പിടിവാശിയാണ്. ദുഷ്ടതയാർന്ന ലാഭദുര മാത്രമാണ്. സാഹചര്യത്തിന്റെ സമ്മർദ്ദംകൊണ്ട് ബാറുകൾ അടച്ചുപൂട്ടാൻ നിർബന്ധിതമായ യുഡിഎഫിലോ ബോധവൽക്കരണം ബദലായി അവതരിപ്പിച്ചുകൊണ്ട് അടച്ചുപൂട്ടിയ ബാറുകൾ തുറപ്പിക്കാൻ കുതന്ത്രങ്ങൾ മെനയുന്ന എൽഡിഎഫിലോ പ്രതീക്ഷ അർപ്പിക്കുകയല്ല വേണ്ടത്.

കഴിഞ്ഞ മൂന്ന് ദശാബ്ദങ്ങളായി കേരളത്തിൽ മദ്യവിപത്തിന്നെതിരായ ജനങ്ങൾ സ്വന്തം മുൻകൈയിൽ വളർത്തിയെടുത്ത ശക്തമായ ജനകീയ മുന്നേറ്റങ്ങളുടെ ആദ്യവിജയമായിരുന്നു ചാരായനിരോധനം. ഇപ്പോൾ ബാറുകൾ അടച്ചുപൂട്ടിച്ചതും ഇതേ പ്രക്ഷോഭങ്ങൾ തന്നെ. ഈ വിജയം സംരക്ഷിക്കാനും കേരളത്തെ മദ്യവിപത്തിൽ നിന്നും രക്ഷിക്കാനും ഏറ്റവും ശരിയായ മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾ പ്രക്ഷോഭരംഗത്ത് ജാഗ്രതയോടെ നിലയുറപ്പിക്കുകയാണ് വേണ്ടത്. മദ്യവിപത്തിന്നെതിരായ ജനങ്ങളുടെ എണ്ണമറ്റ പ്രക്ഷോഭങ്ങളുടെ സംഘാടകരായി എക്കാലവും തത്വാധിഷ്ഠിതമായി നിലകൊണ്ടിട്ടുള്ള പ്രസ്ഥാനമാണ് എസ്‌യുസിഐ(കമ്യൂണിസ്റ്റ്). മദ്യവിപത്തിന്നെതിരായ ജനകീയ പ്രക്ഷോഭത്തിൽ ഈ പ്രസ്ഥാനം തുടർന്നും അചഞ്ചലം നിലകൊള്ളും. ■

# ദേശസ്നേഹത്തിന്റെ പുകമറ സൃഷ്ടിച്ചുകൊണ്ട് ദേശഭ്രാന്ത് വളർത്താൻ ശ്രമിക്കുന്നു

## ജെഎൻയു സംഭവം...

*(1-ാം പേജിൽ നിന്ന്)*

മായ എബിവിപിക്കാർ വിദ്യാർത്ഥികളുടെ മേൽ ചാടിവീഴുകയും സംഘർഷം ഉടലെടുക്കുകയും ചെയ്തു. ദേശവിരുദ്ധ പ്രവർത്തനങ്ങൾക്ക് തടയിടാനാണെന്ന പേരിൽ, പോലീസ് ക്യാമ്പസ്സിൽ കയറി ഭീകരാന്തരീക്ഷമുണ്ടാക്കി ജെഎൻയു യൂണിയൻ പ്രസിഡന്റും എഐഎസ്എഫ് പ്രവർത്തകനുമായ കനയ്യ കുമാറിനെ അറസ്റ്റ് ചെയ്തു. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ദേശദ്രോഹം ആരോപിക്കുന്ന 124(A) വകുപ്പു ചുമത്തിയാണ് വാറന്റോ ലുക്കൗട്ട് നോട്ടീസോ ഒന്നുമില്ലാതെ അറസ്റ്റ് ചെയ്തത്. ജെഎൻയു സ്റ്റുഡന്റ്സ് യൂണിയനും നിരവധി ഇടതുപക്ഷ വിദ്യാർത്ഥി സംഘടനകളും വിഘടനവാദപരമായ മുദ്രാവാക്യങ്ങൾ മുഴക്കിയതിനെ അപലപിക്കുകയും അത്തരത്തിലുള്ള നീക്കങ്ങളിൽ നിന്ന് ഒഴിഞ്ഞു നിൽക്കുകയും ചെയ്തതിന് ശേഷമാണ് ഇത്രയുമൊക്കെ ചെയ്തത്. ഫാസിസ്റ്റ് സ്വഭാവത്തിലുള്ള, ചുരുങ്ങിയ പക്ഷം ജനാധിപത്യ വിരുദ്ധമായ ഇത്തരം നടപടികൾ രാജ്യത്തെ സത്യസന്ധരായ വിദ്യാർത്ഥി സമൂഹത്തെ പ്രകോപിപ്പിക്കുക തന്നെ ചെയ്തു.

അഭിപ്രായസ്വാതന്ത്ര്യം നിഷേധിക്കുവാനും എതിരഭിപ്രായങ്ങളെ നിശ്ശബ്ദമാക്കാനും എതിർക്കുന്നവരെയെല്ലാം ദേശവിരുദ്ധരായി മുദ്രകുത്താനുമുള്ള ആർഎസ്എസ്-ബിജെപി-എബിവിപി സംഘത്തിന്റെ കുടിലോദ്ദേശമാണ് ഈ സംഭവത്തിൽ വെളിവായത്. ഫെബ്രുവരി 14 ന് ഡൽഹി മെട്രോപൊളിറ്റൻ മജിസ്ട്രേറ്റിനുമുന്നിൽ ഹാജരാക്കാനായി പാട്യാല ഹൗസ് കോടതിയിൽ എത്തിച്ചപ്പോൾ, അഭിഭാഷക വേഷം ധരിച്ചവരും ആർഎസ്എസ്-ബിജെപി സംഘത്തോട് വ്യക്തമായ കൂറുപുലർത്തുന്നവരുമായ അക്രമാസക്തമായ ഒരു ആൾക്കൂട്ടം കനയ്യകുമാറിനെയും അദ്ദേഹത്തെ അനുഗമിച്ച ജെഎൻയു അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ക്രൂരമായി മർദ്ദിച്ചു. ബിജെപി എംഎൽഎയായ ഒ.പി.ശർമ്മയും ഇക്കൂട്ടത്തിലുണ്ടായിരുന്നു. അവർ അവിടെയുണ്ടായിരുന്ന മാദ്ധ്യമപ്രവർത്തകരെയും ആക്രമിച്ചു. ഈ അക്രമം നിർബ്ബാധം നടക്കട്ടെയെന്ന മട്ടിൽ പോലീസ് കാഴ്ചക്കാരായി നിന്നു. ദേശവിരുദ്ധരോട് ഇങ്ങനെതന്നെയാണ് പെരുമാറേണ്ടത് എന്ന മട്ടിൽ ബിജെപി സർക്കാരും എബിവിപിയും ഈ അക്രമങ്ങളെയെല്ലാം ന്യായീകരിച്ചു. രാജ്യത്തിന് അപമാനമുണ്ടാക്കുന്നതൊന്നും വച്ചുപൊറുപ്പിക്കില്ല എന്നാണ് കേന്ദ്ര ആഭ്യന്തരമന്ത്രി രാജ്നാഥ് സിംഗും കേന്ദ്രമാനവ വിഭവശേഷി വികസനമന്ത്രി സ്മൃതി ഇറാനിയും പ്രതികരിച്ചത്. ജെഎൻയു വിദ്യാർത്ഥികൾക്ക് ജമാ അത്ത് ഉദ്ദവ തലവൻ ഹാഫീസ് സയ്യിദിന്റെ പിന്തുണയുണ്ടെന്നുവരെ രാജ്നാഥ്സിംഗ് പറഞ്ഞു. 26/11 ലെ മുംബൈ ഭീകരാക്രമണത്തിന്റെ സൂത്രധാരൻ എന്ന് സംശയിക്കപ്പെടുന്ന ആളാണ് ഹാഫീസ് സയ്യിദ്. എന്നാൽ അത്തരത്തിൽ ഒരു പിന്തുണയും നൽകിയിട്ടില്ലെന്ന് ഹാഫീസ് സയ്യിദ് തന്നെ ഇതിനെ നിഷേധിച്ചിട്ടുമുണ്ട്.

**സുനിശ്ചിതമായ പദ്ധതി ഉദയംകൊള്ളുന്നു**

ഇതാണ് ഈ വിഷയത്തിൽ യഥാർത്ഥത്തിൽ സംഭവിച്ചത്. ദേശീയതയുടെയും ദേശസ്നേഹത്തിന്റെയും മേന്മ മുഴുവൻ സ്വന്തം പേരിലാക്കാനും യുക്തിവാദികളെയും ഇടതുപക്ഷക്കാരെയും കമ്മ്യൂണിസ്റ്റുകളെയുമെല്ലാം ദേശദ്രോഹികളും ഭീകരവാദികളുമാക്കാനും ആർഎസ്എസ്-ബിജെപി-എബിവിപി സംഘം നടത്തുന്ന നീക്കം ഭരണകക്ഷിയുടെ ഹീനമായൊരു രാഷ്ട്രീയ അജണ്ട വെളിവാക്കുന്നുണ്ട്. രോഹിതിന്റെ ആത്മഹത്യയെക്കുറിച്ചുള്ള വസ്തുതകൾ വളച്ചൊടിക്കാനും പാർലമെന്റിൽ തെറ്റായ പ്രസ്താവന നടത്താനും കേന്ദ്രമാനവശേഷി മന്ത്രി ശ്രമിച്ചത് വേദനയോടെയാണ് രോഹിതിന്റെ അമ്മ ചോദ്യം ചെയ്തത്. കനയ്യകുമാർ പ്രതിഷേധാർഹമായ എന്തെങ്കിലും മുദ്രാവാക്യം മുഴക്കിയതിന് തെളിവ് ഹാജരാക്കാൻ ഡൽഹി പോലീസിന് കഴിഞ്ഞിട്ടുമില്ല. എന്നുമാത്രമല്ല, അദ്ദേഹം മുദ്രാവാക്യം വിളിച്ചിട്ടില്ലായെന്ന് സംഭവസ്ഥലത്തുണ്ടായിരുന്ന ഒരു സെക്യൂരിറ്റി ഗാർഡും ഒരു പോലീസുകാരനും സാക്ഷ്യപ്പെടുത്തുന്നുമുണ്ട്. അപ്പോൾപ്പിന്നെ മുദ്രാവാക്യം വിളിച്ചത് ദുരുദ്ദേശത്തോടെ ചിലർ ചെയ്തതാണോ, മനഃപൂർവ്വം കുഴപ്പമുണ്ടാക്കി മുതലെടുപ്പ് നടത്താൻ സ്ഥാപിത താൽപ്പര്യക്കാർ പുറമെനിന്ന് നിയോഗിച്ചവരാണോ എന്ന് ഇനിയും വ്യക്തമാകാനുണ്ട്.

ലഭ്യമായ വിവരങ്ങളും സംഭവഗതികളും വച്ചുനോക്കുമ്പോൾ വ്യക്തമാകുന്നത് ജെഎൻയു സംഭവം യാദൃശ്ചികമായുണ്ടായതല്ല, വളരെനേരത്തെ ആസൂത്രണം ചെയ്യപ്പെട്ടതാണ് എന്നാണ്. കനയ്യകുമാർ വിദ്വേഷം ജനിപ്പിക്കുന്ന മുദ്രാവാക്യങ്ങൾ മുഴക്കുന്നതായി സോഷ്യൽമീഡിയയിലും ചില പ്രമുഖ ടിവി ചാനലുകളിലും വന്ന വീഡിയോകൾ അദ്ദേഹത്തെ കള്ളക്കേസ്സിൽ കുടുക്കാൻ കൃത്രിമമായി ഉണ്ടാക്കിയതാണ് എന്ന് ഇപ്പോൾ വ്യക്തമായിട്ടുണ്ട്. ഇതിൽ പ്രതിഷേധിച്ചുകൊണ്ടും മോദി അധികാരമേറ്റതോടെ രാജ്യത്തെ എല്ലാ ന്യൂസ് റൂമുകളും വർഗ്ഗീയവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന് ആരോപിച്ചുകൊണ്ടും സീ ടിവിയിലെ യുവ മാദ്ധ്യമപ്രവർത്തകൻ വിശ്വദീപക് ജോലി രാജിവച്ചു. വികാരം ജ്വലിപ്പിക്കാനായി ആവർത്തിച്ച് കാണിച്ചിരുന്ന ദൃശ്യങ്ങളിൽ 'പാകിസ്ഥാൻ സിന്ദാബാദ്' എന്ന മുദ്രാവാക്യം



**ഫെബ്രുവരി 25 ന് ജെഎൻയു വിഷയത്തിൽ സിപിഐ,സിപിഐ(എം), എസ്‌യുസിഐ(സി), സിപിഐ(എംഎൽ-ലിബറേഷൻ), സിപിഐ(എംഎൽ-ന്യൂഡെമോക്രസി), എംസിപിഐ, ആർഎസ്പി, ഫോർവേഡ്ബ്ലോക്ക്, എംഎൽ കമ്മിറ്റി എന്നീ ഇടതുപക്ഷ പാർട്ടികളുടെ ആഭിമുഖ്യത്തിൽ ഹൈദരബാദിൽ നടന്ന മഹാധർണ്ണയെ എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് സിഎച്ച് മുരഹരി അഭിസംബോധന ചെയ്യുന്നു.**

ഇല്ലായിരുന്നുവെന്നും മുൻവിധികൊണ്ട് അന്ധരായവർ 'ഭാരതീയ കോർട്ട് സിന്ദാബാദ്' എന്ന് വിളിക്കുന്നത് 'പാകിസ്ഥാൻ സിന്ദാബാദ്' ആക്കിമാറ്റിയതാണെന്നും അദ്ദേഹം വെളിപ്പെടുത്തുന്നു. രോഹിത് വെമുലയെ ആത്മഹത്യയിലേയ്ക്ക് തള്ളിവിടുന്നതിൽ കേന്ദ്രമന്ത്രി ബന്ദാരു ദത്താത്രേയയും എബിവിപി നേതാക്കളും വഹിച്ചപങ്ക് കുറച്ചുകാണിക്കാനും ആരോപണങ്ങളിൽനിന്ന് അവരെ സംരക്ഷിക്കുംവിധം കാര്യങ്ങൾ അവതരിപ്പിക്കാനും ഒരു മാദ്ധ്യമസ്ഥാപനം എന്ന നിലയിൽ തങ്ങൾക്ക് നിർദ്ദേശം ലഭിച്ചിരുന്നതായും അദ്ദേഹം തന്റെ തുറന്ന രാജികത്തിൽ പറയുന്നുണ്ട്. ഉമർ ഖാലിദിന്റെ സഹോദരിയായ മറ്റൊരു ജെഎൻയു വിദ്യാർത്ഥിനിയെ ദേശദ്രോഹിയെന്ന് മുദ്രകുത്തി ബലാൽസംഗം ചെയ്യുമെന്നും ആസിഡ് ആക്രമണം നടത്തുമെന്നും ആർഎസ്എസ്-ബിജെപിക്കാർ ഭീഷണിപ്പെടുത്തുന്നുണ്ടെന്നും അദ്ദേഹം തുടർന്ന് വ്യക്തമാക്കുന്നു. "ജെഎൻയു ആണോ ക്രിമിനലുകളുടെ താവളം അതോ കോടതിമുറ്റത്ത് അതിക്രമം കാണിക്കുകയും ഇടതുപക്ഷ പ്രവർത്തകരെ മർദ്ദിക്കുകയും ചെയ്ത ബിജെപി എംഎൽഎ ആണോ യഥാർത്ഥ ക്രിമിനൽ" എന്നും അദ്ദേഹം ചോദിക്കുന്നു. ഇതുമാത്രമല്ല, സംഭവദിവസം ജെഎൻയു ക്യാമ്പസ്സിൽ കനയ്യ നടത്തിയ പ്രസംഗത്തിന്റെ പൂർണ്ണരൂപം ഇപ്പോൾ മുഖ്യധാരാ മാദ്ധ്യമങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ദേശദ്രോഹക്കുറ്റം ചുമത്താൻപോന്ന ഒന്നും തന്നെ ഈ പ്രസംഗത്തിലില്ല. ഇപ്പോൾ ഉപയോഗത്തിലില്ലാത്തതും പരിശോധിക്കപ്പെടാത്തതുമായ ഒരു ട്വിറ്റർ അക്കൗണ്ടിൽ വന്ന ഒരു "വ്യാജ ടിറ്റി"ന്റെ അടിസ്ഥാനത്തിലാണ് രാജ്നാഥ് സിംഗ് ജെഎൻയു വിദ്യാർത്ഥികളെ ഭീകരസംഘടനയായ ജമാഅത്ത് ഉദ്ദവയുമായി ബന്ധിപ്പിച്ചതെന്ന കാര്യവും ഇപ്പോൾ പുറത്തായിട്ടുണ്ട്. ജെഎൻയു വിദ്യാർത്ഥികൾക്കെതിരെ കള്ളക്കേസ് ചമയ്ക്കാൻ രാജ്നാഥ് സംഗ് കാണിക്കുന്ന വ്യഗ്രതയിലും അദ്ദേഹത്തിന്റെ കീഴിലുള്ള ഡൽഹിപോലീസ്, കോടതി പരിസരത്ത് വിദ്യാർത്ഥികളെ തല്ലിച്ചതച്ച ബിജെപി എംഎൽഎയെയും "ദേശഭക്ത'രായ വക്കീലന്മാരെയും അറസ്റ്റുചെയ്യാൻ കൂട്ടാക്കാത്തതിലും പ്രകോപിതനായ മുതിർന്ന മാദ്ധ്യമപ്രവർത്തകൻ പറഞ്ഞത്, അടിയന്തരാവസ്ഥ പ്രഖ്യാപനത്തിന് ന്യായീകരണമായി 'വിദേശകരങ്ങൾ' കണ്ടെത്തിയ ഇന്ദിരാഗാന്ധിയുടെ ചെയ്തികളെ ഇത് ഓർമ്മിപ്പിക്കുന്നു എന്നാണ്. ഭരണകക്ഷിയായ ബിജെപിക്ക് ഒത്താശ ചെയ്യുന്നുവെന്ന് വലിയ വിമർശനം ഏൽക്കേണ്ടിവന്ന ഡൽഹിപോലീസ് കമ്മീഷണർ ബസ്സി, കനയ്യകുമാറിനെയും മറ്റും കള്ളക്കേസിൽ കുടുക്കാൻ കഴിയാതെവന്നപ്പോൾ പറയുന്നത്, ആരോപണവിധേയരാണ് തെളിവുസഹിതം നിരപരാധിത്വം തെളിയിക്കാൻ ബാദ്ധ്യസ്ഥരായിട്ടുള്ളത് എന്നാണ്. ഇത് അങ്ങേയറ്റം അപഹാസ്യം തന്നെ! നിയമപ്രകാരം, കുറ്റവാളിയാണെന്ന് തെളിയിക്കാനുള്ള ബാധ്യത പ്രോസിക്യൂട്ടറുടേതാണ്. നിരപരാധിത്വം തെളിയിക്കാനുള്ള ബാദ്ധ്യത പ്രതിയുടെ മേൽ ചാർത്തുന്നത്, സ്വത്തിനും ജീവനും സംരക്ഷണമുറപ്പാക്കുന്ന ഭരണഘടനയുടെ 21-ാം വകുപ്പ് ഉറപ്പുതരുന്ന മൗലികാവകാശങ്ങളുടെ ലംഘനമാണ്. ഡൽഹിപോലീസ് മനഃപൂർവ്വം കാണിക്കുന്ന നഗ്നമായ നിർവ്വികാരത, ഇന്ത്യയിലെ പോലീസ്, അധികാരത്തിലിരിക്കുന്നവർക്ക് പരസ്യമായി വിടുപണി ചെയ്യുന്നതിന്റെ മറ്റൊരു ദൃഷ്ടാന്തമാണ്. പ്രാഥമിക ഉത്തരവാദിത്വങ്ങൾ പോലും അട്ടിമറിക്കുന്നു, ചുരുങ്ങിയ പക്ഷം ഗുരുതരമായ കൃത്യവിലോപം കാണിക്കുന്നു എന്നാണിതിന്റെ അർത്ഥം.

**ബുദ്ധിജീവികളുടെ പ്രശംസനീയമായ പങ്ക്**

ദാദ്രികൊല, യുക്തിവാദികളെ വകവരുത്തിയത്, വർദ്ധിച്ചുവരുന്ന അസഹിഷ്ണുത, അക്കാദമിക സ്വയംഭരണാവകാശം അട്ടിമറിക്കൽ, അധികാരത്തിലിരിക്കുന്നവർപോലും നടത്തുന്ന വർഗ്ഗീയ-മതമൗലികവാദ മതാക്രോശങ്ങൾ, രോഹിതിന്റെ ആത്മഹത്യാദുരന്തം തുടങ്ങി ജനാധിപത്യത്തിനും മാനവികതയ്ക്കും നേരെ നടക്കുന്ന ഒരോ ആക്രമണത്തിലും ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ബുദ്ധിജീവികൾ മനഃസാക്ഷി ഉണർത്തുംവിധം സധൈര്യം മുന്നോട്ടുവരികയും അക്കാദമി അവാർഡുകൾ തിരിച്ചേൽപ്പിക്കുകയും മറ്റും ചെയ്തിരുന്നു. ജെഎൻയു സംഭവത്തിലും അവർ നിശ്ശബ്ദരായിരുന്നില്ല. അദ്ധ്യാപകർ, വിദ്യാഭ്യാസവിചക്ഷണർ, ബുദ്ധിജീവികൾ, ശാസ്ത്രജ്ഞർ, വക്കീലന്മാർ, മാദ്ധ്യമപ്രവർത്തകർ, കലാകാരന്മാർ, സിനിമ-നാടക വ്യക്തിത്വങ്ങൾ, വിദ്യാർത്ഥി സംഘടനകൾ തുടങ്ങിയവരൊക്കെ പ്രതിഷേധവുമായി മുന്നോട്ടുവന്നു. ബിജെപി ഗവൺമെന്റിന്റെയും കേന്ദ്രമന്ത്രിമാരുടെയും പോലീസിന്റെയും നടപടിയെ അവർ ശക്തമായി അപലപിച്ചു. കനയ്യയെയും കൂട്ടരെയും ഉടനടി മോചിപ്പിക്കണമെന്നും എല്ലാ കള്ളക്കേസുകളും പിൻവലിക്കണമെന്നും യഥാർത്ഥ കുറ്റവാളികളെ കണ്ടെത്താനായി തീർത്തും നിഷ്പക്ഷമായ ഒരു അന്വേഷണം നടത്തണമെന്നും അവർ ആവശ്യപ്പെട്ടു. ഇത് അങ്ങേയറ്റം അഭിനന്ദനാർഹമാണ്. യുക്തിചിന്തയുടെ മുനയൊടിക്കാനും ധാർമ്മിക നട്ടെല്ല് തകർക്കാനും എല്ലാ ശ്രമവും നടത്തിയിട്ടും മനുഷ്യനന്മയും മനുഷ്യത്വവും കുഴിച്ചുമൂടാൻ ഭരണവർഗ്ഗത്തിനും അവരുടെ പിണിയാളുകൾക്കും ഇനിയും കഴിഞ്ഞിട്ടില്ലെന്ന വസ്തുതയാണ് ഇത് വ്യക്തമാക്കുന്നത്. രാജ്യത്തിന്റെ മനഃസാക്ഷി ഇനിയും മരിച്ചിട്ടില്ല. ഇതൊരു രജതരേഖയാണ്. നോംചോംസ്കിയടക്കം അന്താരാഷ്ട്ര പ്രശസ്തിയുള്ള നിരവധി ബുദ്ധിജീവികൾ ഈ "ഏകാധിപത്യസ്വഭാവത്തിലുള്ള വിപത്തി"നെ അപലപിച്ചുകൊണ്ട്, "ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി ക്യാമ്പസ്സിൽ കടക്കാനും നിയമവിരുദ്ധമായി കനയ്യകുമാർ എന്ന വിദ്യാർത്ഥി നേതാവിനെ യാതൊരു തെളിവുമില്ലാതെ, അക്രമത്തിനുപ്രേരിപ്പിച്ചുവെന്ന കുറ്റംചുമത്തി അറസ്റ്റുചെയ്യാനും നിർലജ്ജം പോലീസിന് അനുമതി കൊടുത്തതായി ഞങ്ങൾ മനസ്സിലാക്കുന്നു". എന്ന് പ്രസ്താവനയിൽ പറയുന്നുണ്ട്. കനയ്യകുമാറിനെ അറസ്റ്റുചെയ്തതിനെ ചോദ്യം ചെയ്യുന്ന പ്രസ്താവനയിൽ മോദി ഗവൺമെന്റിന്റെ നയങ്ങളെയും വിമർശിക്കുന്നുണ്ട്.

**വിയോജിപ്പുകളെ അടിച്ചമർത്തൽ–**
**ജനാധിപത്യത്തിനെതിരായ പടപ്പുറപ്പാട്**

വാദത്തിനുവേണ്ടി പറയട്ടെ, ഒരാൾ 'ദേശവിരുദ്ധ' മുദ്രാവാക്യങ്ങൾ മുഴക്കിയാൽ തന്നെ, 124(A) പോലൊരു വകുപ്പ് ചുമത്തേണ്ടതുണ്ടോ എന്ന ചോദ്യം ഉയരുന്നുണ്ട്. ഇന്ത്യൻ ശിക്ഷാനിയമത്തിലെ ഈ വകുപ്പ്, കൊളോണിയൽ ഭരണത്തിന്റെ അറപ്പുളവാക്കുന്ന ഒരു അവശിഷ്ടമാണ്. ഇത് വിയോജിക്കാനുള്ള അവകാശം നിഷേധിക്കുന്നതും അതുകൊണ്ടുതന്നെ, ന്യായയുക്തമായ, ഉദാര ജനാധിപത്യ ഭരണകൂടത്തിന് നിരക്കാത്തതുമാണ്. അഭിപ്രായസ്വാതന്ത്ര്യം എന്ന അടിസ്ഥാനതത്വത്തിന് അടിത്തറപാകിക്കൊണ്ട് അത് എങ്ങനെയാണ് പ്രവർത്തിക്കേണ്ടതെന്ന്, ബൂർഷ്വാപാർലമെന്ററി ജനാധിപത്യത്തിന്റെ ഉപജ്ഞാതാക്കളിലൊരാളായ ജോൺ സ്റ്റുവർട്ട് മിൽ, തന്റെ വിഖ്യാത തത്വചിന്താഗ്രന്ഥമായ On Liberty യിൽ വ്യക്തമാക്കുന്നതിങ്ങനെ: " ഈ അദ്ധ്യായത്തിൽ അവതരിപ്പിക്കുന്ന വാദഗതികൾക്ക് എന്തെങ്കിലും സാധ്യതയുണ്ടാകണമെങ്കിൽ, അങ്ങേയറ്റം സദാചാരവിരുദ്ധമെന്ന് കരുതപ്പെടുന്ന അനുശാസനങ്ങൾപോലും നൈതിക ബോദ്ധ്യത്തോടെ അവതരിപ്പിക്കാനും ചർച്ച ചെയ്യാനുമുള്ള പൂർണ്ണ സ്വാതന്ത്ര്യമുണ്ടായിരിക്കണം. ഒരാളൊഴികെ മാനവരാശിയാകെ ഒരഭിപ്രായവും ഒരാൾ മാത്രം എതിരഭിപ്രായവും വച്ചുപുലർത്തിയാൽ, അയാൾക്ക് അധികാരമുണ്ടായിരുന്നെങ്കിൽ അയാൾ മാനവരാശിയെയാകെ നിശ്ശബ്ദമാക്കുന്നത് എത്രത്തോളം നീതികരിക്കാനാകാത്തതാണോ, അത്രത്തോളംതന്നെ നീതികരിക്കാനാകാത്തതാണ് മാനവരാശി അയാളെ നിശ്ശബ്ദനാക്കുന്നതും". ജനാധിപത്യത്തിന്റെ ഈ അടിസ്ഥാനതത്വം മാനിക്കാൻ ഇപ്പോഴത്തെ ഭരണാധികാരികൾ ഒരു താൽപ്പര്യവും കാണിക്കുന്നില്ല. "ജെഎൻയുവിലെ വർത്തമാനകാല സംഭവവികാസങ്ങളിലുള്ള അഭിപ്രായവ്യത്യാസം"മൂലം മൂന്ന് പ്രവർത്തകർ എബിവിപിയുടെ ജെഎൻയു യൂണിറ്റിൽ നിന്ന് രാജിവച്ചത്, കേന്ദ്രഗവൺമെന്റിന്റെ പച്ചയായ ജനാധിപത്യവിരുദ്ധതയ്ക്ക് വ്യക്തമായ ഉദാഹരണമാണ്. "വിദ്യാർത്ഥികൾക്കുമേൽ അക്രമം അഴിച്ചുവിട്ട ഒരു ഗവൺമെന്റിന്റെ വക്താക്കളാകാൻ" ഞങ്ങൾക്കാവില്ല എന്നാണ് കേന്ദ്ര സർക്കാർ നടപടിയെ രൂക്ഷമായി വിമർശിച്ചുകൊണ്ട് അവർ രേഖപ്പെടുത്തിയത്.

→

# സർക്കാരിനെതിരെയുള്ള ഏതു സമരവും ദേശദ്രോഹമായി ചിത്രീകരിക്കപ്പെടാം




എഐഡിഎസ്ഒ കോഴിക്കോട് സംഘടിപ്പിച്ച 'സേവ് ജെഎൻയു, സേവ് ഡെമോക്രസി' കൂട്ടായ്മയിൽ ജില്ലാപ്രസിഡന്റ് പി.കെ.പ്രഭാഷ് പ്രസംഗിക്കുന്നു

### ദേശഭ്രാന്തിന്റെ മുറവിളി

ദേശവിരുദ്ധവും വിഘടനവാദപരവുമായ മുദ്രാവാക്യങ്ങളെയോ കാഴ്ചപ്പാടുകളെയോ സുബോധമുള്ള ആർക്കും പിന്തുണയ്ക്കാനാവില്ലെന്ന കാര്യം പറയേണ്ടതില്ലല്ലോ. രാജ്യത്തെ ശിഥിലമാക്കാനുള്ള ഏതു ശ്രമവും അപലപനീയമാണ്. എന്തുകൊണ്ടെന്നാൽ, അത് അടിച്ചമർത്തപ്പെടുന്നവരുടെ ഐക്യവും ദൃഢതയും തകർക്കുകയും മുതലാളിത്ത വ്യവസ്ഥയ്ക്കെതിരെയുള്ള ജനങ്ങളുടെ ബോധപൂർവ്വമായ മുന്നേറ്റങ്ങളെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു. ഈ മണ്ണിലെ യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി എന്ന നിലയിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) എല്ലാത്തരം വിഭാഗീയ, വിഘടനവാദ പ്രവണതകളെയും ശക്തിയായി എതിർക്കുന്നു. അതേസമയംതന്നെ, കപട ദേശീയവാദത്തിന്റെയടിസ്ഥാനത്തിൽ ദേശഭ്രാന്ത് വളർത്തിയെടുക്കാനുള്ള അധികാരകേന്ദ്രങ്ങളുടെ ശ്രമങ്ങളെ അതേപോലെതന്നെ എതിർക്കുകയും ചെയ്യുന്നു. ജനങ്ങളുടെ ദേശസ്നേഹത്തെ വഞ്ചനാപരമായി ചൂഷണംചെയ്തും അവരുടെ മനസ്സിനെ വികൃതമാക്കിയും യഥാർത്ഥ പ്രശ്നങ്ങളിൽനിന്ന് അവരുടെ ശ്രദ്ധതിരിച്ചുവിട്ടും പിന്തിരിപ്പൻശക്തികളുടെ പിന്നിൽ അവരെ അന്ധമായി അണിനിരത്തിയുമാണ് ഇത് സാധിച്ചെടുക്കുന്നത്.

തങ്ങൾ ദേശീയതയുടെയും ദേശസ്നേഹത്തിന്റെയും യഥാർത്ഥ വക്താക്കളായതുകൊണ്ട് ദേശദ്രോഹികളായ ജിഹാദികളിൽനിന്ന് തങ്ങൾ വെല്ലുവിളി നേരിടേണ്ടിവരുന്നു എന്നാണ് ബിജെപി നേതാക്കൾ അവകാശപ്പെടുന്നത്. എന്നാൽ, ചരിത്രത്താളുകൾ മറിച്ചുനോക്കിയാൽ, ആർഎസ്എസ്-ബിജെപി ശക്തികൾ ഒരിക്കലും ഇന്ത്യൻ ദേശീയതയ്ക്കുവേണ്ടി നിലകൊണ്ടിരുന്നില്ല എന്നാണ് കാണാൻ കഴിയുക. യഥാർത്ഥത്തിൽ അവർ ഇന്ത്യൻ ജനതയുടെ മഹത്തായ സ്വാതന്ത്ര്യസമരത്തെ എതിർക്കുകയും അവരെ അടിച്ചമർത്തുന്ന ബ്രിട്ടീഷ്സാമ്രാജ്യത്വശക്തികളോട് സമാന മനസ്ക്കത പുലർത്തുകയും ചെയ്തു എന്നത് ഒരു വസ്തുതയാണ്

ആയിരക്കണക്കിന് യുവാക്കളും രാജ്യസ്നേഹികളായ വ്യക്തികളും മറ്റും അറസ്റ്റുവരിച്ചും ജീവൻകൊടുത്തും കഴുമരത്തിലേറിയും സ്വാതന്ത്ര്യത്തിനായി പൊരുതിക്കൊണ്ടിരിക്കുമ്പോൾ വി.ഡി.സവർക്കർ ബ്രിട്ടീഷുകാർക്ക് മാപ്പെഴുതിക്കൊടുത്ത് ജയിലിൽനിന്ന് പുറത്തുവന്നു. ഹിന്ദുമഹാസഭയുടെ നേതാവും 'ഹിന്ദുരാഷ്ട്ര'വാദത്തിന്റെ പ്രചാരകനും ആർഎസ്എസിന്റെ സ്ഥാപക നേതാക്കളിലൊരാളുമായ സവർക്കർ അന്നത്തെ വൈസ്രോയിയായിരുന്ന ലിൻലിത്ഗോയുടെ മുമ്പാകെ 1939-ലാണ് കരാർ ഒപ്പിട്ടുനൽകിയത്. ബ്രിട്ടീഷ് ഭരണാധികാരികളുമായി സഹകരിച്ച് പ്രവർത്തിച്ചുകൊള്ളാമെന്നായിരുന്നു കരാർ. ലിൻലിത്ഗോ ഇതിനോട് ഊഷ്മളമായി പ്രതികരിച്ചുകൊണ്ട് ഇങ്ങനെയെഴുതി:"നമ്മുടെ താൽപ്പര്യം ഇപ്പോൾ ഒന്നായിരിക്കുന്നു. നമ്മൾ യോജിച്ച് പ്രവർത്തിക്കണം. ഇപ്പോൾ വളരെ മര്യാദക്കാരനായിട്ടുണ്ടെങ്കിലും ഒരിക്കൽ ഒരു വിപ്ലവപ്രസ്ഥാനവുമായി ബന്ധമുണ്ടായിരുന്ന ആളാണിത്.... എന്നാൽ ഇന്ന് നമുക്ക് ഒരേ താൽപ്പര്യമാണുള്ളത്. ഹിന്ദുത്വവാദികളും ഗ്രേറ്റ് ബ്രിട്ടണും ഇനി സുഹൃത്തുക്കളായിരിക്കും. പഴയ ശത്രുതയൊന്നും ഇനി ആവശ്യമില്ല"(എ.ജി.നൂറാനിയുടെ ലേഖനം, ഹിന്ദുസ്ഥാൻ ടൈംസ്, മാർച്ച് 3, 2003). അവരുടെ ആശയവും നിലപാടും ഒന്നുകൂടി വ്യക്തമാക്കിക്കൊണ്ട് ആർഎസ്എസിന്റെ മറ്റൊരു താത്വികൻ എം.എസ്.ഗോൾവാക്കർ എഴുതുന്നു: "നമ്മുടെ രാഷ്ട്ര സങ്കൽപ്പത്തിന്റെ അടിത്തറയായത് പ്രാദേശികമായ ദേശീയവാദം, പൊതുവായ വിപത്ത് എന്നീ ആശയങ്ങളാണ്. നമ്മുടെ യഥാർത്ഥ ഹിന്ദുദേശീയവാദത്തിന്റെ ക്രിയാത്മകവും പ്രചോദനാത്മകവുമായ ഉള്ളടക്കം ഇതുവഴി നമുക്ക് നിഷേധിക്കപ്പെട്ടിരിക്കുന്നു. ഇതുമൂലം പല 'സ്വാതന്ത്ര്യസമരങ്ങളും' ഫലത്തിൽ ബ്രിട്ടീഷ് വിരുദ്ധ സമരങ്ങളായിത്തീർന്നിരിക്കുന്നു. ബ്രിട്ടീഷ് വിരുദ്ധതയെ ദേശസ്നേഹമായും ദേശീയവാദമായും തുലനം ചെയ്തിരിക്കുകയാണ്. പ്രതിലോമകരമായ ഈ കാഴ്ചപ്പാട്, സ്വാതന്ത്ര്യസമരത്തിന്മേലും അതിന്റെ നേതാക്കളുടെമേലും സാധാരണജനങ്ങളുടെമേലും വിനാശകരമായ ഫലം ഉളവാക്കിയിരിക്കുകയാണ്" (We and our nationhood defined). ദേശീയസ്വാതന്ത്ര്യ സമരത്തെ ഹിന്ദുമഹാസഭയും ആർഎസ്എസും വഞ്ചിച്ചതിനും മുസ്ലീംവിരോധവും മുൻവിധികളും അവരുടെ രാഷ്ട്രീയത്തിന്റെ അടിത്തറയാക്കിയതിനും ഇനിയും പല ഉദാഹരണങ്ങളും ചൂണ്ടിക്കാണിക്കാൻ കഴിയും. അതേ ഹിന്ദുത്വവാദം പിന്തുടരുന്ന അവരുടെ പിൻമുറക്കാർക്ക് സ്വയംദേശീയതയുടെ സംരക്ഷകരായി അവകാശപ്പെടാനും രംഗം കയ്യടക്കി ജനങ്ങളെ രാജ്യസ്നേഹം പഠിപ്പിക്കാനും എന്തവകാശമാണുള്ളത്?

ആരാണ് ദേശവിരുദ്ധ മുദ്രാവാക്യങ്ങൾ വിളിച്ചത്? കുഴപ്പമുണ്ടാക്കാനായി പുറത്തുനിന്നാരെങ്കിലും ക്യാമ്പസ്സിൽ കടന്നോ? എന്നീ ക്കാര്യങ്ങളെക്കുറിച്ചൊന്നും നിഷ്പക്ഷമായ ഒരന്വേഷണം നടത്താതെ, എല്ലാ ജനാധിപത്യ കീഴ്‌വഴക്കങ്ങളും കാറ്റിൽപ്പറത്തി, ആർഎസ്എസ്-ബിജെപി-എബിവിപി സംഘം, 'ജെഎൻയു വിദ്യാർത്ഥികൾ ദേശദ്രോഹികൾ', 'ജെഎൻയു അടച്ചുപൂട്ടുക', 'നികുതി ദായകരുടെ പണമുപയോഗിച്ച് ദേശദ്രോഹപ്രവർത്തനം നടത്തുന്നു' എന്നൊക്കെ വിളിച്ചുകൂവുകയാണ്. യൂണിവേഴ്സിറ്റികൾ പ്രവർത്തിക്കുന്നത് നികുതിദായകരുടെ പണം കൊണ്ടാണ്, അതുകൊണ്ട് വിദ്യാർത്ഥികൾ പഠിച്ചാൽ മാത്രം മതി, സാമൂഹ്യ-രാഷ്ട്രീയവിഷയങ്ങളിലൊന്നും അവർ ഇടപെടണ്ട തുടങ്ങിയ വാദഗതികൾ നിരാകരിച്ചുകൊണ്ട് ഞങ്ങൾ, ആർഎസ്എസ്-ബിജെപിക്കാർ പിന്തുടരുന്നു എന്ന് നടിക്കുന്ന, വിവേകാനന്ദന്റെ വാക്കുകൾ ഉദ്ധരിക്കുകയാണ്. "അദ്ധ്വാനിച്ചു ജീവിക്കുന്ന, കഷ്ടപ്പെടുന്ന ജനലക്ഷങ്ങളുടെ ചങ്കിലെ ചോരയൊഴുക്കിയതിന്റെ ഫലമായി വിദ്യാഭ്യാസം നേടി, ആർഭാടമായി ജീവിക്കുകയും അവരെക്കുറിച്ചൊന്ന് ചിന്തിക്കുക പോലും ചെയ്യാതിരിക്കുകയും ചെയ്യുന്നവരെ ഞാൻ രാജ്യദ്രോഹിയെന്ന് വിളിക്കും", എന്നാണ് വിവേകാനന്ദൻ പറഞ്ഞത്. അങ്ങനെ ഒരു രാജ്യദ്രോഹിയും രാജ്യസ്നേഹിയും തമ്മിലുള്ള വ്യത്യാസം വിവേകാനന്ദൻ സ്പഷ്ടമാക്കിത്തന്നു. അടുത്തിടെയായി രഹസ്യഫയലുകൾ പുറത്തുവിട്ട് നേതാജി സുഭാഷ് ചന്ദ്രബോസിന്റെ കാര്യത്തിൽ ബിജെപി വലിയ താൽപ്പര്യം കാണിക്കുന്നുണ്ടല്ലോ. ഈ നേതാജി ചോദിച്ചത്, " നിലവിലുള്ള സ്ഥിതിഗതികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനെയാണ് നിങ്ങൾ രാഷ്ട്രീയം എന്നു വിളിക്കുന്നതെങ്കിൽ, മാതൃരാജ്യത്തിന്റെ സ്ഥിതി മെച്ചപ്പെടുത്താനുള്ള ശ്രമങ്ങളെയാണ് രാഷ്ട്രീയമെന്ന് മുദ്രകുത്തുന്നതെങ്കിൽ, വിദ്യാർത്ഥികളായാലും അദ്ധ്യാപകരായാലും രാഷ്ട്രീയത്തിൽ ചേരുക എന്നതല്ലാതെ മറ്റെന്തെങ്കിലും മാർഗ്ഗമുണ്ടോ" എന്നാണ്.

### പിന്നിലുള്ള ലക്ഷ്യം

രാജ്യം, രാഷ്ട്രം എന്നൊക്കെപ്പറയുമ്പോൾ നമ്മൾ അർത്ഥമാക്കുന്നത്. രാജ്യത്തെ വലിയൊരു പങ്കുവരുന്ന അദ്ധ്വാനിച്ചുജീവിക്കുന്ന, സാധാരണ ജനങ്ങൾ എന്നാണ്. രാജ്യതാൽപ്പര്യം എന്നു പറയുമ്പോഴും, ദേശീയവികാരം എന്നു പറയുമ്പോഴുമൊക്കെ, യഥാർത്ഥത്തിൽ സാധാരണജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുക എന്നതായിരിക്കണം കാഴ്ചപ്പാട്. ഇടുങ്ങിയ രാഷ്ട്രീയ താൽപ്പര്യം മുൻനിർത്തിയും അധികാരത്തിനും പണത്തിനും വേണ്ടിയും രാജ്യത്തെ കുത്തകകളുടെ താൽപ്പര്യം സംരക്ഷിക്കുകയും വിദേശ-സ്വദേശ കുത്തകകളുടെ കടിഞ്ഞാണില്ലാത്ത ചൂഷണത്തിന്റെ കൂത്തരങ്ങാക്കി രാജ്യത്തെ മാറ്റുകയും ചെയ്യുന്നവരെ, അപ്പോൾ എങ്ങനെയാണ് ദേശീയവാദികൾ എന്നുവിളിക്കുക?

മുതലാളിത്തത്തിന്റെ രൂക്ഷവും അപരിഹാര്യവുമായ കമ്പോള പ്രതിസന്ധിയുടെ ഭാരം സാമ്പത്തിക പരിഷ്ക്കരണത്തിന്റെയും ധനകാര്യ ജാഗ്രതയുടെയുമൊക്കെപ്പേരിൽ പാപ്പരായ ജനങ്ങളുടെ തലയിൽ കെട്ടിവയ്ക്കുന്നവരെ, ജനങ്ങൾ പൊരുതി നേടിയ ജനാധിപത്യാവകാശങ്ങൾ ചിട്ടയായി കവർന്നെടുക്കുന്നവരെ, ദുഷിച്ചുനാറിയ സാമ്രാജ്യത്വ ചിന്താഗതികൾക്ക് കയറിപ്പറ്റാൻ അവസരമൊരുക്കിയും ജനങ്ങളെ അന്ധവിശ്വാസത്തിന്റെയും മതഭ്രാന്തിന്റെയും ഇരുണ്ട വഴികളിയേക്ക് നയിച്ചും സാമൂഹ്യ-സാംസ്ക്കാരികാന്തരീക്ഷം മലിനമാക്കുന്നവരെ, എല്ലാറ്റിനുമുപരി സർവ്വാർത്ഥത്തിലും ജനാധിപത്യത്തെ പരിഹാസ്യമാക്കുന്നവരെ എങ്ങനെയാണ് ദേശീയവാദികൾ എന്ന് വിളിക്കാനാകുക? ഭരണവർഗ്ഗ പിന്തുണയോടെ ആർഎസ്എസ്-ബിജെപി-എബിവിപി സംഘം ശ്രമിക്കുന്നത് ദേശീയവാദവും ദേശസ്നേഹവും വളർത്തിയെടുക്കാനല്ല, ദേശഭ്രാന്ത് വളർത്തിയെടുക്കാനാണ്. ജനങ്ങളുടെ രാജ്യസ്നേഹം ചൂഷണം ചെയ്യാനും രാജ്യത്തിന്റെ ഭദ്രതയ്ക്കും വിദേശ ആക്രമണത്തെ തുരത്താനുമെന്ന പേരിൽ എല്ലാ അധികാരങ്ങളും ഭരണകൂടത്തിൽ കേന്ദ്രീകരിക്കാനും ഫാസിസ്റ്റുകൾ ആയുധമാക്കുന്നതാണ് ദേശഭ്രാന്ത്. ഒരിക്കൽ ഈ അധികാര കേന്ദ്രീകരണം സാധിച്ചുകഴിഞ്ഞാൽ ഫാസിസത്തിന്റെ ദംഷ്ട്രകൾ പുറത്തുവരും. നിർദ്ദയമായ ചൂഷണത്തിന്റെ മർദ്ദകശക്തി ജനങ്ങൾക്കുമേൽ താണ്ഡവമാടും. ഇതാണ് ദീർഘകാലാടിസ്ഥാനത്തിൽ ഭരണമുതലാളിവർഗ്ഗം ലക്ഷ്യം വയ്ക്കുന്നത്. ബിജെപിയെയോ കോൺഗ്രസ്സിനെയോപോലുള്ള ഒരു വിശ്വസ്ത രാഷ്ട്രീയ പ്രതിനിധിയിലൂടെ ഇത് സാക്ഷാത്ക്കരിക്കാനാണ് അവരാഗ്രഹിക്കുന്നത്.

### കപട ദേശീയതയുടെ ഭൂതത്തെ ഇപ്പോൾ തുറന്നുവിടുന്നതെന്തിന്?

ദീർഘകാലാടിസ്ഥാനത്തിലുള്ള ലക്ഷ്യം മാറ്റിവച്ചാൽ ബിജെപിക്ക് ഈ കപട ദേശീയതയും ദേശീയഭ്രാന്തുമൊക്കെ കുത്തിപ്പൊക്കുന്നതിന് അടിയന്തിരമായ ചില ലക്ഷ്യങ്ങൾ കൂടിയുണ്ട്. 'അച്ഛേദിൻ' അഥവാ നല്ല ദിനങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ടാണ് ബിജെപി അധികാരത്തിലെത്തിയത്. വിലകൾ കുറയ്ക്കുക, കോടിക്കണക്കിന് തൊഴിൽരഹിതർക്ക് തൊഴിൽ, അഴിമതി നിർമ്മാർജ്ജനം ചെയ്യുക, കള്ളപ്പണം കണ്ടുകെട്ടി ഓരോപൗരനും 15 ലക്ഷം രൂപ വീതം നൽകുക, സ്ത്രീകളുടെ അന്തസ്സ് കാത്തുപുലർത്തുക, കൃഷിക്കാർക്ക് ന്യായമായ വില ഉറപ്പാക്കുക, അടഞ്ഞ ഫാക്ടറികൾ തുറക്കുക, സമ്പൂർണ്ണമായ വ്യവസായവൽക്കരണം തുടങ്ങിയ വാഗ്ദാനങ്ങളൊക്കെ ഉൾക്കൊള്ളുന്നതായിരുന്നു 'അച്ഛേദിൻ' പദ്ധതി. എന്നാൽ ഒന്നര വർഷം തികയുന്നതിനുമുമ്പുതന്നെ ഇത് ശുദ്ധ തട്ടിപ്പാണെന്ന് വ്യക്തമായി. സമ്പദ്ഘടന മാന്ദ്യത്തിന്റെ പിടിയിലാണ്. പണപ്പെരുപ്പം, വിശേഷിച്ച് ഭക്ഷ്യവസ്തുക്കളുടെ മേഖലയിൽ രൂക്ഷമാണ്. ഉൽപ്പാദന മേഖലയിലെ വ്യവസായങ്ങൾ അപകടനിലയിലാണ്. തൊഴിലില്ലായ്മ പെരുകുന്നു. അടച്ചുപൂട്ടലും ലോക്കൗട്ടും വർദ്ധിക്കുന്നു. ഭരണതലങ്ങളിലെല്ലാം അഴിമതി വ്യാപകമാണ്. ചില്ലറ വ്യാപാര രംഗത്തെ നിയന്ത്രിക്കുന്നതു തന്നെ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും വിലയിലെ തിരിമറിയുമൊക്കെയാണ്. അന്താരാഷ്ട്ര രംഗത്തെ ക്രൂഡ് ഓയിൽ വിലയിടിവിന്റെ ഒരു നേട്ടവും ജനങ്ങൾക്ക് ലഭ്യമാകുന്നില്ല. കള്ളപ്പണം പതിവുപോല അരങ്ങുവാഴുന്നു. കർഷക ആത്മഹത്യയ്ക്കും ശമനമില്ല. സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ അപായകരമാംവിധം പെരുകി. പട്ടിണി, ദാരിദ്ര്യം, ഭിക്ഷാടനം, പട്ടിണിമരണം എന്നിവയൊക്കെ വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. നഗരങ്ങളിലെ യുവാക്കൾക്ക് നൽകിയ ഡിജിറ്റൽ ഇന്ത്യ വാഗ്ദാനവും പാഴ്‌വാക്കായി. ജനങ്ങളുടെ ദുരിതങ്ങൾ പെരുകുമ്പോൾ കോൺഗ്രസ്സ്, ബിജെപി ഭരണങ്ങൾ തമ്മിൽ ഒരു വ്യത്യാസവും ജനങ്ങൾക്ക് ദർശിക്കാനാകുന്നില്ല. ഡൽഹി, ബീഹാർ തെരഞ്ഞെടുപ്പുകളിൽ ബിജെപിക്കുണ്ടായ തിരിച്ചടി ജനങ്ങളുടെ അസംതൃപ്തിയുടെ ഫലമായിരുന്നു. ഗുജറാത്ത് കൂട്ടക്കൊലയുടെ സൂത്രധാരനെന്ന നിലയിൽ വെറുക്കപ്പെട്ടിരുന്ന മോദിയെ, വികസനത്തിന്റെ ആൾരൂപമായും രാജ്യത്തിന്റെ രക്ഷകനായുമൊക്കെ അവരവതരിപ്പിച്ച മുഖ്യധാരാ മാധ്യമങ്ങൾക്കുപോലും മോദി എല്ലാ രംഗങ്ങളിലും ഒരു പരാജയമാണെന്നും ജനങ്ങളെ കബളിപ്പിക്കുകയാണെന്നുമൊക്കെ ഇന്ന് പറയേണ്ടിവരുന്നു. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ മോദിയെ കയ്യയച്ച് സഹായിച്ചത് തിരിഞ്ഞുകുത്തുന്നതായി മാദ്ധ്യമങ്ങൾക്ക് തോന്നിത്തുടങ്ങിയിരിക്കുന്നു.

### യഥാർത്ഥ പദ്ധതി

ജനങ്ങളുടെ ശ്രദ്ധ തിരിക്കാൻ ആർഎസ്എസ്-ബിജെപി നേതാക്കൾ പല ഉപായങ്ങളും പയറ്റിനോക്കുകയാണ്. മതപരിവർത്തനം, ലൗ ജിഹാദ് തുടങ്ങിയ വിഷയങ്ങൾ ഉന്നയിച്ച് വർഗ്ഗീയ ചേരിതിരിവുണ്ടാക്കാനും ജനങ്ങളെ മതത്തിന്റെ പേരിൽ വികാരം കൊള്ളിക്കാനും ആദ്യം ശ്രമിച്ചു. ഘർവാപസി പോലുള്ള പദ്ധതികളും ആവിഷ്ക്കരിച്ചു. ദാദ്രിയിൽ അക്‌ലാക്ക് എന്നൊരു നിരപരാധി കൊല്ലപ്പെട്ടത് തുടർച്ചയായ കൊലപാതക പരമ്പരയുടെ തുടക്കമായിരുന്നു. യൂപിയിലും ഇത് ആവർത്തിച്ചു. പ്രമുഖ യുക്തിവാദികളെ അരുംകൊല ചെയ്തു. മതപരവും ദാർശനികവുമായ അസഹിഷ്ണുത പടർത്തി. ആധുനിക കാലത്തെ നേട്ടങ്ങളെല്ലാം പുരാതന ഭാരതത്തിലുണ്ടായിരുന്നു എന്ന രീതിയിൽ കെട്ടുകഥകൾ പ്രചരിപ്പിച്ചു. ഭാരതീയത്വത്തെക്കുറിച്ച് നിറം പിടിപ്പിച്ച വർണ്ണനകൾ നടത്തിയും ഒരു ചലനമുണ്ടാക്കാൻ ഇതോടൊപ്പം ശ്രമം നടത്തി. എന്നാൽ ഇതെല്ലാം തിരിച്ചടിച്ചു. ബുദ്ധിജീവികളടക്കം നേരായി ചിന്തിക്കുന്നവരൊക്കെ അസംതൃപ്തരായി. ദലിതരെ കാവികൊണ്ട് നേരിടാൻ എബിവിപിയിലൂടെ ഹൈദരാബാദിൽ അരങ്ങേറിയ പദ്ധതിയിൽ ചില അഴിച്ചുപണികൾ നടത്തി. ദേശവിരുദ്ധരെന്ന് കാടടച്ച് ആരോപണമുയർത്തി, കപട ദേശീയതയുടെ പേരിൽ അന്തരീക്ഷം ചൂടുപിടിപ്പിച്ച് നിർത്തുന്ന ഒരു പദ്ധതിക്ക് രൂപം നൽകേണ്ടത് അവരുടെ ആവശ്യമായിരുന്നു.

(ശേഷം 6-ാം പേജിൽ)

# വളർന്നുവരേണ്ടത് ഇടതുപക്ഷ ജനകീയസമരബദൽ; ബൂർഷ്വാരാഷ്ട്രീയ ബദൽ അല്ല

## ജെഎൻയു സംഭവം...

*(5-ാം പേജിൽ നിന്ന്)*

അങ്ങനെയാണ് ജെഎൻയു ലക്ഷ്യസ്ഥാനമാകുന്നത്. സംഭവങ്ങളുടെ ക്രമം പരിശോധിച്ചാൽ ഇങ്ങനെയൊരു സംഭവമുണ്ടാകുമെന്നും അപ്പോൾ തങ്ങൾ ശ്രദ്ധാപൂർവ്വം മെനഞ്ഞെടുത്ത "ദേശ വിരുദ്ധ" പ്രചാരണം ആരംഭിക്കാമെന്നും ആർഎസ്എസ്-ബിജെപി സംഘം മുൻകൂർ പദ്ധതിയിട്ടിരുന്നു എന്ന് വ്യക്തമാകും. ആർഎസ്എസ്-ബിജെപി ലൈനിനോട് വിയോജിക്കുന്ന നിരപരാധികളായ വിദ്യാർത്ഥികളെയും യുക്തിവാദികളെയും കമ്മ്യൂണിസ്റ്റുകളെയുമൊക്കെ രാജ്യത്തെ അസ്ഥിരപ്പെടുത്തുവാൻ ഗൂഢാലോചന നടത്തുന്ന ജിഹാദികളും ഭീകരന്മാരുമായി ചിത്രീകരിക്കുകയും തീവ്രവർഗ്ഗീയ ഹിന്ദുത്വവാദികളെയും പുരാതന ഭാരതീയ മഹത്വവാദികളെയും ദേശസ്നേഹത്തിന്റെയും രാജ്യാഭിമാനത്തിന്റെയും പ്രതീകങ്ങളായി അവതരിപ്പിക്കുകയും ചെയ്യുന്നത് ഈ പദ്ധതിയുടെ ഭാഗമായിരുന്നു. ദേശഭ്രാന്ത് വളർത്താൻ ശ്രമിക്കുന്ന ആർഎസ്എസ്-ബിജെപി ശക്തികൾ അവരുടെ കുന്തമുന ഇടതുപക്ഷത്തിനു നേരെ തിരിക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തുന്നു എന്നത് ശ്രദ്ധേയമാണ്. അവരെ ആശയപരമായി വെല്ലുവിളിക്കുന്നതും അവരുടെ ഫാസിസ്റ്റ് മുഖം മറനീക്കി കാണിക്കുന്നതും യഥാർത്ഥ ഇടതുപക്ഷമായിരിക്കും എന്നവർ ഭയക്കുന്നുണ്ട്. റീച്ച്സ്റ്റാഗിന് തീയിട്ടുകൊണ്ട് അത് കമ്മ്യൂണിസ്റ്റുകളുടെ ചെയ്തിയാണെന്ന് അഭ്യൂഹം പരത്തി കമ്മ്യൂണിസ്റ്റുകളെ കൂട്ടക്കൊല ചെയ്ത ഹിറ്റ്ലറുടെ ഹീന പദ്ധതിയാണിവിടെ ഓർമ്മവരുന്നത്.

### സാഹചര്യം മുതലെടുക്കാൻ കോൺഗ്രസ്സ് ശ്രമിക്കുന്നു

മുതലാളിവർഗ്ഗത്തിന്റെ മറ്റൊരു വിശ്വസ്ത പ്രതിനിധിയായ, നഗ്നമായ മുതലാളിത്താനുകൂല നയങ്ങളുടെയും കഴുത്തറ്റം മുങ്ങിയ അഴിമതിയുടെയും പേരിൽ ജനങ്ങൾ തിരസ്ക്കരിച്ച കോൺഗ്രസ്സ്, ബൂർഷ്വാ രാഷ്ട്രീയത്തിലെ പ്രധാന എതിരാളിയായ ബിജെപിക്കെതിരെ ജനാധിപത്യത്തിന്റെ കുപ്പായവുമിട്ടുകൊണ്ട് ഇപ്പോൾ ചാടിവീണിട്ടുണ്ട്. എന്നാൽ ജനാധിപത്യ സംരക്ഷണത്തിനു വേണ്ടി കോൺഗ്രസ്സ് നിലകൊണ്ടതിന്റെ 'തിളക്കമാർന്ന' ചരിത്രം ഏവർക്കുമറിയാവുന്നതാണ്. അടിയന്തിരാവസ്ഥ പ്രഖ്യാപനം, 1972 ലെ പശ്ചിമബംഗാൾ തെരഞ്ഞെടുപ്പിൽ നടത്തിയ സമ്പൂർണ്ണകൃത്രിമം, മെയിന്റനൻസ് ഓഫ് ഇന്റേണൽ സെക്യൂരിറ്റി ആക്ട്, പ്രിവൻഷൻ ഓഫ് ടെററിസം ആക്ട്, ആംഡ് ഫോഴ്സസ് സ്പെഷ്യൽ പവേഴ്സ് ആക്ട് തുടങ്ങി ഒന്നൊന്നായി ആവിഷ്ക്കരിച്ച കരിനിയമങ്ങൾ, 365-ാം വകുപ്പ് പ്രയോഗിച്ച് കോൺഗ്രസ്സിതര സംസ്ഥാന സർക്കാരുകളെ അട്ടിമറിച്ചത്, എംഎൽഎ മാർക്ക് കൈക്കൂലി കൊടുത്ത് വിശ്വാസവോട്ടുതേടൽ, അങ്ങനെ ആ ചരിത്രം നീളുന്നു. കോൺഗ്രസ്സിന്റെ കപട മതേതര മുഖം തുറന്നുകാട്ടപ്പെട്ട സന്ദർഭങ്ങൾ നിരവധിയാണ്. ബീഹാറിലും ആസ്സാമിലും ഗുജറാത്തിലും മറ്റും വർഗ്ഗീയ കലാപങ്ങൾ സംഘടിപ്പിച്ചു കോൺഗ്രസ്സ്. ഹിന്ദുവോട്ട് ലാക്കാക്കി ഇത്തരേന്ത്യയിൽ മൃദുഹിന്ദുത്വ നിലപാട് സ്വീകരിച്ചു. 1970 കളിൽ തെരഞ്ഞെടുപ്പ് വിജയത്തിനായി ഇന്ദിരാഗാന്ധി ആർഎസ്എസ് പിന്തുണ തേടി. ഹിന്ദു വോട്ടർമാരെ പ്രീണിപ്പിക്കുന്നതിനായി രാജീവ് ഗാന്ധി ബാബറി മസ്ജിദ് ഹിന്ദുക്കൾക്ക് ആരാധന നടത്താൻ തുറന്നുകൊടുത്തുകൊണ്ട് രാജ്യത്ത് വർഗ്ഗീയാഗ്നി പടർത്തി. ഇങ്ങനെ എത്രയോ ഉദാഹരണങ്ങൾ. ബിജെപിയോടുള്ള ജനങ്ങളുടെ വെറുപ്പ് മുതലെടുത്ത് അധികാരത്തിൽ തിരിച്ചെത്തുക എന്നതുമാത്രമാണവരുടെ ലക്ഷ്യം. അതിനാൽ ബിജെപിയുടെ വർഗ്ഗീയതയ്ക്കും കപടദേശീയതയ്ക്കും ഫാസിസത്തിനും എതിരായ സമരത്തിലെ ഒരു ജനാധിപത്യ-മതേതര പങ്കാളിയെന്ന നിലയിൽ കോൺഗ്രസ്സിനെക്കുറിച്ച് ആരെങ്കിലും വ്യാമോഹം വച്ചു പുലർത്തുന്നുണ്ടെങ്കിൽ, അയാൾ വിഡ്ഢികളുടെ സ്വർഗ്ഗത്തിലാണെന്നു മാത്രമല്ല, അത് ദുരന്തം ക്ഷണിച്ചുവരുത്തുന്ന ഒരു അവിവേകം കൂടിയായിരിക്കും.

### ഏകോപിതവും വീറുറ്റതുമായ ഒരു യഥാർത്ഥ ഇടതുപക്ഷ മുന്നേറ്റത്തിനു മാത്രമേ ഫാസിസ്റ്റ് വിപത്തിനെ തടയാനാകൂ

ഇടതുപക്ഷം മുന്നോട്ടുവരികയും യഥാർത്ഥ മതേതരതത്വങ്ങളുടെയും സംസ്ക്കാരത്തിന്റെയും അടിസ്ഥാനത്തിൽ ശക്തമായ, യോജിച്ച ജനകീയ മുന്നേറ്റം ആത്മാർത്ഥമായി വളർത്തിയെടുക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ, ആർഎസ്എസ്-ബിജെപി ഉയർത്തുന്ന ഫാസിസത്തിന്റെയും വർഗ്ഗീയതയുടെയും ദേശീയ ഭ്രാന്തിന്റെയും വിപത്തിനെ ചെറുക്കാൻ കഴിയൂ. രാജ്യമെമ്പാടും ബുദ്ധിജീവികൾ ഉയർത്തിയ എതിർപ്പിനെ ശക്തവും വീറുറ്റതുമായ ഒരു ബഹുജന പ്രക്ഷോഭമാക്കി വളർത്തിയെടുക്കാനും അതിനെ യുക്തമായ പരിസമാപ്തിയിലെത്തും വിധം ശരിയായ പാതയിലൂടെ നയിക്കാനും ഇടതുപക്ഷം തയ്യാറാകണം. ജനങ്ങളെ ഭിന്നിപ്പിക്കുകയും അവരുടെ ചിന്താശേഷി കെടുത്തുകയും ജനാധിപത്യത്തിന്റെ മൂടുപടമിട്ട് ഫാസിസത്തെ ക്രമേണ ശക്തിപ്പെടുത്തുകയും ചെയ്യുന്ന പിന്തിരിപ്പൻ ബൂർഷ്വാ രാഷ്ട്രീയത്തിന്റെ സ്ഥാനത്ത് ഒരു ബദൽ സമരധാര വികസിപ്പിച്ചെടുക്കുക എന്നതാണ് ഇന്നത്തെ അടിയന്തിര കർത്തവ്യം. ■

## STAND WITH JNU - INDIA IS MY COUNTRY

### കോട്ടയം മെഡിക്കൽ കോളേജിൽ എംഎസ്സിയുടെ ആഭിമുഖ്യത്തിൽ ജെഎൻയുവിന് ഐക്യദാർഢ്യം



ഡോ.സി.പി.വിജയൻ, ഡോ.കെ.എം.സീതി, ഡോ.പി.എസ്.ജിനേഷ് എന്നിവർ വേദിയിൽ

**ജെ**എൻയു സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട്, 'ജെഎൻയുവിനോടൊപ്പം നിൽക്കുക, -ഇന്ത്യ എന്റെ രാജ്യം' എന്ന പരിപാടി കോട്ടയം മെഡിക്കൽ കോളേജിൽ മെഡിക്കൽ സർവ്വീസ് സെന്റർ (എംഎസ്സി) സംഘടിപ്പിച്ചു. മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ഡയറക്ടർ ഡോ. കെ.എം.സീതി മുഖ്യാതിഥി ആയി പങ്കെടുത്ത പരിപാടിയിൽ കോട്ടയം മെഡിക്കൽ കോളേജ് ഗൈനക്കോളജി വിഭാഗം പ്രൊഫസർ ഡോ.സി.പി.വിജയൻ, ഡോ.എസ്.ദീപു, എംഎസ്സി യൂണിറ്റ് പ്രസിഡന്റ് ഡോ.പി.എസ്.ജിനേഷ്, വൈസ് പ്രസിഡന്റ് ഡോ.മുഹമ്മദ് ഷഫീക്ക്, കോളേജ് യൂണിയൻ ചെയർമാൻ ടി.പോൾ, എസ്എഫ്ഐ യൂണിറ്റ് പ്രതിനിധി കെ.പി.ഇവാനികൃഷ്ണ എന്നിവർ സംസാരിച്ചു. "ജെഎൻയു അടക്കമുള്ള സർവ്വകലാശാലകൾ ഇന്ത്യയുടെ വ്യത്യസ്തതകളെ ഉൾക്കൊള്ളുന്ന എല്ലാത്തരം ചർച്ചകൾക്കും വേദി ആകണമെന്നും സർവ്വകലാശാലകളിലെ സർക്കാർ ഇടപെടലുകൾ അവസാനിപ്പിക്കണമെന്നും" ജെഎൻയു പൂർവ്വ വിദ്യാർത്ഥികൂടിയായ ഡോ.സീതി ആവശ്യപ്പെട്ടു. "അറിവിന്റെ രാഷ്ട്രീയം ചർച്ച ചെയ്യാനും പഠിക്കാനുമുള്ള വേദികളായി കലാലയങ്ങൾ രൂപപ്പെടണം, അവിടെ ഒരു തരത്തിലുള്ള സങ്കുചിത ചിന്തകൾക്കും സ്ഥാനം ഉണ്ടാവരുത്, പരസ്പര ബഹുമാനത്തോടെ കാശ്മീർ പ്രശ്നം അടക്കം ചർച്ച ചെയ്യാൻ കലാലയങ്ങൾക്ക് കഴിയണ"മെന്നും അദ്ദേഹം പറഞ്ഞു. ■

# രാജ്യത്തിന്റെ ബഹുസ്വരതയ്ക്ക് നേരെയുള്ള വെല്ലുവിളി നേരിടണം

**–ജസ്റ്റിസ് പി.കെ.ഷംസുദ്ദീൻ**

**ജെ**എൻയുവിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും മാധ്യമപ്രവർത്തകർക്കുമെതിരെ നടക്കുന്ന ഫാസിസ്റ്റ് ആക്രമണങ്ങൾ രാജ്യത്തിന്റെ ബഹുസ്വരതയ്ക്കുനേരെയുള്ള വെല്ലുവിളിയാണെന്നും അതിനെ നേരിടണമെന്നും ജസ്റ്റിസ് പി.കെ.ഷംസുദ്ദീൻ പറഞ്ഞു. കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ നേതൃത്വത്തിൽ എറണാകുളം മേനക ജംഗ്ഷനിൽ ചേർന്ന പ്രതിരോധ കൂട്ടായ്മ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നിയമവാഴ്ചയെപ്പോലും നിരാകരിക്കുന്ന നടപടികളിലൂടെ, സ്വതന്ത്രമായ അഭിപ്രായ പ്രകടനങ്ങളെ എക്കാലത്തും പ്രോത്സാഹിപ്പിച്ചിരുന്ന സർവ്വകലാശാലയുടെ ജനാധിപത്യാന്തരീക്ഷത്തെ കെടുത്തുകയും വിദ്യാർത്ഥികളുടെയും വിദ്യാർത്ഥി സംഘടനകളുടെയുംമേൽ ഭരണകൂടഭീകരത അടിച്ചേൽപ്പിച്ച് നിശ്ശബ്ദമാക്കുകയും ചെയ്യുന്ന സംഘപരിവാർ ഇന്ത്യൻ ജനാധിപത്യത്തിനുമേൽ വിണിരിക്കുന്ന കളങ്കമാണ്. ജെഎൻയു സംഭവവും ഹൈദ്രബാദിലെ രോഹിത് വെമൂലയുടെ ആത്മാഹൂതിയും ഇത് അടിവരയിടുന്നു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ജനാധിപത്യവിശ്വാസികൾ രംഗത്തിറങ്ങണമെന്ന് ജസ്റ്റിസ് ഷംസുദ്ദീൻ തുടർന്നു പറഞ്ഞു.

ജനകീയപ്രതിരോധ സമിതി സംസ്ഥാന സെക്രട്ടറി ജ്യോതികൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. രാജ്യത്തെ സംസ്കാരത്തിന്റെയും വൈജ്ഞാനിക ഉൽപ്പാദനത്തിന്റെയും കേന്ദ്രങ്ങളായ സർവ്വകലാശാലകളുടെമേൽ ഭരണകൂടത്തിന്റെ ഫാസിസ്റ്റ് നിയന്ത്രണം അടിച്ചേൽപ്പിക്കാനുള്ള ശ്രമത്തെ തിരിച്ചറിയണം. നാസി ജർമ്മനിയുടെ ചരിത്രം പരിശോധിക്കുന്നവർക്ക് ഇന്ത്യയിൽ ഇന്നു നടക്കുന്ന സംഭവങ്ങൾ അവിടെ അരങ്ങേറിയതിന്റെ തനിയാവർത്തനമാണെന്നത് ബോധ്യമാകും. യുക്തിഭദ്രമായ ചിന്തയെ കെടുത്തി ഇന്ത്യയുടെമേൽ ഫാസിസ്റ്റ് കുപ്പായം ധരിപ്പിക്കാനാണ് മോദി സർക്കാർ ശ്രമിക്കുന്നത്. അദ്ദേഹം പറഞ്ഞു.

മൂലമ്പിള്ളി കോ-ഓർഡിനേഷൻ കമ്മിറ്റി ജനറൽ കൺവീനർ ഫ്രാൻസിസ് കളത്തുങ്കൽ അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ. കെ.അരവിന്ദാക്ഷൻ, ടി.കെ.സുധീർകുമാർ, കെ.രജികുമാർ, കെ.കെ.ഗോപിനായർ, അഡ്വ. പി.ജി.പ്രസന്നകുമാർ, വി.പി.വിൽസൺ, മൈക്കിൾ കോതാട്, പി.എം.ദിനേശൻ, സി.ബി.അശോകൻ, കെ.കെ.ശോഭ, കെ.ഒ.ഷാൻ, ജോണി ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു. ■

## മാർച്ച് 5 ജെ.വി.സ്റ്റാലിൻ അനുസ്മരണദിനം

"**മോ**ചനസമരത്തിന്റെ മുഖ്യശത്രുവായി ബൂർഷ്വാസി സ്വയം മാറിക്കഴിഞ്ഞിരിക്കുന്നു. ബൂർഷ്വാസി ഇന്ന് തികച്ചും വ്യത്യസ്തരാണ്. അവർ കൂടുതൽ പ്രതിലോമകാരികളായി മാറി. ജനങ്ങളുമായുള്ള എല്ലാ ബന്ധങ്ങളും അവർക്ക് നഷ്ടപ്പെട്ടു. അങ്ങനെ അവർ സ്വയം ദുർബലമായിത്തീർന്നിരിക്കുന്നു. മുമ്പ് അവർക്ക് ലിബറൽ മുഖം കാണിക്കുവാനും ബൂർഷ്വാ ജനാധിപത്യ സ്വാതന്ത്ര്യങ്ങൾ ഉയർത്തിപ്പിടിക്കുവാനും അങ്ങനെ ജനപ്രീതി നേടിയെടുക്കുവാനും സാധിച്ചിരുന്നു. എന്നാൽ ഇന്ന് ഈ ലിബറലിസത്തിന്റെ കണികപോലും അവർക്കില്ല.



ജെ.വി.സ്റ്റാലിൻ (1879–1953)

"വ്യക്തി സ്വാതന്ത്ര്യം" എന്നറിയപ്പെടുന്നതൊന്നും ഇന്ന് നിലനിൽക്കുന്നില്ല. മൂലധനത്തിന്റെ ഉടമസ്ഥനു മാത്രമാണ് വ്യക്തിയുടെ അവകാശങ്ങൾ ഇന്ന് ലഭിക്കുന്നത്. മറ്റുള്ളവരെയെല്ലാം ചൂഷണം ചെയ്യാനുള്ള അസംസ്കൃത മനുഷ്യ വിഭവമായി മാത്രമാണ് പരിഗണിക്കുന്നത്. മനുഷ്യർക്കും രാഷ്ട്രങ്ങൾക്കുമുള്ള തുല്യാവകാശങ്ങൾ എന്ന തത്ത്വം ചവിട്ടിയരയ്ക്കപ്പെട്ടിരിക്കുന്നു; അതിനുപകരം ചൂഷകരായ ന്യൂനപക്ഷത്തിന് സർവ്വാവകാശങ്ങളും, ചൂഷിതരായ ബഹുഭൂരിപക്ഷത്തിന് ഒരവകാശവും ഇല്ലാത്ത അവസ്ഥയും എന്ന തത്ത്വമാണ് നിലനിൽക്കുന്നത്.

ബൂർഷ്വാസി ജനാധിപത്യ സ്വാതന്ത്ര്യങ്ങളുടെ ബാനർ വലിച്ചുകീറിക്കളഞ്ഞിരിക്കുന്നു... മുമ്പ് രാഷ്ട്രത്തിന്റെ തലവനായാണ് ബൂർഷ്വാസിയെ കരുതിയിരുന്നത്. രാഷ്ട്രത്തിന്റെ അവകാശങ്ങളും സ്വാതന്ത്ര്യവും അവർ ഉയർത്തിപ്പിടിക്കുകയും അവയെ "മറ്റെന്തിനെക്കാളും" ഉപരി പ്രതിഷ്ഠിക്കുകയും ചെയ്തു. 'രാഷ്ട്ര തത്ത്വ'ത്തിന്റെ കണികപോലും ഇന്നവർക്കില്ല. ഇന്ന് ഡോളറിനുവേണ്ടി ബൂർഷ്വാസി രാഷ്ട്രത്തിന്റെ അവകാശങ്ങളും സ്വാതന്ത്ര്യവും വിൽപ്പനയ്ക്കു വച്ചിരിക്കുന്നു. ദേശീയ സ്വാതന്ത്ര്യത്തിന്റെയും ദേശീയ പരമാധികാരത്തിന്റെയും ബാനർ അവർ അട്ടിമറിച്ചിരിക്കുന്നു." *(പത്തൊമ്പതാം പാർട്ടി കോൺഗ്രസ്സിലെ പ്രസംഗം, തെരഞ്ഞെടുത്ത കൃതികൾ, വാല്യം 14 പേജ് 12)* ■

# റബ്ബറിന്റെ വിലത്തകർച്ച: ജീവിതം വഴിമുട്ടിയ കർഷകരും തൊഴിലാളികളും

**■ റബ്ബറിന്റെ വിലത്തകർച്ചമൂലം ജീവിതം വഴിമുട്ടിയ കർഷകർക്കും തൊഴിലാളികൾക്കും യുദ്ധകാലവേഗതയിൽ ധനാശ്വാസം നൽകുക. ■ റബ്ബർ മേഖലയിൽ നിത്യോപയോഗ സാധനങ്ങളുടെ സൗജന്യറേഷൻ അനുവദിക്കുക. ■ കർഷകരുടെയും തൊഴിലാളികളുടെയും എല്ലാ വായ്പകളും എഴുതിത്തള്ളുകയും എല്ലാത്തരം നികുതികളും പിൻവലിക്കുകയും ചെയ്യുക. ■ റബ്ബറിന്റെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കുക. ■ റബ്ബറിന്റെ ഊഹക്കച്ചവടവും അവധി വ്യാപാരവും നിർത്തലാക്കുക. ■ ഗാട്ട്, ആസിയാൻ കരാറുകളിൽനിന്നും ഇന്ത്യ പുറത്തുവരിക.**

**കേ**രളത്തിന്റെ സാമ്പത്തിക ചലനങ്ങളെയും വ്യവഹാരങ്ങളെയും ആകമാനം പ്രതികൂലമായി ബാധിക്കുവോളം റബ്ബറിന്റെ വിലത്തകർച്ചമൂലം സൃഷ്ടിക്കപ്പെട്ടിരിക്കുന്ന പ്രതിസന്ധി അതീവ ഗുരുതരമായിരിക്കുന്നു. ലക്ഷക്കണക്കിന് ചെറുകിട-ഇടത്തരം റബ്ബർ കർഷകരും ടാപ്പിംഗ് തൊഴിലാളികളും ഈ മേഖലയിൽ ഇതര തൊഴിലെടുക്കുന്നവരും നേരിട്ട് ഈ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. ഇന്ത്യയിൽ ആകെയുള്ള 12.5 ലക്ഷത്തോളം ചെറുകിട ഇടത്തരം റബ്ബർ കർഷകരിൽ 10.5 ലക്ഷവും കേരളത്തിലാണ്. ഇതിൽത്തന്നെ 90 ശതമാനവും ഒരേക്കറിൽ താഴെമാത്രം കൃഷിയുള്ളവരും. ഒന്നര വർഷത്തോളമായി തുടരുന്ന വിലയിടിവിനെത്തുടർന്ന് ഏതാണ്ട് എല്ലാ തോട്ടങ്ങളിലും ടാപ്പിംഗ് നിർത്തിവച്ചിരിക്കുകയാണ്. അതോടെ ടാപ്പിംഗ് തൊഴിലാളികൾ ഒന്നടങ്കം തൊഴിൽ രഹിതരായിരിക്കുന്നു. റബ്ബർ മേഖലകളിൽ വ്യാപാര-വാണിജ്യ രംഗങ്ങളാകെ സ്തംഭനാവസ്ഥയിലാണ്. നിർമ്മാണരംഗത്തെയും അത് പ്രതികൂലമായി ബാധിച്ചിരിക്കുന്നു. തൊഴിലില്ലായ്മ അതീവ രൂക്ഷമായിരിക്കുന്നു. അവശ്യ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ കർഷകരുടെയും തൊഴിലാളികളുടെയും ജീവിതം അക്ഷരാർത്ഥത്തിൽ ദുരിതക്കയത്തിലാണ്. കേരളത്തിന്റെ സാമ്പത്തികരംഗമൊന്നാകെ ഉലയ്ക്കപ്പെട്ടിരിക്കുമ്പോഴും മതിയായ പരിഹാര നടപടികൾ സ്വീകരിക്കുവാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തയ്യാറാകുന്നില്ല. ചെപ്പടിവിദ്യകൾകൊണ്ടോ പ്രഖ്യാപനങ്ങൾകൊണ്ടോ പരിഹരിക്കാവുന്നത്ര ലളിതമല്ല സാഹചര്യം. രാഷ്ട്രീയമായ പരിഹാരമാണ് ഉണ്ടാകേണ്ടത്.

### ഗാട്ട്, ആസിയാൻ കരാറുകളിൽനിന്ന് ഇന്ത്യ പുറത്തുവരിക.

സ്വാഭാവികമായ കാരണങ്ങളാൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതല്ല റബ്ബറിന്റെ വിലത്തകർച്ച. കേന്ദ്ര-സംസ്ഥാന സർക്കാരുകളും ടയർ വ്യവസായികളും ഊഹക്കച്ചവടക്കാരും ചേർന്ന് കൊള്ളലാഭത്തെ ലക്ഷ്യമിട്ട് നടത്തുന്ന ആസൂത്രിത നടപടികളാണ് റബ്ബറിന്റെ വിലയിടിവിന് കാരണം. ഈ നടപടികളുടെ ഭാഗമായി സ്വാഭാവിക റബ്ബർ അനിയന്ത്രിതമായി ഇറക്കുമതി ചെയ്യുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ലോകവ്യാപാരസംഘടനയിൽ അംഗമാകുകയും ഗാട്ട് കരാറിൽ ഒപ്പിടുകയും ചെയ്തതോടെ റബ്ബറിന്റെ ഇറക്കുമതി തടയാനോ ഇറക്കുമതിയുടെ അളവ് നിയന്ത്രിക്കാനോ ഇന്ത്യയ്ക്ക് സാധിക്കാതെ വന്നിരിക്കുന്നു. നിലവിലുള്ള ഇറക്കുമതി ചുങ്കം കേവലം 25 ശതമാനമാണ്. ഉൽപ്പന്നത്തിന് ഇറക്കുമതി തീരുവ 40 ശതമാനമോ അതിനു മേലെയോ ആണെങ്കിൽ തീരുവ 40 ശതമാനം എന്ന് നിശ്ചയിക്കാനുള്ള അവസരം ഗാട്ട് കരാറിൽ ഒപ്പുവയ്ക്കുന്ന സമയത്ത് ഉണ്ടായിരുന്നു. റബ്ബറിന്റെ ഇറക്കുമതി തീരുവ 85 ശതമാനം ആയിരിക്കുമ്പോഴാണ് ഗാട്ട് കരാർ നിലവിൽ വരുന്നത്. എന്നാൽ കുത്തകകളുടെ സമ്മർദ്ദത്തിന് വഴങ്ങി തീരുവ 25 ശതമാനം എന്ന് നിശ്ചയിച്ചുകൊണ്ട് കരാറിൽ ഒപ്പുവയ്ക്കുകയായിരുന്നു നരസിംഹറാവുവിന്റെ സർക്കാർ. ഇറക്കുമതി ചുങ്കം 85 ശതമാനം ആയിരുന്നിടത്തുനിന്ന് 25 ശതമാനത്തിലേയ്ക്ക് കൂപ്പുകുത്തി. മൻമോഹൻസിംഗ് സർക്കാരിന്റെ കാലത്താകട്ടെ 20 ശതമാനം നികുതിയേ ഈടാക്കിയിരുന്നുള്ളൂ. കേരളത്തിൽ നിന്ന് 8 കേന്ദ്രമന്ത്രിമാർ അന്ന് ഉണ്ടായിരുന്നു.

2001ൽ റബ്ബർ ഇറക്കുമതിക്കുള്ള നിയന്ത്രണം വാജ്പേയ് സർക്കാർ പൂർണ്ണമായും എടുത്തുകളഞ്ഞതിലൂടെ ഇറക്കുമതിയുടെ അളവ് ക്രമാതീതമായി. ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കണമെങ്കിൽ 164 അംഗ രാജ്യങ്ങളുടെയും അനുമതി വേണം. ഡബ്ല്യു.ടി.ഒ.യുടെ അടുത്തയോഗമാകട്ടെ 2017ൽ മാത്രമേ നടക്കൂ. ഇറക്കുമതി തീരുവ വർദ്ധിപ്പിക്കുവാൻ കേന്ദ്രത്തോട് ആവശ്യപ്പെടും എന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറയുമ്പോൾ അസാദ്ധ്യമാണത് എന്ന് നന്നായി അറിഞ്ഞുകൊണ്ടുതന്നെ, ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ നടത്തുന്ന പ്രഖ്യാപനമാണ്. ആവശ്യമായതിലധികം റബ്ബർ ഇറക്കുമതി ചെയ്ത് ആഭ്യന്തര വിപണിയിൽനിന്ന് വിട്ടു നിൽക്കുകയാണ് വൻകിട വ്യവസായികൾ. ഉൽപ്പാദനവും ഉപഭോഗവും തമ്മിലുള്ള വ്യത്യാസം കേവലം ഒരുലക്ഷം ടൺ മാത്രമായിരിക്കുമ്പോഴാണ് 2014-15 കാലയളവിൽ 4.15ലക്ഷം ടൺ റബ്ബർ ഇറക്കുമതി ചെയ്തത്. 2013-14 കാലയളവിൽ ഇത് 3.60 ടൺ ആയിരുന്നു. കുറഞ്ഞ വിലയ്ക്ക് ഇറക്കുമതി ചെയ്ത് സ്റ്റോക്ക് ചെയ്യുകയാണ് വൻകിട കമ്പനികൾ ചെയ്യുന്നത്. ഇതൊന്നും അറിയാത്തവരല്ല നമ്മുടെ ഭരണാധികാരികൾ.

2009ൽ മൻമോഹൻസിംഗ് പ്രധാനമന്ത്രിയായിരുന്ന കാലത്ത് നിലവിൽവന്ന ആസിയാൻ കരാറാകട്ടെ റബ്ബർ ഉൽപ്പന്നങ്ങളുടെ ഇറക്കുമതി തീരുവ ഘട്ടം ഘട്ടമായി കുറച്ചു. 2013 എത്തിയപ്പോൾ ഇറക്കുമതി തീരുവ തീർത്തും ഇല്ലാതായി. റബ്ബർ ഉൽപ്പന്നങ്ങളുടെ ഇറക്കുമതിയും വർദ്ധിച്ചു. വൻകിട കമ്പനികളാകട്ടെ ആസിയാൻ രാജ്യങ്ങളിൽ റബ്ബർ സ്വന്തമായി കൃഷിചെയ്ത് ചുങ്കമില്ലാതെ സ്വന്തം രാജ്യത്തേക്ക് ഇറക്കുമതി ചെയ്യാനുള്ള അനുമതിയും നേടി. ഗാട്ട് ആസിയാൻ കരാറുകളാണ് അടിസ്ഥാനപരമായി ഇപ്പോഴത്തെ സാഹചര്യത്തിന് കാരണം.

അവധി വ്യാപാരമാണ് റബ്ബറിന്റെ വിലയിടിവിന് മറ്റൊരു കാരണം. 2003ലാണ് റബ്ബർ അവധി വ്യാപാരത്തിന്റെ പരിധിയിൽ വരുന്നത്. ഉൽപ്പന്നമല്ല, കരാറുകളുടെ കച്ചവടമാണ് അവധി വ്യാപാരത്തിൽ നടക്കുന്നത്. റബ്ബർ വിപണിയെയും വിലയെയും നിയന്ത്രിക്കുന്നത് വൻകിട റബ്ബർ കമ്പനികളാണ്. വില കൃത്രിമമായി ഇടിച്ചു താഴ്ത്തി ടയർ കമ്പനികൾക്ക് ലാഭമുണ്ടാക്കുക എന്നതാണ് അവധി വ്യാപാരത്തിന്റെ തന്ത്രം. വിപണിയിൽ ഇടപെട്ട് തന്ത്രപരമായി വിലകുറയ്ക്കുമ്പോൾ കുറഞ്ഞ വിലയ്ക്ക് വിൽക്കാൻ കർഷകർ നിർബന്ധിതരാകുന്നു. അതോടൊപ്പം റബ്ബർ ഉൽപ്പന്നങ്ങൾ കമ്മോഡിറ്റി എക്സ്ചേഞ്ചിന്റെ പരിധിയിൽ വരുന്നതിനാൽ ഊഹക്കച്ചവടവും റബ്ബറിന്റെ വില നിയന്ത്രിക്കുന്ന ഘടകമായി മാറി. വിലയെ സ്വാധീനിക്കുന്ന സ്വാഭാവിക കാരണങ്ങളോ സാഹചര്യങ്ങളോ ഇല്ലാതെ കൃത്രിമമായി വില ഉയർത്താനും താഴ്ത്താനും വ്യവസായികളുടെ താൽപ്പര്യാർത്ഥം ഊഹക്കച്ചവടശക്തികൾ ശ്രമിക്കുന്നു. തത്കാലം വില ഉയർത്തേണ്ടതില്ല എന്ന് വൻകിട ഓപ്പറേറ്റർമാർ തീരുമാനിച്ചാൽ അവർ തീരുമാനിക്കുന്ന വിലയ്ക്ക് ഉൽപ്പന്നങ്ങൾ അവധിയിൽ വിൽക്കും. റബ്ബറിന്റെ വില വൻതോതിൽ ഇടിഞ്ഞിട്ടും ടയറിന്റെയും മറ്റ് ഉൽപ്പന്നങ്ങളുടെയും വില ഒരു രൂപ പോലും കുറഞ്ഞിട്ടില്ല, എന്നുമാത്രമല്ല, റബ്ബർ വില ഉയർന്നു നിൽക്കുമ്പോൾ ഉണ്ടായിരുന്നതിനെക്കാൾ കൂടുതലാണ് പൊതുവിപണിയിൽ എല്ലാ റബ്ബർ ഉൽപ്പന്നങ്ങളുടെയും വില എന്നത് ഈ വിലയിടിവ് കൊള്ളലാഭത്തെ ലക്ഷ്യമിട്ട് വൻകിട വ്യവസായികൾ സൃഷ്ടിക്കുന്നതാണെന്ന് വ്യക്തമാക്കുന്നു.

ക്രൂഡ് ഓയിലിന്റെ വിലയിടിവും റബ്ബർ വിലയിടിവിനുള്ള കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. കൃത്രിമ റബ്ബർ ഉൽപ്പാദിപ്പിക്കുന്നതിനുള്ള അസംസ്കൃതവസ്തു ലഭിക്കുന്നത് ക്രൂഡ് ഓയിലിൽനിന്നാണ്. ആഗോള വിപണിയിൽ ഉപയോഗിക്കുന്ന റബ്ബറിന്റെ 70 ശതമാനവും സിന്തറ്റിക് റബ്ബർ ആയിരിക്കുമ്പോഴും ഇന്ത്യയിലെ മിക്ക റബ്ബർ വ്യവസായങ്ങളുടെയും ഘടന ഇപ്പോഴും സ്വാഭാവിക റബ്ബർ ഉപയോഗിക്കുംവിധമാണ്. അതിനാൽ 62 ശതമാനം അസംസ്കൃതവസ്തുവും സ്വാഭാവിക റബ്ബർതന്നെ. സിന്തറ്റിക് റബ്ബറിന്റെ ഘടന ഉപയോഗിക്കുംവിധം വ്യവസായങ്ങളുടെ ഘടന പരിഷ്ക്കരിക്കപ്പെട്ടാൽ സ്വാഭാവിക റബ്ബറിന് വീണ്ടും വിലയിടിയും. ഇന്ത്യയിൽ കൃത്രിമ റബ്ബർ നിർമ്മാണരംഗത്ത് പിടിമുറുക്കിയിരിക്കുന്ന കുത്തകകമ്പനി റിലയൻസ് ആണ്.

റബ്ബറിനോ വിലയില്ല, മരങ്ങളും വെട്ടി വിൽക്കാനുകുന്നില്ല എന്നതാണ് കർഷകന്റെ സ്ഥിതി. മരങ്ങൾ വൻതോതിൽ വെട്ടി വിൽക്കാനുള്ള സാദ്ധ്യത മുന്നിൽ കണ്ട് പ്ലൈവുഡ് കമ്പനികളും തടിമൊത്തക്കച്ചവടക്കാരും ചേർന്ന് മരത്തിന്റെ വിലയും കുറച്ചു. പിടിച്ചു നിൽക്കാനാകാതെ ആത്മഹത്യ ചെയ്തു തുടങ്ങിയിരിക്കുന്നവരിൽ കർഷകരും തൊഴിലാളികളുമുണ്ട്.

### റബ്ബർ ബോർഡ് എന്തു ചെയ്യുന്നു?

റബ്ബർ കർഷകരിൽ നിന്നും സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത 200 കോടിയോളം രൂപ റബ്ബർ ബോർഡിന്റെ കൈവശമുണ്ട്. ടാപ്പിംഗ് നിർത്തിവയ്ക്കാൻ പോലും കർഷകർ നിർബ്ബന്ധിതമായിരിക്കുന്ന ഈ പ്രതിസന്ധിയുടെ വേളയിൽ കർഷകർക്കും തൊഴിലാളികൾക്കും ഒരാശ്വാസം നൽകാൻപോലും ഈ തുക വിനിയോഗിക്കുന്നില്ല. എന്തിന് റബ്ബർ കർഷകർക്ക് നിയമപരമായി അർഹതപ്പെട്ട സബ്സിഡി പോലും 3 വർഷമായി റബ്ബർ ബോർഡ് നൽകിയിട്ടില്ല. വ്യവസായികളുടെയും കുത്തകകളുടെയും താൽപ്പര്യം മാത്രം പരിഗണിക്കുന്ന സർക്കാരുകൾ കർഷകരുടെ കഷ്ടപ്പാടുകൾ അവഗണിക്കുകയാണ്. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച വിലസ്ഥിരതാഫണ്ട് രൂക്ഷമായ പ്രതിസന്ധിയെ കൈകാര്യം ചെയ്യാൻ ഒട്ടും പര്യാപ്തമല്ല. ഈ പ്രതിസന്ധിയിൽ ഏറ്റവും നിരാശ്രയരായിത്തീർന്ന ലക്ഷക്കണക്കിന് വരുന്ന ടാപ്പിംഗ് തൊഴിലാളികൾക്ക് ആശ്വാസമാകുന്ന ഒരു നടപടിയും ഇതുവരെ സർക്കാർ കൈക്കൊണ്ടിട്ടുമില്ല.

റബ്ബർബാന്റ് മുതൽ വിമാനങ്ങളുടെ ടയർ വരെ ഏകദേശം 2000ഓളം ഉൽപ്പന്നങ്ങൾ സ്വാഭാവിക റബ്ബറിൽ നിന്നും ഉൽപ്പാദിപ്പിക്കുന്നു. ഇത്രയും വ്യാവസായിക പ്രാധാന്യമുള്ള അസംസ്കൃത വസ്തു, ലോകത്തിൽ വച്ചേറ്റവും ഗുണമേന്മയോടെ ഉൽപ്പാദിപ്പിക്കുന്ന ലക്ഷക്കണക്കിന് കർഷകർക്കും അനുബന്ധ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കും ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കാവുന്നതേയുള്ളൂ. കർഷകരുടെയും തൊഴിലാളികളുടെയും താൽപര്യങ്ങൾക്ക് മുൻഗണന കൊടുക്കണം എന്നു മാത്രം. എന്നാൽ കക്ഷിഭേദമെന്യേ ഏവരും കുത്തകകളുടെ ഭാഗത്തു നിൽക്കുന്നതാണ് നാം കാണുന്നത്.

ജനങ്ങളെ ഈ വറുതിയിലേയ്ക്ക് തള്ളിവിടാൻ നയനടപടികൾ സ്വീകരിച്ചവർ തന്നെ സമരപ്രഹസനങ്ങളും പ്രഖ്യാപനങ്ങളുമായി രംഗത്തിറങ്ങിയിരിക്കുന്നത് ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ മാത്രമാണ്. ഹർത്താലും ഉപവാസവും സമര പ്രഖ്യാപനങ്ങളുമായി എല്ലാവരും രംഗത്തുണ്ട്. ഇത്ര രൂക്ഷമായ ഒരു സ്ഥിതിവിശേഷം സൃഷ്ടിച്ചതിൽ കേന്ദ്രത്തിലും സംസ്ഥാനത്തും അധികാരത്തിലിരുന്ന എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും ഉത്തരവാദിത്തമുണ്ട്. നരസിംഹറാവു നയിച്ച കോൺഗ്രസ്സ് ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച നയനടപടികളുടെ പ്രത്യാഘാതങ്ങളാണ് ഇതെല്ലാം. തുടർന്നുവന്ന, വാജ്പേയി നേതൃത്വം നൽകിയ ബിജെപി സർക്കാരും മൻമോഹൻസിംഗ് നയിച്ച കോൺഗ്രസ്സ് സർക്കാരും ഇപ്പോൾ നരേന്ദ്രമോദിയും ഇതേ നയങ്ങൾ പിന്തുടരുന്നതാണ് നാം കാണുന്നത്. നരസിംഹറാവു സർക്കാരിന് പുതിയ സാമ്പത്തിക വ്യവസായനയങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനായത് സിപിഐ, സിപിഐ (എം) തുടങ്ങിയ ഇടതുപക്ഷപ്രസ്ഥാനങ്ങളുടെ പൂർണ്ണ പിന്തുണ നേടിയെടുക്കാനായി എന്നതുകൊണ്ടാണ്. നരസിംഹറാവു സർക്കാരിന്റെ ഭാഗമായിരുന്നു സിപിഐ. പുറത്തുനിന്ന് പിന്തുണ നൽകി സിപിഐ(എം). മൻമോഹൻസിംഗ് സർക്കാർ ആദ്യ അഞ്ചുവർഷം പൂർത്തീകരിച്ചത് ഇടതുപക്ഷത്തിന്റെ നിർല്ലോഭമായ പിന്തുണയോടെയാണ് എന്നതും ചരിത്രത്തിന്റെ ഭാഗമായ കാര്യമാണ്. നരസിംഹറാവുസർക്കാരിനും വാജ്പേയിക്കുമിടയിൽ ദേവഗൗഡയും ഐ.കെ.ഗുജറാളും പ്രധാനമന്ത്രിമാരായിരുന്നുകൊണ്ട് ഇടതുപക്ഷവും കേന്ദ്രം ഭരിച്ചിട്ടുണ്ട്. എന്നാൽ നയങ്ങൾ മുന്നോട്ടു തന്നെ നീങ്ങുന്നുവെന്നതായിരുന്നു കാഴ്ച.

ഈ സാഹചര്യത്തിൽ സർക്കാർ കാട്ടേണ്ടത് ചെപ്പടി വിദ്യകളല്ല. കർഷകരെ പ്രതിസന്ധിയിൽനിന്നു രക്ഷിക്കാനുള്ള കാര്യക്ഷമമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുകയാണ് ചെയ്യേണ്ടത്. ഇറക്കുമതി തീരുവ വർദ്ധിപ്പിച്ച് ഇറക്കുമതി നിയന്ത്രിക്കാനുള്ള നടപടികൾ കേന്ദ്ര സർക്കാർ കൈക്കൊള്ളണം. ഊഹക്കച്ചവടത്തിന്റെ പിടിയിൽ നിന്നും റബ്ബറിനെ ഒഴിവാക്കണം. റബ്ബറധിഷ്ഠിത വ്യവസായങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ട് റബ്ബറിന്റെ ആഭ്യന്തരഡിമാന്റ് വർദ്ധിപ്പിക്കാനായി ദീർഘകാലാടിസ്ഥാനത്തിലുള്ള നയനടപടികൾ സ്വീകരിക്കണം. അതോടൊപ്പം അടിയന്തര സഹായം എന്ന നിലയിൽ ചെറുകിട കർഷകർക്കും ടാപ്പിംഗ് തൊഴിലാളികൾക്കും ആശ്വാസം എത്തിക്കണം. ഗാട്ട് ആസിയാൻ കരാറുകളിൽനിന്ന് ഇന്ത്യ പുറത്തുവരണം.

ഈ ആവശ്യങ്ങൾ കർഷകരെയും തൊഴിലാളികളെയും ബഹുജനങ്ങളെയും സംബന്ധിച്ചിടത്തോളം ജീവൽപ്രധാനങ്ങളാണ്. ഇവ നേടിയെടുക്കുവാൻ കർഷകരുടെയും തൊഴിലാളികളുടെയും ബഹുജനങ്ങളുടെയും സംഘടിത പ്രക്ഷോഭം വളർത്തിയെടുക്കുക മാത്രമാണ് ഒരേയൊരു പോംവഴി. കുത്തകകളുടെ താൽപ്പര്യം മാത്രം പരിഗണിക്കുന്ന ആഗോളവൽക്കരണനയങ്ങൾ സാധാരണക്കാരായ ആരെയും വെറുതെവിടില്ല എന്നാണ് റബ്ബറിന്റെ വിലയിടിവ് തെളിയിക്കുന്നത്. ഇതേ നയങ്ങൾക്കിരയായി ജീവനോപാധികൾ തകരുന്ന മറ്റ് ജനവിഭാഗങ്ങളുടെ പ്രക്ഷോഭ പ്രവർത്തനങ്ങളുമായി ഐക്യപ്പെട്ടുകൊണ്ട് ശക്തമായ സമരം വളർത്തിയെടുക്കാൻ കർഷകർ മുന്നോട്ട് വരണം. ■




**റബ്ബറിന്റെ വിലത്തകർച്ച തടയണമെന്നാവശ്യപ്പെട്ടുകൊണ്ട് കുറവിലങ്ങാട് ബിഎസ്എൻഎൽ ഓഫീസിലേയ്ക്ക് നടന്ന മാർച്ച് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു.**

# കേന്ദ്രകമ്മിറ്റി പ്രസ്താവനകൾ

## സമ്പന്നനുവേണ്ടി ജനങ്ങളെ അവഗണിക്കുന്ന കേന്ദ്ര ബജറ്റ്

**(എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് ഫെബ്രുവരി 29 ന് പുറപ്പെടുവിച്ചത്)**

**അ**ടിസ്ഥാന ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെയുള്ള അവശ്യസാധനങ്ങളുടെ കുതിച്ചുയരുന്ന വില, പെരുകുന്ന തൊഴിലില്ലായ്മ, വർദ്ധിച്ചുവരുന്ന തൊഴിൽനഷ്ടം, രൂക്ഷമാകുന്ന ദാരിദ്ര്യം, മിനിമം ജീവിതത്തിന് ആവശ്യമുള്ളതിലും താഴേക്ക് ചുരുങ്ങിക്കൊണ്ടിരിക്കുന്ന വരുമാനം, വർദ്ധിച്ചുകൊണ്ടിരിക്കുന്ന പട്ടിണി മരണങ്ങൾ, ഭരണത്തിന്റെ സമസ്ത മേഖലകളിലും വ്യാപകമാകുന്ന അഴിമതി, കൃത്രിമഭാമമുണ്ടാക്കി വിലവർദ്ധിപ്പിക്കാനായി വ്യാപാരികൾ നടത്തുന്ന കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും, നിരന്തരം ഉയരുന്ന വൈദ്യുതി യാത്രാ നിരക്കുകൾ, പ്രാഥമിക ആരോഗ്യപരിപാലനത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും അപര്യാപ്തത തുടങ്ങിയവയൊക്കെയാണ് ഇന്ത്യയിലെ കഷ്ടപ്പെട്ടുജീവിക്കുന്ന ബഹുഭൂരിപക്ഷം ജനങ്ങളും അനുഭവിക്കുന്ന നീറുന്ന പ്രശ്നങ്ങൾ. എന്നാൽ, കേന്ദ്രധനകാര്യമന്ത്രി, യാഥാർത്ഥ്യബോധത്തോടെ ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് അൽപ്പം ആശ്വാസമെങ്കിലും പകരുന്ന നടപടികൾ സ്വീകരിക്കാതെ വാചകകസർത്തിന്റെ മറവിൽ സമ്പന്നാനുകൂല മുതലാളിത്താനുകൂല സമീപനം തന്നെ തുടരുകയാണ്. വ്യവസായികൾക്കും കോർപ്പറേറ്റുകൾക്കും പുതു സംരംഭകർക്കും ബജറ്റിലെ പതിവ് വകയിരുത്തലുകൾക്കും പുറമേ നികുതിയിളവുകൾ നൽകുന്നു എന്നതാണ് ഈ ബജറ്റിന്റെ എടുത്തു പറയേണ്ട സവിശേഷതകൾ., അതുകൂടാതെ നികുതി കുടിശ്ശിക വരുത്തിയവർക്കുള്ള ഔദാര്യങ്ങൾ വേറെയും. പ്രൊവിഡന്റ് ഫണ്ടിൽ നിന്ന് പണം പിൻവലിക്കുന്നവരുടെ മേൽ പുതിയ നികുതി അടിച്ചേൽപ്പിച്ചിട്ടുമുണ്ട്. സാധാരണക്കാരെ പ്രതികൂലമായി ബാധിക്കുന്ന പരോക്ഷനികുതി കാര്യമായി വർദ്ധിപ്പിക്കുകയും ചെയ്തു. തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുക എന്ന വിഷയത്തിൽ നിന്ന് ഒഴിഞ്ഞുമാറി. തൊഴിലന്വേഷകർ എന്നതിന് പകരം സ്വന്തമായി ബിസിനസ് ആരംഭിച്ച് തൊഴിൽ സ്രഷ്ടാക്കളാകാൻ മന്ത്രി യുവാക്കളെ ഉപദേശിക്കുന്നു. കൃഷിക്കാവശ്യമായ, സാധനങ്ങളുടെ വില കുറയ്ക്കുക, കർഷകർക്ക് ന്യായവില നിഷേധിക്കുന്ന അഴിമതി കെട്ടുപാടുകൾ പൊളിച്ചടുക്കുക തുടങ്ങിയ അടിസ്ഥാന പ്രശ്നങ്ങൾ പരിഗണിക്കുന്നതിനു പകരം ജലസേചനം മെച്ചപ്പെടുത്തുന്നതിനേക്കുറിച്ചും ഭക്ഷ്യസംസ്ക്കരണ മേഖലയിൽ നൂറുശതമാനം നേരിട്ടുള്ള വിദേശ നിക്ഷേപം അനുവദിക്കുന്നതിനെതിനെക്കുറിച്ചുമൊക്കെയാണ് മന്ത്രി വാചാലനാകുന്നത്. വിലയിൽ കൃത്രിമം കാണിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നിതിനു പകരം കാർഷികോൽപ്പന്നങ്ങളുടെ ഊഹക്കച്ചവടം പ്രോത്സാഹിപ്പിക്കുന്നതിലാണ് ശ്രദ്ധയൂന്നുന്നത്. ഭക്ഷ്യോൽപ്പന്നങ്ങളുടെ ഊഹക്കച്ചവടത്തിനും അതുവഴി വിലവർദ്ധനവിനുമാണ് ഇത് വഴിവയ്ക്കുക.

ജനങ്ങളുടെ മേൽ വന്നുപതിക്കുന്ന കൊടിയ ആക്രമണങ്ങൾക്ക് അൽപ്പമെങ്കിലും അറുതിവരുത്തുംവിധം ന്യായമായ ചില ഡിമാന്റുകളെങ്കിലും ഗവണ്മെന്റിനെക്കൊണ്ട് അംഗീകരിപ്പിക്കണമെങ്കിൽ ശക്തവും സംഘടിതവുമായ ബഹുജന പ്രക്ഷോഭം മാത്രമേ പോംവഴിയുള്ളൂ എന്ന വസ്തുത തിരിച്ചറിയണമെന്ന് ഈ സന്ദർഭത്തിൽ ഒരിക്കൽക്കൂടി ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്. ■

## ചെറുകിട നിക്ഷേപത്തിന്റെ പലിശനിരക്ക് കുറയ്ക്കുവാനുള്ള നീക്കത്തിനെതിരെ സംഘടിത ചെറുത്തുനിൽപ്പ് വളർത്തിയെടുക്കുക

**(സഖാവ് പ്രൊവാഷ്ഘോഷ് 2015 ഡിസംബർ 12 ന് പുറപ്പെടുവിച്ച പ്രസ്താവന)**

**ചെ**റുകിട നിക്ഷേപ പലിശ നിരക്കിനെ സർക്കാർ സെക്യൂരിറ്റികളിൽ നിന്നുള്ള വരുമാന നിരക്കുമായി ബന്ധപ്പെടുത്താനും വർഷംതോറും പുതുക്കുന്നതിനുപകരം ഓരോ പാദത്തിലും പലിശ നിരക്ക് പുതുക്കുവാനുമുള്ള കേന്ദ്രസർക്കാരിന്റെ കടുത്ത ജന വിരുദ്ധ തീരുമാനത്തിൽ ഞങ്ങൾ ശക്തമായി പ്രതിഷേധിക്കുന്നു. സർക്കാർ സെക്യൂരിറ്റിയിലും മറ്റും നിന്നുള്ള വരുമാനം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ, പബ്ലിക്ക് പ്രൊവിഡന്റ് ഫണ്ട്, പോസ്റ്റ് ഓഫീസ് മാസവരുമാന പദ്ധതി, പോസ്റ്റ് ഓഫീസ് സ്ഥിര നിക്ഷേപ പദ്ധതി, പോസ്റ്റ് ഓഫീസ് സേവിംഗ്സ് അക്കൗണ്ട് പദ്ധതി എന്നിവയിൽ തങ്ങളുടെ കഠിനാധ്വാനത്തിലൂടെ നേടിയ പണം നിക്ഷേപിച്ച സാധാരണക്കാരുടെ വരുമാനം കുറയുന്നതാണ്. ബാങ്ക് നിക്ഷേപങ്ങൾക്കുള്ള പലിശനിരക്ക് നിരന്തരം വെട്ടിക്കുറച്ചുകൊണ്ടിരിക്കുമ്പോഴാണ് ഈ പ്രഖ്യാപനം വരുന്നത്. വൻകിട വ്യവസായിക കുടുംബങ്ങളുടെയും കോർപ്പറേറ്റ് മേഖലയുടെയും വായ്പാ കുടിശ്ശിഖ എഴുതിത്തള്ളുന്നതിലും അവർക്ക് നികുതിയിളവുകളും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിലും നിസ്സാര പലിശയ്ക്ക് അവർക്ക് പൊതുഖജനാവിൽനിന്ന് ഭീമമായ വായ്പകൾ നൽകുന്നതിലും മറ്റും അത്യുദാരത കാണിക്കുന്ന സർക്കാർ, മറുവശത്ത് പാപ്പരായ, നിരാലംബരായ സാധാരണക്കാരെ നിർദ്ദാക്ഷിണ്യം ഞെക്കിപ്പിഴിയുകയാണ്. ശവത്തിൽ കുത്തുന്ന നടപടിയെന്നേ ഇതിനെ വിശേഷിപ്പിക്കാനാകൂ.

മുതലാളിത്ത വ്യവസ്ഥ സഹജമായ കാരണങ്ങളാൽ അപരിഹാര്യമായ കമ്പോള പ്രതിസന്ധിയിൽപ്പെട്ടിരിക്കുകയാണ്. ചൂഷിത ജനതയുടെ ക്രയശേഷി അനുദിനം ഇടിഞ്ഞുകൊണ്ടിരിക്കുന്നതിനാൽ, കമ്പോളത്തിൽ ഡിമാന്റ് കുത്തനെ കുറഞ്ഞുകൊണ്ടിരിക്കും. എരിതീയിൽ എണ്ണയൊഴിക്കുന്നതുപോലെയാണ് മുതലാളിത്ത വ്യവസ്ഥയുടെ കൂടപ്പിറപ്പായ അഴിമതിയുടെ സ്ഥിതി. ഈ പ്രതിസന്ധിയുടെയെല്ലാം ഭാരം, സമ്പദ്ഘടനയെ വീണ്ടെടുക്കാനെന്ന പേരിൽ അദ്ധ്വാനിച്ചു ജീവിക്കുന്ന ജനങ്ങളുടെ ചുമലിലേയ്ക്കിറക്കി വയ്ക്കാൻ ഭരണ മുതലാളിവർഗ്ഗവും അതിന്റെ ഗവണ്മെന്റുകളും പുതിയ പുതിയ മാർഗ്ഗങ്ങൾ തേടുകയാണ്. ദുരിതമനുഭവിക്കുന്ന ജനങ്ങളുടെ ജീവിതം സമ്പൂർണ്ണ തകർച്ചയിലേയ്ക്ക് പതിക്കുന്നുവെന്നതാണിതിന്റെ ഫലം. സുപ്രധാനമായ നയ തീരുമാനങ്ങൾ ബജറ്റേതരമായും പാർലമെന്റിനെ മറികടന്നും കൈക്കൊള്ളുന്നതും പതിവായിരിക്കുന്നു. ജനാധിപത്യത്തിന്റെ മുഖാവരണമിട്ട, തീർത്തും ഏകാധിപത്യപരമായ വാഴ്ചയുടെ മുഖമുദ്രയാണിത്.

എല്ലാ സങ്കുചിത പരിഗണനകൾക്കും വിഭാഗീയതകൾക്കും അതീതമായി, ശരിയായ നേതൃത്വത്തിൻ കീഴിൽ, ഉന്നതമായ നീതി ബോധത്തിലും സംസ്ക്കാരത്തിലും അധിഷ്ഠിതമായി, അതിശക്തവും ഏകോപിതവുമായ പ്രക്ഷോഭം വളർത്തിയെടുത്തുകൊണ്ടേ ഈ പൈശാചികമായ സാമ്പത്തികാക്രമണങ്ങളെ തുരത്താനാകൂ എന്ന വസ്തുത രാജ്യത്തെ ചൂഷിതരായ ജനങ്ങൾ മനസ്സിലാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ആ സമരം എത്രയും വേഗം കെട്ടിപ്പടുക്കുക എന്നതാണ് കാലം നമ്മോടാവശ്യപ്പെടുന്നത്. ■

## പൊള്ളയായ പ്രഖ്യാപനങ്ങൾ കൊണ്ട് അഴിമതി മൂടിവയ്ക്കുന്ന റെയിൽവേ ബജറ്റ്

**(സഖാവ് പ്രൊവാഷ്ഘോഷ് ഫെബ്രുവരി 26 ന് പുറപ്പെടുവിച്ച പ്രസ്താവന)**

**ബി**ജെപിയുടെ കേന്ദ്ര റെയിൽവേ മന്ത്രി അവതരിപ്പിച്ച ബജറ്റിൽ സാധാരണക്കാരായ യാത്രക്കാർ അനുഭവിക്കുന്ന ദുരിതങ്ങളെയും പ്രശ്നങ്ങളെയും കുറിച്ചുള്ള പരാമർശങ്ങളൊക്കെ വഞ്ചനാപരമായി ഒഴിവാക്കിയിരിക്കുന്നു. പർവ്വതാകാരം പൂണ്ട അഴിമതി, അപാരമായ പാഴ്ചെലവുകൾ, വ്യാപകമായ മോഷണം തുടങ്ങി ചെലവു വർദ്ധിപ്പിക്കുന്ന ഘടകങ്ങളെക്കുറിച്ചൊന്നും പരാമർശിക്കാതെയാണ് ചെലവു ചുരുക്കുന്നതിനെക്കുറിച്ച് മന്ത്രി സംസാരിക്കുന്നത്. ഉറവിടം വ്യക്തമാക്കാതെയാണ് 1.85 ലക്ഷം കോടി രൂപയുടെ വരുമാനം മന്ത്രി കണക്കുകൂട്ടുന്നത്. യാത്രാക്കൂലിയും ചരക്കുകൂലിയും വർദ്ധിപ്പിക്കാത്തതിൽ ജനങ്ങൾക്ക് ആശ്വസിക്കാൻ വകയൊന്നുമില്ലതാനും. കാരണം ഇവ എപ്പോൾ വേണമെങ്കിലും പാർലമെന്റിനെ മറികടന്ന്, സർക്കാർ ഉത്തരവുകളിലൂടെ വർദ്ധിപ്പിക്കുന്നതു കൂടാതെ, പിൻവാതിലിലൂടെ ചാർജ്ജ് കൂട്ടുന്ന സമ്പ്രദായവും നിലവിലുണ്ട്. സൂപ്പർ ഫാസ്റ്റ് സർചാർജ്ജ്, തത്കാൽക്വാട്ട വർദ്ധന, ആവശ്യം കൂടുന്നതിനനുസരിച്ച് ടിക്കറ്റ് ചാർജ്ജ് കൂടുന്ന രീതി, പ്ലാറ്റ്ഫോം ടിക്കറ്റിനും പാസഞ്ചർ ട്രെയിനിലെ മിനിമം ടിക്കറ്റിനും ചാർജ്ജ് ഇരട്ടിയാക്കൽ തുടങ്ങി പല മാർഗ്ഗങ്ങളും ഇതിന് അവലംബിക്കുന്നു. വരുംവർഷങ്ങളിൽ ഇത് തുടരുകയില്ലെന്ന് മന്ത്രി പറയുന്നുമില്ല. സമയനിഷ്ഠ റെയിൽവെയിൽ നിന്ന് ഏതാണ്ട് അപ്രത്യക്ഷമായിക്കഴിഞ്ഞെങ്കിലും ആ വിഷയത്തിൽനിന്ന് തന്ത്രപൂർവ്വം ഒഴിഞ്ഞുമാറി 2020 ഓടെ 95 ശതമാനം ട്രെയിനുകളും കൃത്യസമയത്ത് ഓടിക്കുമെന്ന് മന്ത്രി പ്രഖ്യാപിക്കുന്നു. മോഷണം, കൊള്ള എന്നിവയിൽ നിന്ന് യാത്രക്കാർക്ക് സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനോ, വനിതായാത്രക്കാർക്കുനേരെ വർദ്ധിച്ചുവരുന്ന പീഡനങ്ങൾക്ക് അറുതിവരുത്തുന്നതിനോ ഒരു പദ്ധതിയുമില്ല. അപകടം ഒഴിവാക്കുന്നതിനായി ട്രാക്കുകളുടെയും പാലങ്ങളുടെയുമൊക്കെ അറ്റകുറ്റപ്പണികൾ കൃത്യമായി ചെയ്യുന്നതിന് ഒരു പ്രാധാന്യവും നൽകിയിട്ടില്ല. സുരക്ഷാവിഷയത്തിൽ എങ്ങും തൊടാതെയുള്ള ചില പരാമർശങ്ങൾ മാത്രം. മാലിന്യ നീക്കത്തിന് ജൈവ നിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ചും ഫോൺ ചെയ്താൽ തൂപ്പുകാർ ഹാജരാകുന്നതിനെക്കുറിച്ചുമൊക്കെ വാചാലമാകുന്നുണ്ടെങ്കിലും വൃത്തിയെക്കുറിച്ച് സർക്കാർ പറയുന്തോറും കൂടുതൽ വൃത്തിഹീനമായ കംപാർട്ടുമെന്റുകളും സ്റ്റേഷനുകളും എന്നതാണ് ജനങ്ങളുടെ അനുഭവം. അഴിമതിയിൽ മുങ്ങി അനുദിനം അധഃപതിച്ചുകൊണ്ടിരിക്കുന്ന റെയിൽവേ ഒരുപിടി വാഗ്ദാനങ്ങൾകൊണ്ട് എല്ലാം മൂടിവയ്ക്കാൻ ശ്രമിക്കുകയാണ്. ഹൈ-ടെക് സൗകര്യങ്ങളെക്കുറിച്ചുള്ള മോഹന വാഗ്ദാനങ്ങളും, തൊലിപ്പുറമെയുള്ള, പ്രദർശനത്തിനുവേണ്ടിയുള്ള മിനുക്കു പണികൾ മാത്രമാണ് എന്നതാണ് യാത്രക്കാരുടെ അനുഭവം. സർക്കാർ കൊട്ടിഘോഷിക്കുന്ന വികസന പദ്ധതികളിൽ നല്ലൊരു പങ്കും ഒന്നുകിൽ ഉപേക്ഷിക്കപ്പെട്ടതോ അല്ലെങ്കിൽ മരവിപ്പിച്ചുനിർത്തിയിരിക്കുന്നതോ ആണെന്ന് കാണാം. പിപിപി മാർഗ്ഗം പ്രഖ്യാപിച്ചിരിക്കുന്നത് ഘട്ടംഘട്ടമായി റെയിൽവേ സ്വകാര്യവൽക്കരിക്കുന്നതിനുള്ള പദ്ധതിയാണെന്ന് വ്യക്തമാണ്. സബ്സിഡിയില്ലാതെ പ്രത്യേക സംവിധാനം വഴിയുള്ള തേജസ് പോലുള്ള ആഡംബര സർവ്വീസുകളുടെ പ്രഖ്യാപനവും ഇതിന്റെ സൂചനയാണ്. ഇത് റെയിൽവേയിലെ ജോലി സാദ്ധ്യതയും വൻതോതിൽ വെട്ടിച്ചുരുക്കും.

ഏറെ വഞ്ചനാപരമായ ഈ ബജറ്റിനെ ഞങ്ങൾ ശക്തമായി അപലപിക്കുന്നു. അതോടൊപ്പം ജനങ്ങളെ കബളിപ്പിക്കുന്നതിനുള്ള ഇത്തരം കുതന്ത്രങ്ങൾക്കെതിരെ സംഘടിതമായ പ്രതിഷേധം വളർത്തിയെടുക്കാൻ ജനങ്ങളോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ■

## ജീവൻരക്ഷാ മരുന്നുകളുടെ ഇറക്കുമതി തീരുവ ഇളവ് എടുത്തുകളയാനുള്ള നടപടി പിൻവലിക്കുക

**(സഖാവ് പ്രൊവാഷ്ഘോഷ് ഫെബ്രുവരി 7 ന് പുറപ്പെടുവിച്ച പ്രസ്താവന)**

**ക്യാ**ൻസറിന്റേതുൾപ്പെടെയുള്ള ജീവൻരക്ഷാ മരുന്നുകൾ അടങ്ങിയ 75 മരുന്നുകൾക്ക് ഇതുവരെയുണ്ടായിരുന്ന ഇറക്കുമതി തീരുവാ ഇളവ് എടുത്തുകളഞ്ഞ കേന്ദ്ര സർക്കാരിന്റെ ധിക്കാരപരമായ നടപടിയെ ഞങ്ങൾ ശക്തമായി എതിർക്കുന്നു. ഇതിന്റെ ഫലമായി, ഇനിമുതൽ 22 ശതമാനം എക്സൈസ്-ഇറക്കുമതി നികുതികൾ കൊടുക്കേണ്ടി വരുന്നതിനാൽ ഈ മരുന്നുകൾ വളരെയേറെ വിലയുള്ളതായി മാറും. സാധാരണക്കാരായ രോഗികളുടെ രക്തമൂറ്റുന്നതും ഭീമമായ വിലകൊടുത്തു വാങ്ങുവാൻ കഴിവില്ലാത്ത രോഗികളെ മരണത്തിലേയ്ക്ക് തള്ളിവിടുന്നതുമാണ് ഈ നടപടി. നിലവിലുള്ള നാമമാത്രമായ ജനക്ഷേമ പരിപാടികൾപോലും ചിട്ടയായി വെട്ടിക്കുറയ്ക്കുന്നതും, മറുവശത്ത് വ്യവസായ കുടുംബങ്ങൾക്കും കോർപ്പറേറ്റുകൾക്കും അനിയന്ത്രിതമായി ഇളവുകൾ നൽകുന്നതും അവരുടെ ഭീമമായ ബാങ്ക് കിട്ടാക്കടം എഴുതിത്തള്ളുന്നതും ബിജെപി കേന്ദ്രത്തിൽ അധികാരത്തിൽ വന്നതുമുതൽ ഒരു പതിവാക്കിയിരിക്കുകയാണ്.

കഷ്ടതയനുഭവിക്കുന്ന വിപുലമായ ജനങ്ങളോടും അതുപോലെ ഡോക്ടർമാർ, നഴ്സുമാർ, ആരോഗ്യപ്രവർത്തകർ, ആരോഗ്യമേഖലയുമായി ബന്ധപ്പെട്ടിട്ടുള്ള മറ്റുള്ളവർ തുടങ്ങി എല്ലാവരോടും അവസരത്തിനൊത്തുയരുവാനും, ശക്തമായ സംഘടിത പ്രക്ഷോഭണം വളർത്തിയെടുത്തുകൊണ്ട് സർക്കാരിന്റെ ജനാധിപത്യ വിരുദ്ധവും ഏകാധിപത്യപരവുമായ നടപടികൾ പരാജയപ്പെടുത്താനും അഭ്യർത്ഥിക്കുന്നു. ■

## കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ ജനദ്രോഹ നയങ്ങൾക്കെതിരെ

# എറണാകുളത്ത് കണയന്നൂർ താലൂക്ക് ഓഫീസ് മാർച്ച്

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി എറണാകുളം ജില്ലാകമ്മിറ്റിയുടെ നേതൃത്വത്തിൽ കണയന്നൂർ താലൂക്കോഫീസിലേക്ക് മാർച്ച് നടത്തി. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ജനദ്രോഹ നയങ്ങൾക്കും വർഗ്ഗീയതയ്ക്കുമെതിരെ നടത്തിയ മാർച്ച് എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി ടി.കെ.സുധീർകുമാർ ഉദ്ഘാടനം ചെയ്തു.

സാമ്പത്തിക നയങ്ങളുടെ ആഘാതം ജനജീവിതത്തെ വലയ്ക്കുന്ന ചിത്രമാണ് രാജ്യമെമ്പാടുമെന്നും, എന്നാൽ അതിനെതിരെ വളർന്നുവരാൻ സാധ്യതയുള്ള ജനരോഷത്തെ വഴിതിരിച്ചുവിടാൻ വർഗ്ഗീയതയെയും വംശീയ-ജാതി രാഷ്ട്രീയത്തെയും കൂട്ടുപിടിച്ചിരിക്കുകയാണ് ബിജെപിയുടെ കേന്ദ്ര സർക്കാരെന്ന് അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ സൂചിപ്പിച്ചു. ജെഎൻയുവിലും ഹൈദ്രബാദ് യൂണിവേഴ്സിറ്റിയിലുമൊക്കെ ദേശദ്രോഹത്തിന്റെയും ജാതിവെറിയുടെയും പേരിൽ നടക്കുന്ന അതിക്രമങ്ങളും സാംസ്കാരിക സ്ഥാപനങ്ങളുടെയും ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളുടെയും മേലുള്ള നിയന്ത്രണം കൈപ്പിടിയിലൊതുക്കാൻ മോദി സർക്കാരും സംഘപരിവാറും നടത്തുന്ന ശ്രമങ്ങളും നേരായി ചിന്തിക്കുന്നവരെ ആശങ്കയിലാക്കുകയാണ്. കേരളത്തിലാകട്ടെ, തെരഞ്ഞെടുപ്പ് അടുത്തപ്പോൾ അഴിമതിയുടെയും വഴിവിട്ട ഇടപാടുകളുടെയും കഥകൾ പരസ്പരം വാരിയെറിഞ്ഞ് ഇടതു-വലതുമുന്നണികൾ ഉയർത്തിവിടുന്ന മലിമസമായ രാഷ്ട്രീയത്തിൽ നിന്നും മുതലെടുക്കാൻ തക്കം പാർത്തിരിക്കുകയാണ് ഛിദ്രശക്തികൾ. മനം മടുപ്പിക്കുന്ന ഈ സാഹചര്യത്തിന്റെ സൃഷ്ടാക്കൾ ജനദ്രോഹ സാമ്പത്തിക നയങ്ങളുടെ ഉപാസകരാണ്. ഈ സാമ്പത്തിക നയങ്ങൾക്കെതിരെ രാജ്യമെമ്പാടും വളർന്നുവരേണ്ടുന്ന സുശക്തമായ ഇടതു-ജനാധിപത്യ സമരപ്രസ്ഥാനത്തിൽ ജനങ്ങൾ ഒന്നടങ്കം കക്ഷി-രാഷ്ട്രീയ സങ്കുചിത താൽപ്പര്യങ്ങൾക്കതീതമായി ഒന്നിക്കണമെന്നും അദ്ദേഹം ആഭ്യർത്ഥിച്ചു.

എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടേറിയറ്റംഗം പി.എം.ദിനേശൻ അദ്ധ്യക്ഷത വഹിച്ചു. എംസിപിഐ(യു) സംസ്ഥാന സെക്രട്ടേറിയറ്റംഗം പി.പി.സാജു, എസ്‌യുസിഐ(സി)ജില്ലാസെക്രട്ടേറിയറ്റംഗം ഫ്രാൻസിസ് കളത്തുങ്കൽ, ജില്ലാ കമ്മിറ്റിയംഗം സി.ബി. അശോകൻ, എഐഡിവൈഒ ജില്ലാ സെക്രട്ടറി കെ.ഒ.സുധീർ എന്നിവരും പ്രസംഗിച്ചു. ഹൈക്കോടതി ജംഗ്ഷനിൽ നിന്നാരംഭിച്ച മാർച്ചിന് ജില്ലാനേതാക്കളായ പി.പി.അഗസ്റ്റിൻ, കെ.കെ.ശോഭ, കെ.പി.സാൽവിൻ, എം.കെ.ഉഷ, കെ.ഒ.ഷാൻ, സി.കെ.രാജേന്ദ്രൻ, സി.കെ.തമ്പി എന്നിവർ നേതൃത്വംകൊടുത്തു.



കണയന്നൂർ താലൂക്കോഫീസ് മാർച്ച് ജില്ലാ സെക്രട്ടറി സഖാവ് ടി.കെ.സുധീർകുമാർ ഉദ്ഘാടനം ചെയ്യുന്നു ■

# കൊല്ലത്ത് കളക്ട്രേറ്റ് മാർച്ച്

വിലക്കയറ്റമുൾപ്പെടെയുള്ള ജീവിത പ്രശ്നങ്ങൾ ഉന്നയിക്കാതെ കേവലം വികസനത്തെക്കുറിച്ച് മാത്രം പറയുന്ന ഇടതു-വലതു-ബി.ജെ.പി. മുന്നണികളുടെ ജാഥകളും യാത്രകളും ജനവഞ്ചനയുടെ പാരമ്യമാണെന്ന് എസ്‌യുസിഐ (സി) ജില്ലാ സെക്രട്ടറി ജി.എസ്. പത്മകുമാർ അഭിപ്രായപ്പെട്ടു.

എക്സൈസ് നികുതി വർദ്ധിപ്പിച്ചുകൊണ്ട് കേന്ദ്രസർക്കാർ പെട്രോളിയം ഉല്പന്നങ്ങൾക്ക് വിലവർദ്ധിപ്പിക്കുമ്പോൾ വില്പന നികുതി വർദ്ധിപ്പിച്ചുകൊണ്ട് സംസ്ഥാന സർക്കാരും ഇതേപാതയിൽ തന്നെയാണ് സഞ്ചരിക്കുന്നത്. ഈ ജനവിരുദ്ധ നിലാപാടുകൾക്കെതിരെ ശരിയായ ദിശയിൽ സമരം വളർത്തിയെടുക്കുകയെന്നതാണ് ഇന്നത്തെ ആവശ്യകതയെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റി കൊല്ലത്തു സംഘടിപ്പിച്ച കളക്ട്രേറ്റ് മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എസ്‌യുസിഐ. (സി) ജില്ലാ കമ്മിറ്റിയംഗം ഷൈലാ കെ. ജോണിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പാർട്ടി ജില്ലാ കമ്മിറ്റിയംഗങ്ങളായ ജി.ധ്രുവകുമാർ, പി.പി.പ്രശാന്ത്കുമാർ, ബി. വിനോദ്, കെ. ശശാങ്കൻ, തുടങ്ങിയവരും എംസിപിഐ(യു) നേതാവ് വി.എസ്.മോഹൻലാലും പ്രസംഗിച്ചു. കെഎസ്ആർടിസി ജംഗ്ഷനിൽ നിന്നുമാരംഭിച്ച പ്രകടനത്തിൽ എസ്. രാധാകൃഷ്ണൻ, ബി. രാമചന്ദ്രൻ, എസ്. രാഘവൻ, തുടങ്ങിയവർ നേതൃത്വം നൽകി.



കൊല്ലം കളക്ട്രേറ്റ് മാർച്ച് ■

# പാലക്കാട് കളക്ട്രേറ്റ് ധർണ്ണ



പാലക്കാട് കളക്ട്രേറ്റ് ധർണ്ണ ജില്ലാ സെക്രട്ടറി സഖാവ് കെ.അബ്ദുൾ അസീസ് ഉദ്ഘാടനം ചെയ്യുന്നു

വിലക്കയറ്റത്തിനും അഴിമതിക്കും ജനദ്രോഹ നയങ്ങൾക്കുമെതിരെ എസ്‌യുസിഐ (സി) പാലക്കാട് ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കളക്ട്രേറ്റ് ധർണ്ണ നടത്തി. അവശ്യ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ വിപണിയിൽ സർക്കാർ കാര്യക്ഷമമായി ഇടപെടുക, മരുന്നുകളുടെ വില വർദ്ധനവ് തടയുക, പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കുറയ്ക്കുക, റബ്ബർ വിലയിടിവ് തടയുക, വിദ്യാഭ്യാസത്തിന്റെ വാണിജ്യവല്ക്കരണം അവസാനിപ്പിക്കുക, സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് മരുന്നും; ഡോക്ടർമാരുടെയും നഴ്സുമാരുടെയും ഇതര ജീവനക്കാരുടെയും സേവനവും ലഭ്യമാക്കുക തുടങ്ങിയ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ടാണ് ധർണ്ണ സംഘടിപ്പിച്ചത്.

എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജി.എസ്.പത്മകുമാർ ധർണ്ണ ഉൽഘാടനം ചെയ്തു. ആഗോളവല്ക്കരണ നയങ്ങൾക്കെതിരായ ജനരോഷം യോജിച്ച ജനകീയ പ്രക്ഷോഭണമായി വളരുന്നത് തടയുന്നതിനുവേണ്ടിയാണ് കേന്ദ്ര ഗവൺമെന്റ് വർഗ്ഗീയ സ്പർദ്ധ വളർത്തുന്നതെന്ന് അദ്ദേഹം പറഞ്ഞു. ജില്ലാസെക്രട്ടറി കെ. അബ്ദുൾ അസീസ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കമ്മിറ്റിയംഗം കെ.എം. ബീവി, കെ.രാമനാഥൻ, എൻ. സുഗന്ധി, വി. കണ്ടച്ചാമി, കെ. പ്രസാദ് എന്നിവർ സംസാരിച്ചു. എ. റജീന സ്വാഗതവും കെ. പ്രദീപ് നന്ദിയും പറഞ്ഞു. ■

# തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റ് ധർണ്ണ

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ജനദ്രോഹ നയങ്ങൾക്കെതിരെ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) തിരുവനന്തപുരം ജില്ലാകമ്മിറ്റി സംഘടിപ്പിച്ച സെക്രട്ടേറിയറ്റ് ധർണ്ണ പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജി.എസ്.പത്മകുമാർ ഉദ്ഘാടനം ചെയ്തു.

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ജനദ്രോഹനയങ്ങൾ ജനജീവിതം അക്ഷരാർത്ഥത്തിൽ ദുഃസഹമാക്കിത്തീർത്തിരിക്കുകയാണ്. യു.ഡി.എഫ് ഗവൺമെന്റ് അഞ്ചുവർഷം തികയ്ക്കുന്നത് സമസ്ത രംഗങ്ങളിലും ജനദ്രോഹനയങ്ങൾ അടിച്ചേൽപ്പിച്ചും അഴിമതിയിലൂടെ പൊതുസമ്പത്തൊന്നാകെ കൊള്ളയടിച്ചുമാണെന്ന് സഖാവ് ജി.എസ്.പത്മകുമാർ പറഞ്ഞു.

എം.ഷാജർഖാൻ അദ്ധ്യക്ഷത വഹിച്ച ധർണ്ണയിൽ ആർ.ബിജു, പി.എസ്.ഗോപകുമാർ, എസ്.ശ്രീകുമാർ,ആർഎംപി സംസ്ഥാന കമ്മിറ്റിയംഗം പേരൂർക്കട മോഹൻ എന്നിവർ പ്രസംഗിച്ചു. ■



സെക്രട്ടേറിയറ്റിനുമുന്നിൽ നടന്ന ധർണ്ണ സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജി.എസ്.പത്മകുമാർ ഉദ്ഘാടനം ചെയ്യുന്നു.

## വിദ്യാഭ്യാസത്തെ രക്ഷിക്കുക, അദ്ധ്യാപകരെ രക്ഷിക്കുക

# അദ്ധ്യാപക സംഗമം

കേരളത്തിലെ അധ്യാപകർ നിലനിൽപ്പിനായി നടത്തുന്ന സമരം കനലെരിയുന്ന പാതകളിലൂടെ മുന്നേറുകയാണ്. വർഷങ്ങളായി അധ്യാപനം എന്ന മഹത്തായ കർമ്മത്തിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകർക്ക് നിയമനാംഗീകാരം നേടിയെടുക്കാനുള്ള പ്രക്ഷോഭമാണ് ഇതിലൊന്ന്. അധ്യാപക പാക്കേജ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി അംഗീകരിച്ചുവെങ്കിലും അധ്യാപകർ സുരക്ഷിതരായിട്ടില്ല. അനുപാതം എത്ര കുറച്ചാലും പൊതുവിദ്യാലയങ്ങൾ 'അനാദായകര'മെന്ന പട്ടികയിൽ ഉൾപ്പെട്ടാൽ അധ്യാപകർ സ്കൂളിൽ നിന്ന് പുറത്താക്കപ്പെടുമെന്ന അവസ്ഥയിലാണ്.

വിദ്യാഭ്യാസത്തിൽ അധ്യാപകന്റെ പങ്ക് സുപ്രധാനമാണ്. അധ്യാപകനില്ലെങ്കിൽ വിദ്യാഭ്യാസമില്ല. എന്നാൽ, ഇപ്പോൾ അധ്യാപനം നടത്തിയാൽ ശമ്പളവും സേവനാനുകൂല്യങ്ങളും മറ്റും ലഭിക്കണമെങ്കിൽ അധ്യാപകർ തെരുവിൽ പൊരുതേണ്ട അവസ്ഥയിലാണ്. ഈ അവസ്ഥക്ക് ഒരു മാറ്റം അനിവാര്യമാണ്. പൊതുവിദ്യാലയങ്ങൾ അൺഎക്കണോമിക് ആയി മാറാൻ പാടില്ല. അതിനു കാരണമായ സർക്കാരിന്റെ വികലമായ നയങ്ങളെ ചെറുത്തു പരാജയപ്പെടുത്തണം. അധ്യാപകരേയും വിദ്യാർത്ഥികളെയും വിദ്യാഭ്യാസത്തെയും സംരക്ഷിക്കണം. അത് കേരള സമൂഹത്തിന്റെ ആവശ്യകതയാണ്.

2011-ൽ അപ്രൂവൽ ലഭിച്ച അധ്യാപകരും അവരുടെ മുൻകാല സർവ്വീസ് അംഗീകരിക്കൽ ആവശ്യപ്പെട്ട് സമരം നടത്തുകയാണ്. അൺ എക്കണോമിക് സ്കൂളിലെ അധ്യാപകർ NATU വിന്റെ നേതൃത്വത്തിൽ ജീവൻമരണ സമരത്തിലാണ്.

ഈ സാഹചര്യത്തിലാണ് വിദ്യാഭ്യാസ സ്നേഹികളുടെ പ്രസ്ഥാനമായ സേവ് എജ്യൂക്കേഷൻ കമ്മിറ്റി വിദ്യാഭ്യാസത്തെയും അധ്യാപകരേയും സംരക്ഷിക്കുക എന്നാവശ്യവുമായി സംസ്ഥാന വ്യാപകമായി ഒരു പ്രക്ഷോഭം ആരംഭിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായാണ് കേരളത്തിലെ സ്കൂൾ അധ്യാപകർ നേരിടുന്ന വിവിധ പ്രശ്നങ്ങളെയും വിദ്യാഭ്യാസരംഗം നേരിടുന്ന വെല്ലുവിളികളെയും ആഴത്തിൽ ചർച്ച ചെയ്യാനായി സംസ്ഥാനതല അദ്ധ്യാപക സംഗമം കോഴിക്കോട് വിളിച്ചു ചേർത്തത്.




**അദ്ധ്യാപക സംഗമത്തിൽ എം.ഷാജർഖാൻ അദ്ധ്യക്ഷപ്രസംഗം നടത്തുന്നു. വേദിയിൽ യൂസഫ് എളമ്പിലാട്, ഡോ.വി.വേണുഗോപാൽ, വി.രവീന്ദ്രൻ.**

അദ്ധ്യാപക സംഗമം, ഫെബ്രുവരി 27-ന് രാവിലെ 10.30-ന് കോഴിക്കോട് ശിക്ഷക് സദനിൽ, ഡോ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ അദ്ധ്യക്ഷത വഹിച്ചു. യൂസഫ് എളമ്പിലാട് മുഖ്യപ്രമേയം അവതരിപ്പിച്ചു. വി.രവീന്ദ്രൻ, കെ.റ്റി.അബ്ദുൾ അസീസ്, ബാബു സുശോഭ് എം.രതീഷ് രാമകൃഷ്ണൻ, പ്രവീൺ, കമല ടീച്ചർ, ബിജിഷ ടീച്ചർ, മുഹമ്മദ് ഷാക്കിർ, വനജ (പ്രീ-പ്രൈമറി) എന്നിവർ പ്രസംഗിച്ചു. ഡോ.എം.ജ്യോതിരാജ് സ്വാഗതവും സി. ഷീബ ടീച്ചർ നന്ദിയും പറഞ്ഞു.

### സേവ് ടീച്ചേഴ്സ് ഫോറത്തിന് രൂപം നൽകി

കക്ഷിരാഷ്ട്രീയത്തിനതീതമായി സ്കൂൾ അദ്ധ്യാപകരുടെ ഒരു സ്വതന്ത്ര ഫോറത്തിന് സംഗമം രൂപം നൽകി. വിദ്യാഭ്യാസത്തെയും അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും രക്ഷിക്കുക എന്ന ബൃഹത്തായ ലക്ഷ്യത്തോടെയാണ് നിസ്വാർത്ഥരും സമർപ്പിതരുമായ അദ്ധ്യാപകരുടെ കൂട്ടായ്മയായി സേവ് ടീച്ചേഴ്സ് ഫോറം ആരംഭിക്കുന്നതെന്ന് പാനൽ അവതരിപ്പിച്ച എം.ഷാജർഖാൻ പറഞ്ഞു. 28-അംഗ കമ്മിറ്റിയെയാണ് സംഗമം തെരഞ്ഞെടുത്തത്. അഞ്ച് സെക്ടറൽ കൺവീനർമാരെയും തെരഞ്ഞെടുത്തു. ■

# ആലപ്പുഴ ജില്ലാ സേവ് എജ്യൂക്കേഷൻ കൺവൻഷൻ



**ആലപ്പുഴ ജില്ലാ സേവ് എജ്യൂക്കേഷൻ കൺവൻഷൻ ഹരിപ്പാട് ഡോ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു. അഡ്വ.ഇ.എൻ.ശാന്തിരാജ്, എം.ഷാജർഖാൻ, പ്രൊഫ.ആർ.ഇന്ദുലാൽ, അഡ്വ.ബി.കെ.രാജഗോപാൽ, ആർ.പാർത്ഥസാരഥിവർമ്മ എന്നിവർ മുൻനിരയിൽ**

വിദ്യാഭ്യാസത്തിന്റെ പ്രാഥമിക-ഉന്നത-ഗവേഷണ മേഖലകൾ വരെ ദേശ-വിദേശ മൂലധന ശക്തികൾക്ക് കൈമാറാനുള്ള നീക്കങ്ങളെ ചെറുക്കുക, മതത്തിന്റെയും ജാതിയുടെയും പേരിൽ ഉയരുന്ന വിഭാഗീയ ആശയ സ്വാധീനങ്ങളിൽ നിന്ന് വിദ്യാഭ്യാസത്തെ സംരക്ഷിക്കുക എന്നീ മുദ്രാവാക്യങ്ങളുയർത്തിക്കൊണ്ട് ആലപ്പുഴ ജില്ലാ സേവ് എജ്യൂക്കേഷൻ കൺവൻഷൻ നടന്നു. ഫെബ്രുവരി 6 ന് ഹരിപ്പാട് എൻഎസ്എസ് ആഡിറ്റോറിയത്തിൽ നടന്ന കൺവൻഷൻ കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ജനറൽ സെക്രട്ടറി ഡോ. വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് അഡ്വ: ഇ.എൻ.ശാന്തിരാജിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന കൺവൻഷനിൽ AISEC സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ വിഷയാവതരണം നടത്തി. കവയിത്രി ഡോ. അമൃത, AKPCTA ജില്ലാ പ്രസിഡന്റ് പ്രൊഫ. ആർ.ഇന്ദുലാൽ, പ്രൊഫ.കെ.സോമൻ, അഡ്വ.ബികെ.രാജഗോപാൽ, അമ്പലപ്പുഴ ഗവണ്മെന്റ് കോളേജ് അസി. പ്രൊഫസർ എം.എച്ച്.രമേശ്കുമാർ, റിട്ടയേഡ് ഡയറ്റ് പ്രിൻസിപ്പൾ ഡോ. കെ.വി.നാരായണകുറുപ്പ്, ജി.ശശികുമാർ മാവേലിക്കര, AIMSS ജില്ലാ പ്രസിഡന്റ് എസ്.സൗഭാഗ്യകുമാരി, സേവ് എജ്യൂക്കേഷൻ ജില്ലാ സെക്രട്ടറി ആർ.പാർത്ഥസാരഥി വർമ്മ എന്നിവർ പ്രസംഗിച്ചു. കെ.ബിമൽജി സ്വാഗതവും ആർ.അപർണ്ണ നന്ദിയും പറഞ്ഞു. 29 അംഗ ജില്ലാ കമ്മിറ്റിക്ക് കൺവൻഷൻ രൂപം നൽകി. ■

# ആലുവ യു.സി.കോളേജ് ആട്ടോണമസ് ആക്കുന്നതിനെതിരെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ഉജ്ജ്വലമായ ചെറുത്തുനിൽപ്പ്



ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജിനു സ്വയംഭരണം നൽകുന്നത് സംബന്ധിച്ച നടപടികളുടെ ഭാഗമായി കോളേജിൽ സന്ദർശനത്തിനെത്തിയ യുജിസി സംഘത്തിനെതിരെ വിദ്യാർത്ഥികളും അദ്ധ്യാപകരും ഉജ്ജ്വലമായ ചെറുത്ത്നിൽപ്പ് സമരം സംഘടിപ്പിച്ചു. ഫെബ്രുവരി 24,25 തീയതികളിൽ കോളേജിൽ യുജിസി സംഘം എത്തിയപ്പോഴാണ് സമരം നടന്നത്. യുജിസി സംഘത്തിനെതിരെ മുദ്രാവാക്യം മുഴക്കിക്കൊണ്ട് അണിനിരന്ന വിദ്യാർത്ഥികളെ തടയാൻ മാനേജുമെന്റിന്റെ ഒത്താശയോടെ പോലീസ് ക്യാമ്പസ്സിൽ പ്രവേശിച്ചു. പെൺകുട്ടികളുൾപ്പെടെ 500 ഓളം വിദ്യാർത്ഥികളെ ഫെബ്രുവരി 24 ന് കോളേജിനുള്ളിൽ നിന്ന് കസ്റ്റഡിയിലെടുത്ത് പോലീസ് സ്റ്റേഷനുകളിലേക്ക് മാറ്റി. വനിതാ പോലീസ് ഇല്ലാതെയാണ് ആദ്യഘട്ടത്തിൽ പെൺകുട്ടികളെ അറസ്റ്റുചെയ്തത്. ഇതിനെതിരെ ശക്തമായ പ്രതിഷേധമുയർന്നു. അറസ്റ്റു തുടരുമ്പോഴും യുജിസി സംഘത്തിനെതിരെ വിദ്യാർത്ഥികൾ മുദ്രാവാക്യം മുഴക്കിക്കൊണ്ട് പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ടിരുന്നു. പ്രതിഷേധിച്ച അദ്ധ്യാപകർ യുജിസി സന്ദർശനത്തോട് നിസഹകരിച്ചുകൊണ്ടും വിദ്യാർത്ഥികളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും നിലപാടെടുത്തു. പോലീസ് കസ്റ്റഡിയിൽനിന്ന് കേസ് രജിസ്റ്റർ ചെയ്യാതെ വൈകുന്നേരത്തോടെ വിദ്യാർത്ഥികളെ വിട്ടയച്ചു. രണ്ടാംദിവസവും ശക്തമായ വിദ്യാർത്ഥി സമരം തുടർന്നതോടെ സന്ദർശനം പരിമിതപ്പെടുത്താൻ യുജിസി സംഘം നിർബന്ധിതമായി. കേരളത്തിൽ കക്ഷി-രാഷ്ട്രീയത്തിനതീതമായി വിദ്യാർത്ഥികൾ ഒന്നടങ്കം കോളേജ് സ്വയംഭരണത്തിനെതിരെ ഒന്നിച്ചത് പുതിയ അനുഭവമായി. തികച്ചും അക്രമരഹിതമായാണ് സമരം സംഘടിപ്പിക്കപ്പെട്ടത്. വിദ്യാർത്ഥികളുടെ ഉറച്ച നിലപാടും എന്തുവന്നാലും പിന്തിരിയില്ലെന്നുള്ള നിശ്ചയദാർഢ്യവും സമരത്തിന് വലിയ പിന്തുണ നേടിക്കൊടുത്തു.

രണ്ടുമാസം മുമ്പ് ഇതുമായി ബന്ധപ്പെട്ട് നടന്ന സമരം ശ്രദ്ധേയമായിരുന്നു. സമരത്തെ തുടർന്ന് നിർത്തിവയ്ക്കപ്പെട്ട നടപടികളാണ് ഇപ്പോൾ കോളേജ് മാനേജുമെന്റ് കോടതിയെ സമീപിച്ച് പോലീസ് സഹായത്തോടെ നടത്താൻ തീരുമാനിച്ചത്. കോളേജുകൾക്ക് സ്വയംഭരണം നൽകാനും യൂണിവേഴ്സിറ്റികളിൽനിന്നുള്ള അഫിലിയേഷൻ സമ്പ്രദായം ഇല്ലാതാക്കാനുമുള്ള നടപടികൾ 'റൂസ പദ്ധതി'യുടെ ഭാഗമായി നടന്നു വരികയാണ്. അതിന്റെ ഭാഗമായി കോളേജുകളുടെ ഭൗതികസാഹചര്യങ്ങളെ വിലയിരുത്തി നൽകുന്ന വൻതുക ഗ്രാന്റും നിശ്ചിത കാലയളവിനുള്ളിൽ കോളേജുകളെ സ്വയംഭരണ സ്വാശ്രയ കച്ചവടസ്ഥാപനങ്ങളാക്കിമാറ്റുന്നതുവഴിയുള്ള നേട്ടവും ലാക്കാക്കിയാണ് മാനേജുമെന്റുകൾ സ്വയംഭരണത്തിനുവേണ്ടി നിലകൊള്ളുന്നത്.

കോളേജിന്റെ സ്വയംഭരണത്തിനെതിരെ എഐഡിഎസ്ഒ ആദ്യകാലംമുതൽതന്നെ മുന്നറിയിപ്പുനൽകുകയും ശക്തമായ പ്രചാരണപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു. എഐഡിഎസ്ഒ ജില്ലാ കൗൺസിൽ അംഗം സഖാവ് അഞ്ജലി സുരേന്ദ്രനും മറ്റു വിദ്യാർത്ഥി സംഘടനാ നേതാക്കൾക്കൊപ്പം സമരത്തിൽ നേതൃത്വപരമായ പങ്കുവഹിച്ചു.

സമരത്തിന് ഐക്യദാർഢ്യംപ്രഖ്യാപിച്ചുകൊണ്ട് എഐഡിഎസ്ഒ ജില്ലാ കൗൺസിലിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 25 ന് കോളേജിനുമുന്നിൽ ഐക്യദാർഢ്യ യോഗം സംഘടിപ്പിച്ചു. എഐഡിവൈഒ ജില്ലാ സെക്രട്ടറി സഖാവ് കെ.ഒ.സുധീർ ഉദ്ഘാടനം ചെയ്ത യോഗത്തിൽ എഐഡിഎസ്ഒ ജില്ലാ പ്രസിഡന്റ് സഖാവ് കെ.പി.സാൽവിൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന കൗൺസിൽ അംഗവും ഡിആർഎസ്ഒ സംസ്ഥാന കൺവീനറുമായ സഖാവ് എസ്.അലീന മുഖ്യപ്രഭാഷണം നടത്തി. ജില്ലാ സെക്രട്ടറി രശ്മി രവി, സഖാവ് അഞ്ജലി സുരേന്ദ്രൻ എന്നിവരും പ്രസംഗിച്ചു. ■

# ഡോ.എൻ.എ.കരിം: കേരളത്തിന്റെ അഗ്നിപുഷ്പം

## – സഖാവ് സി.കെ.ലൂക്കോസ്




തിരുവനന്തപുരത്ത് നടന്ന അനുസ്മരണ സമ്മേളനത്തിൽ എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ.ലൂക്കോസ് പ്രസംഗിക്കുന്നു.



വി.ജെ.ടി.ഹാളിലെ സദസ്സ്

**അഖിലേന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റിയുടെ പ്രസിഡന്റും ജനകീയ പ്രതിരോധ സമിതിയുടെ സംസ്ഥാന വൈസ്പ്രസിഡന്റും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)-ന്റെ ആഭിമുഖ്യത്തിലുള്ള എണ്ണമറ്റ ജനകീയ കമ്മിറ്റികളിലെ സഹകാരിയും ഉപദേശകനുമൊക്കെയായിരുന്ന അന്തരിച്ച ഡോ.എൻ.എ.കരിമിനെ അനുസ്മരിച്ചുകൊണ്ട് സംസ്ഥാനത്തും ഇതര സംസ്ഥാനങ്ങളിലും നിരവധി സമ്മേളനങ്ങൾ നടന്നു.**

തിരുവനന്തപുരം പൗരാവലി വിജെടി ഹാളിൽ ഫെബ്രുവരി 8-ന് സംഘടിപ്പിച്ച അനുസ്മരണ സമ്മേളനമായിരുന്നു ആദ്യം നടന്ന പ്രധാനപ്പെട്ട സമ്മേളനം. എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടറി സ. സി.കെ.ലൂക്കോസ് ഈ സമ്മേളനത്തിൽ ഡോ. കരിമിനെ അനുസ്മരിക്കാൻ എത്തിയിരുന്നു.

കേരളത്തിലെ സമൂഹ്യമുന്നേറ്റങ്ങളിൽ വിരിഞ്ഞ അഗ്നിപുഷ്പങ്ങളിലെ അവസാന കണ്ണിയാണ് അരങ്ങൊഴിഞ്ഞ ഡോ.എൻ.എ. കരിം – സ. ലൂക്കോസ് പറഞ്ഞു. അയ്യൻകാളിയും കുമാരനാശാനും സഹോദരൻ അയ്യപ്പനും വക്കം മൗലവിയുമൊക്കെ മുന്നോട്ടുവച്ച നവോത്ഥാന ആശയങ്ങൾ ജീവിതാന്ത്യം വരെ ഉയർത്തിപ്പിടിച്ച മഹദ്‌വ്യക്തിയായിരുന്നു ഡോ. കരിം. ജനാധിപത്യ-മതേതര-ശാസ്ത്രീയ വിദ്യാഭ്യാസത്തിനുവേണ്ടി അവസാനശ്വാസം വരെ അദ്ദേഹം നിലകൊണ്ടു. ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യരുടെ ദേഹവിയോഗത്തിനുശേഷം സേവ് എജ്യുക്കേഷൻ കമ്മിറ്റിയുടെ അഖിലേന്ത്യാ പ്രസിഡന്റ് സ്ഥാനവും ഡോ.എൻ.എ.കരിം ഏറ്റെടുത്തു. കേരളത്തിലെ സാമൂഹ്യ-സാംസ്കാരിക-വിദ്യാഭ്യാസ രംഗങ്ങളിലെ പോരാട്ടങ്ങൾക്ക് നികത്താനാകാത്ത നഷ്ടമാണുണ്ടായിരിക്കുന്നതെന്നും സ.ലൂക്കോസ് പറഞ്ഞു.




സേവ് എജ്യൂക്കേഷൻ കമ്മിറ്റിയും ആൾ ഇന്ത്യാ ആന്റി-ഇംപീരിയലിസ്റ്റ് ഫോറവും ചേർന്ന് കൽക്കത്തയിൽ ഫെബ്രുവരി 23 ന് സംഘടിപ്പിച്ച അനുസ്മരണയോഗം സഖാവ് മണിക്മുഖർജി ഉദ്ഘാടനം ചെയ്യുന്നു.

ജനകീയ പ്രതിരോധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.വി.വേണുഗോപാൽ, ജനകീയ സമരങ്ങളിൽ ഡോ.എൻ.എ.കരിം വഹിച്ച നിസ്തുലമായ സംഭാവനകൾ അനുസ്മരിച്ചു.

ഉന്നതമായ ധാർമ്മിക ഔന്നത്യം പുലർത്തിയ മഹാനായിരുന്നു ഡോ.എൻ.എ. കരിമെന്ന് അനുസ്മരണപ്രഭാഷണം നടത്തിയ ബി.ആർ.പി.ഭാസ്കർ പറഞ്ഞു. സ്വാതന്ത്ര്യബോധവും ത്യാഗമനോഭാവവും അദ്ദേഹം അവസാനംവരെ കാത്തുപുലർത്തിയെന്നും ബി.ആർ.പി ചൂണ്ടിക്കാട്ടി.

സിപിഐ സംസ്ഥാന സെക്രട്ടേറിയറ്റംഗം പ്രകാശ്ബാബു, പെരുമ്പടവം ശ്രീധരൻ, എം.എം.ഹസ്സൻ, കായിക്കര ബാബു, കേരള സർവ്വകലാശാല പ്രൊ-വൈസ് ചാൻസലർ വീര മണികണ്ഠൻ, വി.ശിവൻകുട്ടി എം.എൽ.എ, വക്കം മൗലവി ഫൗണ്ടേഷൻ ചെയർമാൻ എ.സുഹൈർ, അഹമ്മദ് കബീർ എം.എൽ.എ, എം.എസ്.ഫൈസൽഖാൻ എന്നിവർ സംസാരിച്ചു. പ്രൊഫ. വിശ്വമംഗലം സുന്ദരേശൻ അനുസ്മരണപ്രമേയം അവതരിപ്പിച്ചു. എം.ഷാജർഖാൻ സ്വാഗതം പറഞ്ഞു. ഇ.എം.നജീബ് അദ്ധ്യക്ഷനായിരുന്നു. കായംകുളം യൂനുസ് ആമുഖപ്രസംഗം നടത്തി.

കോഴിക്കോട്, പത്തനംതിട്ട, എറണാകുളം, ആലപ്പുഴ ജില്ലകളിലും അനുസ്മരണ സമ്മേളനങ്ങൾ സംഘടിപ്പിക്കപ്പെട്ടു.

കൊൽക്കത്തയിൽ അഖിലേന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റിയുടെയും അഖിലേന്ത്യാ ആന്റി-ഇംപീരിയലിസ്റ്റ് ഫോറത്തിന്റെയും ആഭിമുഖ്യത്തിൽ നടന്ന അനുസ്മരണ സമ്മേളനം ഫോറത്തിന്റെ അഖിലേന്ത്യ കോ-ഓർഡിനേറ്റർ സഖാവ് മണിക് മുഖർജി ഉദ്ഘാടനം ചെയ്തു.സേവ് എജ്യൂക്കേഷൻ കമ്മിറ്റി അഖിലേന്ത്യ സെക്രട്ടറി ഡോ. അനിസ് റേ അദ്ധ്യക്ഷനായിരുന്നു. പ്രൊഫ. ധ്രുവ മുഖർജി, കാർത്തിക് സാഹ, പ്രണബ് എന്നിവരും പ്രസംഗിച്ചു. ■

# അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ കട്ടപ്പന ഡിഇഒ ഓഫീസ് മാർച്ച്




കെയുഎസ്റ്റിഒ കട്ടപ്പനയിൽ സംഘടിപ്പിച്ച ഡിഇഒ ഓഫീസ് മാർച്ച്

കട്ടപ്പന സ്വരാജ് സയൺ സ്കൂളിലെ അദ്ധ്യാപകർക്കെതിരെയുള്ള അന്യായമായ നടപടി റദ്ദുചെയ്യുക, അദ്ധ്യാപകർക്ക് അർഹതപ്പെട്ട ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഉറപ്പുവരുത്തുക, നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന സ്വകാര്യ മാനേജ്മെന്റുകൾക്കെതിരെ കർശന നടപടിയെടുക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച്, കേരള അൺ എയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് ഓർഗനൈസേഷന്റെ (കെയുഎസ്റ്റിഒ) ആഭിമുഖ്യത്തിൽ അദ്ധ്യാപകർ ഫെബ്രുവരി 29 ന് കട്ടപ്പന ഡി.ഇ.ഒ ഓഫീസിലേക്ക് മാർച്ച് നടത്തി. കെയുഎസ്റ്റിഒ സംസ്ഥാന പ്രസിഡന്റ് ജെയ്സൺ ജോസഫ് മാർച്ച് ഉദ്ഘാടനം ചെയ്തു. സ്വരാജ് സയൺ പബ്ളിക് സ്കൂളിൽ നിന്ന് പുറത്താക്കിയ മൂന്ന് അദ്ധ്യാപകരെയും ഉടൻ തിരിച്ചെടുക്കണമെന്ന് ജയ്സൺ ജോസഫ് ആവശ്യപ്പെട്ടു. അല്ലാത്ത പക്ഷം സംഘടന അനിശ്ചിതകാല പ്രക്ഷോഭം ആരംഭിക്കുമെന്നും അദ്ദേഹം മുന്നറിയിപ്പു നൽകി. നിരവധി പരാതികൾ നൽകിയിട്ടും അധികൃതർ യാതൊരു നടപടിയും എടുക്കാത്തതിൽ അദ്ദേഹം കടുത്ത പ്രതിഷേധം രേഖപ്പെടുത്തി. ഡിഇഒ ഓഫീസ് മാർച്ചിൽ സംസ്ഥാന സെക്രട്ടറി വിദ്യാ ആർ.ശേഖർ, സംസ്ഥാന വൈസ്പ്രസിഡന്റ് എം.ഷാജർഖാൻ, സംസ്ഥാന നേതാക്കളായ വി.യു.ഉണ്ണിക്കൃഷ്ണൻ, പി.വി.പ്രംരാജ്, അനൂപ് ജോൺ, ഭഗത്, നാഗേഷ്, സിജു.ടി.സി, ജോർജ്ജുകുട്ടി അഗസ്റ്റിൻ, ജനകീയ പ്രതിരോധസമിതി നേതാക്കളായ എൻ.വിനോദ്കുമാർ, എം.ബി.രാജശേഖരൻ, മാത്യൂ തോമസ്, ഐസക് കോലഞ്ചേരി തുടങ്ങിയവർ സംസാരിച്ചു. നിരവധി അദ്ധ്യാപക പ്രതിനിധികൾ മാർച്ചിലും യോഗത്തിലും പങ്കെടുത്തു.

ഫാദർ ഇമ്മാനുവേൽ കിഴക്കേത്തലക്കലിന്റെ ഉടമസ്ഥതയിലുള്ള സയൺ സ്കൂളിൽ ഏഴുവർഷക്കാലമായി ഹൈസ്ക്കൂൾ അദ്ധ്യാപികയായ സന്ധ്യാ വി.നായരെ ശമ്പളം വെട്ടിക്കുറച്ച് പ്രൈമറി വിഭാഗത്തിലേക്ക് തരം താഴ്ത്തിയതിനെത്തുടർന്നുള്ള അസ്വസ്ഥതകളാണ് അദ്ധ്യാപകരുടെ പുറത്താക്കലിലേയ്ക്കും പ്രക്ഷോഭത്തിലേക്കും നയിച്ചത്. ഹൈക്കോടതിയുടെ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള ശമ്പളം ബാങ്കിലടച്ചതിനു ശേഷം പകുതിയോളം തുക മാനേജ്മെന്റ് തിരിച്ചുപിടിച്ചിരുന്നു. ഇതു ചോദ്യം ചെയ്തതിനാണ് ടീച്ചറെ തരം താഴ്ത്തിയത്. തരം താഴ്ത്തിയ നടപടി പിൻവലിക്കണമെന്ന് നേരിട്ടും കത്തുമുഖേനയും നിരവധി തവണ ആവശ്യപ്പെട്ടിട്ടും നടപടി പിൻവലിക്കാൻ മാനേജർ തയ്യാറായില്ല. തുടർന്ന് ടീച്ചർ കെയുഎസ്റ്റിഒ യ്ക്ക് പരാതി നൽകുകയായിരുന്നു. മാനേജ്മെന്റിന്റെ ക്ഷണപ്രകാരം സ്കൂളിൽ ചർച്ചക്കെത്തിയ സംസ്ഥാന സെക്രട്ടറി വിദ്യ ആർ.ശേഖർ, സംസ്ഥാന കമ്മറ്റിയംഗം ബെന്നി ജോസഫ് എന്നിവരെ മാനേജ്മെന്റ് അസ്സോസ്സിയേഷൻ സംസ്ഥാന നേതാവ് ഫാ. ബിജു മഞ്ഞനാനിയുടെ നേതൃത്വത്തിൽ അപമാനിച്ചയച്ചു. ഇതിനെത്തുടർന്ന് സ്കൂളിനു മുന്നിൽ സന്ധ്യ ടീച്ചറോടൊപ്പം സഹഅദ്ധ്യാപകരും കെയുഎസ്റ്റിഒ നേതാക്കളുമായ സിജു.ടി.സി, ജോർജ്ജുകുട്ടി അഗസ്റ്റിൻ എന്നിവരും സാമൂഹ്യ സാംസ്ക്കാരിക പ്രവർത്തകരും ഒരു ദിവസത്തെ ഉപവാസ സമരം നടത്തി. അതേതുടർന്ന് ടി.സി.സിജുവിനെ സ്കൂളിൽ നിന്ന് പുറത്താക്കുകയും, ജോർജ്ജുകുട്ടി അഗസ്റ്റിനേയും, സന്ധ്യാ വി.നായരേയും ആറുമാസത്തേക്ക് സസ്പെൻഡു ചെയ്യുകയും ചെയ്തു. ഇതിനെതിരെ സംഘടനയുടെ നേതൃത്വത്തിൽ നിരവധി പ്രതിഷേധങ്ങൾ നടത്തി. ബന്ധപ്പെട്ട എല്ലാ അധികാരികൾക്കും, രാഷ്ട്രീയ നേതാക്കൾക്കും, ജനപ്രതിനിധികൾക്കും പരാതി നൽകി. എന്നാൽ ഒരിടത്തുനിന്നും അദ്ധ്യാപകർക്ക് നീതി ലഭിച്ചില്ല. ആയതിനാൽ അനിശ്ചിതകാല പ്രക്ഷോഭത്തിന് തയ്യാറെടുക്കുകയാണ് സംഘടന. ■

ഉടൻ പുറത്തിറങ്ങുന്നു

എന്താണ് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ?

ഒരു എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

# നവോത്ഥാനശക്തി പ്രദർശനം

## മുണ്ടക്കയം




**സെമിനാർ ഡോ.മ്യൂസ്മേരി ജോർജ്ജ് ഉദ്ഘാടനം ചെയ്യുന്നു.**

**അ**യ്യൻകാളി നയിച്ച കാർഷിക പണിമുടക്കിന്റെ ശതാബ്ദി ആചരണത്തോടനുബന്ധിച്ച്, കാഞ്ഞിരപ്പള്ളി താലൂക്ക് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 4,5,6 തീയതികളിൽ മുണ്ടക്കയം ബസ്സ്റ്റാൻഡ് മൈതാനത്ത് നടന്ന നവോത്ഥാനശക്തി ചരിത്രപ്രദർശനം മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എസ്.രാജു ഉദ്ഘാടനം ചെയ്തു. പ്രദർശനത്തോടനുബന്ധിച്ച് 'ശ്രീനാരായണഗുരുവും അയ്യൻകാളിയും കേരള നവോത്ഥാനത്തിൽ', 'നവോത്ഥാന മുന്നേറ്റത്തിന്റെ അവശേഷിക്കുന്ന കടമകൾ' എന്നീ വിഷയങ്ങളെ അധികരിച്ച് നടന്ന സെമിനാറുകൾ യഥാക്രമം ഡോ.ഗീവർഗ്ഗീസ് മാർ കുറിലോസ് മെത്രാപ്പോലീത്താ, ഡോ. മ്യൂസ് മേരി ജോർജ്ജ് എന്നിവർ ഉദ്ഘാടനം ചെയ്തു. പ്രദർശനത്തോടനുബന്ധിച്ച് നടന്ന ജനാധിപത്യ മതേതര മാനവിക സംഗമം, കാർഷിക പണിമുടക്കിന്റെ ശതാബ്ദി ആചരണ കമ്മിറ്റി സംസ്ഥാന കൺവീനർ ജി.എസ്.പത്മകുമാർ ഉദ്ഘാടനം ചെയ്തു.

ജയ്സൺ ജോസഫ്(എസ്യുസിഐ(സി)സംസ്ഥാന സെക്രട്ടേറിയറ്റംഗം), നസീമഹാരീസ്(വൈസ് പ്രസിഡന്റ്, മുണ്ടക്കയം ഗ്രാമപഞ്ചായത്ത്), ബി.ജയചന്ദ്രൻ (മെമ്പർ, മുണ്ടക്കയം ഗ്രാമപഞ്ചായത്ത്), പി.കെ.കുഞ്ഞുവാവ (കേരള വ്യാപാരി വ്യവസായി ഏകോപനസമിതി, മുണ്ടക്കയം മേഖല പ്രസിഡന്റ്), എൻ.കെ.ബിജു, രാജു വട്ടപ്പാറ(ശതാബ്ദി ആചരണകമ്മിറ്റി കാഞ്ഞിരപ്പള്ളി താലൂക്ക് സെക്രട്ടറി), പി.അനിൽകുമാർ(ശതാബ്ദി ആചരണ കമ്മിറ്റി, കാഞ്ഞിരപ്പള്ളി താലൂക്ക് പ്രസിഡന്റ്), സി.ജെ.ഡൊമിനിക്, കെ.കെ.കുഞ്ഞൻകുട്ടി, പി.വി.കമലാസനൻ(ഐഎൻപിഎ താലൂക്ക് പ്രസിഡന്റ്), രാജീവ് പുഞ്ചവയൽ, വി.പി.കൊച്ചുമോൻ, കെ.കെ.എസ്.ദാസ് (എൻഡിഎൽഎഫ് ദേശീയ സെക്രട്ടറി), ജോൺ കെ എരുമേലി, ഡോ.രാജൻ ബാബു, ബാബു ഇടയാടിക്കുഴി (എസ്എൻഡിപി ഹൈറേഞ്ച് യൂണിയൻ), ജോയി കെ.ജെ, സുനിൽ ടി.രാജ്, ഇ.വി.പ്രകാശ്, ജയിംസ് കണ്ണിമല, കെ.പി.പ്രമദ് (സിപിഐ മണ്ഡലം സെക്രട്ടറി), നൗഷാദ് എസ്.മുഹമ്മദ്, ടി.എൻ.സുരേന്ദ്രൻ (സിപിഐ(എംഎൽ)ഏരിയ സെക്രട്ടറി), റജി ചെറിയാൻ(ഹെഡ് മാസ്റ്റർ, സിഎംഎസ് എൽ.പി.സ്കൂൾ, മുണ്ടക്കയം), പി.പി.ജോഷി, എസ്.രാജീവൻ (കൺവീനർ, ചെങ്ങറ സമര സഹായ സമിതി), ബെന്നി ദേവസ്യ, കെ.സദാനന്ദൻ, മിനി കെ.ഫിലിപ്പ്, കെ.രാജേഷ് (ഡിവൈഎഫ്ഐ ജില്ലാ സെക്രട്ടറി), രാജേഷ് കെ.എരുമേലി(പത്രപ്രവർത്തകൻ), ജയദേവൻ രാജമുടി(ബിഎസ്പി), ഇ.വി.അനിൽകുമാർ(പിആർഡിഎസ്), ശശി പച്ചിലമറ്റം(കെപിഎംഎസ്) എസ്.ഷിജുകുമാർ (പണ്ഡിതർ മഹാസഭ), ഹരിദാസ് പൊന്തൻപുഴ, ഇ.വി.തങ്കപ്പൻ, എൻ.എ.ബാബു (പാമ്പാടി മേഖല പ്രസിഡന്റ്, ആചരണ കമ്മിറ്റി), ഗിരിജ കെ.കെ തുടങ്ങിയവർ വിവിധ പരിപാടികളിൽ പങ്കെടുത്തുകൊണ്ട് പ്രസംഗിച്ചു.



**മുണ്ടക്കയത്ത് എക്സിബിഷൻ വീക്ഷിക്കുന്നവർ** ■

## എരമല്ലൂർ (ആലപ്പുഴജില്ല)

**ന**വോത്ഥാന ശക്തി അരൂർ മേഖലാ സംഘാടക സമിതിയുടെ ആഭിമുഖ്യത്തിൽ എരമല്ലൂരിൽ ഫെബ്രുവരി 15, 16 തീയതികളിൽ നടന്ന ചരിത്ര പ്രദർശനം 15ന് രാവിലെ 10 മണിക്ക് എൻ.പത്മകുമാർ ഐഎഎസ് ഉദ്ഘാടനം ചെയ്തു. ജസ്റ്റിസ് കെ.സുകുമാരൻ മുഖ്യാതിഥിയായി പങ്കെടുത്തുകൊണ്ട് പ്രദർശനത്തിന് ആശംസകളർപ്പിച്ചുകൊണ്ട് പ്രസംഗിക്കുകയും, ആലപ്പുഴ ജില്ലാ കളക്ടർ സ്ഥാനത്തുനിന്നും വിരമിക്കുന്ന ശ്രീ.എൻ.പത്മകുമാർ ഐഎഎസിന് പൊക്കാളി സംരക്ഷണ സമിതി നൽകിയ യാത്രയയപ്പ് ഉപഹാരം വേദിയിൽ വച്ച് നൽകുകയും ചെയ്തു. കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ജനറൽ സെക്രട്ടറി ഡോ.വി.വേണുഗോപാൽ മുഖ്യ പ്രസംഗം നടത്തി. എഴുപുന്ന പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ടി.ശ്യാമളകുമാരി അദ്ധ്യക്ഷത വഹിച്ച ഉദ്ഘാടന സമ്മേളനത്തിൽ അഡ്വ.കെ.ഉമേശൻ, എസ്.സീതിലാൽ, ആർ.വേണു, ഇ.കെ.ഗോപി, കെ.എൽ.ബെന്നി, പി.എ.മാനുവൽ എന്നിവർ പ്രസംഗിച്ചു. എൻ.കെ.ശശികുമാർ സ്വാഗതവും, സി.പി.അനിൽകുമാർ കൃതജ്ഞതയും പറഞ്ഞു.

15 ന് വൈകിട്ട് 3 മണിക്ക് 'സ്ത്രീകളും നവോത്ഥാനവും' എന്ന വിഷയത്തിൽ ചർച്ചാസമ്മേളനം നടന്നു. പ്രമുഖ കവയത്രി ഡോ.അമൃത ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയുടെ ജില്ലാ പ്രസിഡന്റ് ശ്രീമതി. ബി.സൗഭാഗ്യലക്ഷ്മി വിഷയാവതരണ പ്രസംഗം നടത്തി.

അഡ്വ.ഗാസ്പർ കളത്തിങ്കൽ , അഡ്വ.എം.എ.ബിന്ദു എന്നിവർ പ്രസംഗിച്ചു. ശ്രീമതി.കെ.ജെ.ഷീല അദ്ധ്യക്ഷതവഹിച്ചു. ജാഗി കെ.ചന്ദ്രൻ സ്വാഗതം പറഞ്ഞു. 6 മണിക്ക് നടന്ന കവിസമ്മേളനം പ്രമുഖ കവി ശ്രീ.മണർക്കാട് ശശികുമാർ ഉദ്ഘാടനം ചെയ്തു. ചന്തിരൂർ ദിവാകരൻ, കെ.ആർ.സോമശേഖര പണിക്കർ, പൂച്ചാക്കൽ ഷാഹുൽ, ജോസഫ് ആന്റണി, പൂച്ചാക്കൽ ലാലൻ, സാവിത്രി സോമൻ, തുറവൂർ ഗൗതമൻ, സജി പറയകാട്, കെ.എസ്.സോമസുന്ദരം, പി.സി.കുഞ്ഞുമോൾ, കുഞ്ഞുമോൻ അരൂർ, എരമല്ലൂർ ഷൺമുഖദാസ് എന്നിവർ കവിത അവതരിപ്പിച്ചു. കെ.എസ്.ശശികുമാർ അദ്ധ്യക്ഷത വഹിച്ചു. കെ.ജി.ദിനേഷ് സ്വാഗതവും എൻ.കെ.പ്രകാശൻ കൃതജ്ഞതയും പറഞ്ഞു.

ഫെബ്രുവരി 16 വൈകിട്ട് 5 മണിക്ക് നടന്ന മാനവികസംഗമം പ്രശസ്ത ചിത്രകാരൻ ശ്രീ.ടി.കലാധരൻ ഉദ്ഘാടനം ചെയ്തു. പ്രൊഫ.കെ.അരവിന്ദാക്ഷൻ മുഖ്യാതിഥിയായി പങ്കെടുത്ത സംഗമത്തിൽ അഡ്വ. മാത്യു വേളങ്ങാടൻ മുഖ്യപ്രസംഗം നടത്തി. ജി.എസ്. പത്മകുമാർ വിഷയാവതരണം നടത്തി. ശ്രീ.പി.ആർ.രാമചന്ദ്രൻ, ടി.ബി.വിശ്വനാഥൻ, ഹരിദാസ് വളമംഗലം, എൻ.കെ.രാജീവൻ, ഡി.ഷിബു, പി.എം.വർഗീസ്, കെ.കെ.പുരുഷൻ എന്നിവർ പ്രസംഗിച്ചു. ഫ്രാൻസിസ് കളത്തുങ്കൽ അദ്ധ്യക്ഷത വഹിച്ച സംഗമത്തിൽ കെ.പ്രതാപൻ സ്വാഗതവും എം.പി.കാർത്തികേയൻ കൃതജ്ഞതയും പറഞ്ഞു.

ജൻസൺ, ജസ്ന ജൂണില എന്നീ ഗായകരുടെ നേതൃത്വത്തിലുള്ള ഗാനസന്ധ്യയോടുകൂടി രണ്ട് ദിവസത്തെ ചരിത്ര പ്രദർശന പരിപാടി സമാപിച്ചു. ബഹുജന പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ ചരിത്ര പ്രദർശനം പ്രദേശമെമ്പാടും പുതിയൊരു സാംസാകാരിക ഉണർവ്വ് സൃഷ്ടിച്ചു.



**എക്സിബിഷൻ ആലപ്പുഴ ജില്ലാകളക്ടർ എൻ.പത്മകുമാർ ഉദ്ഘാടനം ചെയ്യുന്നു. ജസ്റ്റിസ് കെ.സുകുമാരൻ, എഴുപുന്ന പഞ്ചായത്ത് പ്രസിഡന്റ് ടി.ശ്യാമളകുമാരി, ഫ്രാൻസിസ് കളത്തുങ്കൽ, അഡ്വ.കെ.ഉമേശൻ, ഇ.കെ.ഗോപി, എസ്.സീതിലാൽ, കെ.എൽ.ബെന്നി, കെ.എസ്.ശശിധരൻ തുടങ്ങിയവർ സമീപം** ■

## കലാ വിദ്യാർത്ഥിസമരത്തിന് ചരിത്രവിജയം:

**വി**ദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഭാഗമായി കേന്ദ്രസർക്കാർ അനുവദിച്ച ഫണ്ട് വിനിയോഗിച്ച് കേരളത്തിലെ സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കുവാൻ, ദീർഘകാലത്തെ പ്രക്ഷോഭത്തെ തുടർന്ന്, പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവ് ഇറക്കിയിരിക്കുന്നു. 18,150 രൂപ ശമ്പളത്തിൽ 2015-16 വർഷത്തിൽ ആർട്ട് എജ്യൂക്കേഷനും വർക്ക് എജ്യൂക്കേഷനും ഹെൽത്ത് ആന്റ് ഫിസിക്കൽ എജ്യൂക്കേഷനും 1355 പേരെ വീതം നിയമിക്കാനും (ആകെ 4065) 2016 - 17 വർഷത്തിൽ 838 പേരെ വീതം (ആകെ 2514) നിയമിക്കാനുമാണ് ഉത്തരവ്. സ്കൂളുകൾ അൺ ഇക്കണോമിക്ക് ആയതിനേത്തുടർന്ന് സംരക്ഷിത ലിസ്റ്റിൽ ചേർക്കപ്പെട്ട യോഗ്യരായ അദ്ധ്യാപകർക്ക് പുറമേ, പിഎസ്സി ലിസ്റ്റിൽ നിന്നോ എംപ്ലോയിമെന്റ് എക്സ്ചേഞ്ചിലെ ലിസ്റ്റിൽ നിന്നോ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കും. കല പാഠ്യവിഷയമാക്കുക, കല ഐച്ഛികമായി പഠിച്ചവരെ അദ്ധ്യാപകരായി നിയമിക്കുക, സ്കൂളുകളിൽ ശാസ്ത്രീയമായ കലാപഠനം ഏർപ്പെടുത്തുക എന്നീ ആവശ്യങ്ങളുന്നയിച്ച് ഒരു വർഷക്കാലമായി കേരള സംസ്ഥാന കലാവിദ്യാർത്ഥി സമരസമിതി നടത്തിയ സമരത്തിന്റെ വിജയമാണ് ഈ ഉത്തരവെന്നും (No. 6309/K1/2016/G.Edn) ഉത്തരവ് പ്രകാരം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉടൻ നടപടിയെടുക്കണമെന്നും കലാ വിദ്യാർത്ഥി സമരസമിതി സംസ്ഥാന കൺവീനർ എം.പ്രദീപൻ (ഗവേഷകൻ ,സ്കൂൾ ഓഫ് ഡ്രാമ, തൃശ്ശൂർ), ജോയിന്റ് കൺവീനർ ബിനുബേബി (ചിത്രകാരൻ, രാജാ രവിവർമ്മ കോളേജ് ഓഫ് ഫൈൻ ആർട്സ് പൂർവ്വ വിദ്യാർത്ഥി) എന്നിവർ പറഞ്ഞു.

**സർക്കാർ എയ്ഡഡ് സ്കൂളുകളിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കാൻ ഉത്തരവിറങ്ങി**

കല പാഠ്യവിഷയമാക്കണമെന്നതും സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തിക പുനഃസ്ഥാപിക്കണമെന്നതും കലാവിദ്യാർത്ഥികളുടെ മൂന്ന് പതിറ്റാണ്ടായി ഉയരുന്ന ആവശ്യമായിരുന്നു. കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരം കല പാഠ്യവിഷയമാവുകയും ആവശ്യമായ ഫണ്ട് നീക്കിവയ്ക്കുകയും ചെയ്തിട്ടും കേരളത്തിൽ ഒരുനിയമനവും നടത്താതെ തുക ലാപ്സാക്കുന്ന സ്ഥിതി വന്നപ്പോൾ, കേരളത്തിലെ കലാവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ കേരള സംസ്ഥാന കലാവിദ്യാർത്ഥി സമരസമിതിയുടെ നേതൃത്വത്തിൽ സംഘടിക്കുകയും, കലാസ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും ഭരണകേന്ദ്രങ്ങളിലും സമരം തീവ്രമാക്കുകയും ചെയ്തു. പ്രാദേശിക തലങ്ങളിൽ മറ്റു സംഘടനകളും സമരം ഏറ്റെടുക്കുന്ന സ്ഥിതിയുണ്ടായി. സെക്രട്ടേറിയറ്റ് നടയിൽ കലാപരിശീലന സമരം, തൃശ്ശൂർ സ്കൂൾ ഓഫ് ഡ്രാമ ഉപരോധം, സ്വാതിതിരുന്നാൾ സംഗീത കോളേജ് നടയിൽ ധർണ്ണ തുടങ്ങിയ സമരങ്ങൾ കഴിഞ്ഞ ഏതാനും നാളുകൾക്കുള്ളിൽ മാത്രം സമിതി നടത്തിയ സമരങ്ങളാണ്. ഉടനടി സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമന നടപടികൾ ആരംഭിക്കണമെന്ന് സമരസമിതി ആവശ്യപ്പെട്ടു. കൂടാതെ സ്കൂളുകളിൽ ശാസ്ത്രീയമായ കലാപഠനവും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സ്ഥിരനിയമനവും നടപ്പാക്കുംവരെ സമരം തുടരുമെന്ന് സമരനേതാക്കൾ അറിയിച്ചു. ■






# ഐതിഹാസികമായ വിളപ്പിൽശാല സമരത്തിന് ഗംഭീരമായ പരിസമാപ്തി

വിളപ്പിൽശാല മാലിന്യകേന്ദ്രം അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ട് വിളപ്പിൽ പഞ്ചായത്തിലെയും സമീപ പഞ്ചായത്തുകളിലെയും ആബാലവൃദ്ധം ജനങ്ങളും ജനകീയ സമിതിയുടെ നേതൃത്വത്തിൽ നടത്തിയ ഐതിഹാസികമായ ചെറുത്തുനിൽപ്പ് സമരത്തിന് പര്യവസാനമായി. സമരത്തിന് പരിസമാപ്തി കുറിച്ച് നെടുങ്കുഴിയിൽ ഗംഭീരമായ വിജയാഘോഷ സംഗമം നടന്നു.

കക്ഷിരാഷ്ട്രീയത്തിനും ജാതിക്കും മതത്തിനും അതീതമായി രൂപീകരിക്കപ്പെട്ട ജനകീയ സമിതിയുടെ നേതൃത്വത്തിൽ 2011 ജനുവരി 9-നാണ് സമരമാരംഭിച്ചത്. നൂറിൽപ്പരം സമരക്കമ്മിറ്റികളിലായി അബാലവൃദ്ധം ജനങ്ങളെയും ജനകീയ സമിതി ഒറ്റക്കെട്ടായി അണിനിരത്തുകയും 2011 ഡിസംബർ 21 മുതൽ നഗരത്തിൽനിന്നുള്ള മാലിന്യ ലോറികൾക്ക് വിളപ്പിൽ മണ്ണിലേക്ക് പ്രവേശനം നിഷേധിക്കുകയും ചെയ്തു. ഹൈക്കോടതിയിൽനിന്ന് നഗരസഭ പോലീസ് സംരക്ഷണത്തിനുള്ള ഇടക്കാലവിധി സമ്പാദിക്കുകയും ജനവികാരത്തിനെതിരായി അധികാരികൾ നിലപാടെടുക്കുകയും ചെയ്തതോടെയാണ് വിളപ്പിൽശാല ഒരു സമരയുദ്ധഭൂമിയായി മാറിയത്. 2012 ഫെബ്രുവരി 13-നും ആഗസ്റ്റ് 3-നും വൻപോലീസ് സന്നാഹത്തോടെ മാലിന്യങ്ങളും യന്ത്രസാമഗ്രികളും മാലിന്യ കേന്ദ്രത്തിലേക്ക് കടത്താൻ നടത്തിയ ശ്രമങ്ങൾ ജനങ്ങളുടെ വിട്ടുവീഴ്ചയില്ലാത്ത ചെറുത്തുനിൽപ്പിനു മുന്നിൽ പരാജയപ്പെട്ടു.

തുടർന്ന്, നാല് വർഷത്തോളം നിയമയുദ്ധത്തിന്റേതായ കാലമായിരുന്നു.

ഇക്കാലയളവിൽ, കോൺഗ്രസ് -ബിജെപി-സിപിഐ(എം)-സിപിഐ പാർട്ടികളുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട സംയുക്ത സമര സമിതി സമാന്തര സമരമാരംഭിച്ചുകൊണ്ട് ജനകീയ സമിതിയെയും ജനങ്ങളുടെ സമരവീര്യത്തെയും തകർക്കാനുള്ള ശ്രമങ്ങൾ നടത്തി. ചില മാധ്യമങ്ങളുടെയും അധികാര സംവിധാനങ്ങളുടെയും ഒത്താശ അവർക്ക് ലഭിച്ചു. ഇതേ പാർട്ടികൾ തന്നെയാണ് നഗരസഭയിൽ ഒറ്റക്കെട്ടായി നിന്നുകൊണ്ട് വിളപ്പിൽ ജനങ്ങൾക്കെതിരെ പോലീസ് നടപടി കൈക്കൊള്ളുകയും നിയമയുദ്ധം നടത്തിയതും. ഈ യാഥാർത്ഥ്യം മറച്ചുപിടിക്കാൻ വേണ്ടിയാണ് ആ പാർട്ടികളുടെ പ്രാദേശിക നേതാക്കൾ തങ്ങളും സമരംചെയ്യുകയാണെന്ന ഒരു പ്രതീതി സൃഷ്ടിക്കാൻ ശ്രമിച്ചത്.

ജനകീയ സമിതിക്ക് ശക്തമായ പിന്തുണ നൽകി നിലകൊണ്ട എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പ്രസ്ഥാനത്തെ വിളപ്പിൽ മണ്ണിൽ നിന്ന് വേരോടെ പിഴുതെറിയുമെന്ന് സംയുക്ത സമര സമിതി പരസ്യമായി പ്രഖ്യാപിച്ചു. താഴേത്തലത്തിൽ സമരക്കമ്മിറ്റികൾക്ക് നേതൃത്വം നൽകിയിരുന്ന എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) പ്രവർത്തകനായ സഖാവ് ശ്രീകുമാറിനെയും ജനകീയ സമിതി പ്രവർത്തകരെയും അവർ നിരവധി തവണ ആക്രമിക്കുകയും മർദ്ദിക്കുകയും ചെയ്തു. പാർട്ടിക്കെതിരെ അവർ വിപുലമായി നുണപ്രചാരണങ്ങളും നടത്തി.

നീണ്ടുനിന്ന നിയമയുദ്ധക്കാലയളവിൽ, പ്രത്യേകിച്ചും സംയുക്ത സമര സമിതിയുടെ നേതൃത്വത്തിൽ അരങ്ങേറിയ വിധ്വംസക പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ, ജനങ്ങളുടെ ഐക്യബോധത്തെയും സമരവീര്യത്തെയും സംരക്ഷിച്ചു നിർത്തുകയെന്ന ഭാരിച്ച ചുമതല വഹിച്ചത് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)-ന്റെ മാർഗ്ഗനിർദ്ദേശത്തിൽ വിളപ്പിൽശാല ജനകീയ സമിതി വിജയകരമായി നിറവേറ്റിയത്. നിയമപ്പോരാട്ടത്തിന്റെ ഗതിയെ നിർണ്ണയിക്കുന്നതിൽ അത് ശക്തമായ അടിത്തറയായി മാറുകയും ചെയ്തു.

നിയമപ്പോരാട്ടത്തിന്റെ ഒരു ഘട്ടത്തിൽ, വിളപ്പിൽശാല കേസ് ഹൈക്കോടതി തന്നെ നേരിട്ട് ദേശീയ ഹരിത ട്രൈബ്യൂണലിലേക്ക് മാറ്റി. വിളപ്പിൽശാല മാലിന്യകേന്ദ്രം നിയമവിരുദ്ധമാണെന്നും മാലിന്യസംസ്കരണ പ്ലാന്റ് വിളപ്പിൽശാലയിൽനിന്ന് നഗരത്തിലേക്ക് മാറ്റിസ്ഥാപിക്കണമെന്നും ദേശീയ ഹരിത ട്രൈബ്യൂണൽ 2015 സെപ്തംബർ 30-ന് വിധിച്ചു. അതിനെതിരെ നഗരസഭ നൽകിയ അപ്പീൽ ജനുവരി 22-ന് സുപ്രീംകോടതി തള്ളിക്കളഞ്ഞു. നഗരസഭയ്ക്ക് പോലീസ് സംരക്ഷണം അനുവദിച്ച ഇടക്കാല വിധിയും കോടതിയലക്ഷ്യക്കേസുകളും ഫെബ്രുവരി 21-ന് ഹൈക്കോടതി പിൻവലിച്ചു. സമരത്തിന്റെ പേരിൽ നാനൂറിൽപ്പരമാളുകൾക്കെതിരെ ചുമത്തപ്പെട്ടിരുന്ന 27 കേസുകൾ ഫെബ്രുവരി 27-ന് ഗവൺമെന്റ് പിൻവലിച്ചു.

ഈ പശ്ചാത്തലത്തിലാണ് സമരത്തിന്റെ പരിസമാപ്തി കുറിച്ചുകൊണ്ട് ജനകീയ സമിതി ഫെബ്രുവരി 28-ന് വിജയാഘോഷ സംഗമം സംഘടിപ്പിച്ചത്.

പ്രശസ്ത ശില്പി കാനായി കുഞ്ഞിരാമൻ സംഗമം ഉദ്ഘാടനം ചെയ്തു. ജനകീയ സമിതി പ്രസിഡന്റ് എസ്.ബുർഹാൻ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.ശബരീനാഥൻ എം.എൽ.എ, ചെങ്ങറ സമരസഹായ സമിതി കൺവീനർ എസ്.രാജീവൻ, എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗം ജി.എസ്.പത്മകുമാർ, അഡ്വ. എ.വഹാബ്, കലാപ്രേമി ബഷീർ ബാബു, വ്യാപാരി വ്യവസായി ഏകോപന സമിതി നേതാവ് സുബൈർ, ഐക്യദാർഢ്യസമിതി കൺവീനർ ആർ.ബിജു, എൽ.ഹരിറാം, ജി.ആർ.സുഭാഷ്, എസ്.മിനി, മണ്ണയം ജനാർദ്ദനൻ, സി.പി. മാധുരി സജീവ്, വിളപ്പിൽ രാധാകൃഷ്ണൻ, അഡ്വ.അയ്യപ്പൻ ശങ്കർ, ജ്ഞാനദാസ്, നൂർ മുഹമ്മദ്, മധു മുളയറ, ഒളിവർ ഡേവിഡ്, എസ്. ശ്രീകുമാർ, എസ്.ജയകുമാർ, എൻ. അശോകൻ എന്നിവർ പ്രസംഗിച്ചു.

കാനായി കുഞ്ഞിരാമൻ, ബി. ആർ.പി ഭാസ്കർ, അഡ്വ.കാളീശ്വരം രാജ്, ചെങ്ങറ സമര നായകൻ ളാഹ ഗോപാലൻ, മൂലമ്പിള്ളി സമര നേതാവ് ഫ്രാൻസിസ് കളത്തുങ്കൽ, ചെന്നൈ ദേശീയ ഹരിത ട്രൈബ്യൂണലിൽ ജനകീയ സമിതിക്കുവേണ്ടി ഹാജരായ ചെന്നൈ ഹൈക്കോടതിയിലെ അഭിഭാഷകൻ അഡ്വ. ജി. പുരുഷോത്തമൻ, ചെന്നൈയിൽ ജനകീയ സമിതിക്ക് നിയമസഹായവും സംരക്ഷണവും നൽകിയ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) തമിഴ്നാട് സംസ്ഥാന സെക്രട്ടേറിയറ്റംഗം വി.പി.നന്ദകുമാർ തുടങ്ങിയവരോടുള്ള ആദരവ് ജനകീയ സമിതി രേഖപ്പെടുത്തി.




വിജയാഘോഷ സംഗമം പ്രസിദ്ധശിൽപ്പി കാനായി കുഞ്ഞിരാമൻ ഉദ്ഘാടനം ചെയ്യുന്നു.

സമരത്തെ സഹായിക്കുകയും പിന്തുണയ്ക്കുകയും ചെയ്ത സംഘടനകൾ, വ്യക്തികൾ, മാധ്യമ പ്രവർത്തകർ, ഉജ്ജ്വലമായ ചെറുത്തുനിൽപ്പ് നടത്തിയ ധീരവനിതകൾ, ജയിലിലടയ്ക്കപ്പെട്ടവർ, അറസ്റ്റ്ചെയ്യപ്പെട്ടവർ, സമരത്തിൽ മുൻനിരയിൽ അണിനിരന്ന വൃദ്ധജനങ്ങൾ, പിഞ്ചുകുഞ്ഞുങ്ങൾ തുടങ്ങിയവരെയും സംഗമം ആദരിച്ചു.

സമരത്തിന് ഉജ്ജ്വല നേതൃത്വം നൽകിയ ജനകീയ സമിതി പ്രസിഡന്റ് എസ്.ബുർഹാൻ, സെക്രട്ടറി എൽ.ഹരിറാം, സമരത്തിന് തുടക്കം കുറിച്ച നൂർ മുഹമ്മദ്, ജനകീയ സമിതി ഭാരവാഹികളും എസ്‌യുസിഐ(സി) പ്രവർത്തകരുമായ ജി. ആർ.സുഭാഷ്, എസ്.മിനി, എസ്. ശ്രീകുമാർ എന്നിവരെ ജനങ്ങൾ പൊന്നാടകളണിയിച്ച് ആദരിച്ചു.

വികാരനിർഭരമായ സംഗമത്തെ തുടർന്ന്, വൻജനാവലിയുടെ ആഹ്ലാദാരവങ്ങളുടെ പശ്ചാത്തലത്തിൽ ജനകീയ സമിതി പ്രവർത്തകരും ജനങ്ങളും ചേർന്ന് നെടുങ്കുഴിയിലെ സമരപ്പന്തൽ അഴിച്ചുമാറ്റി. അങ്ങനെ, ഐതിഹാസികമായ വിളപ്പിൽശാല ചെറുത്തുനിൽപ്പ് സമരത്തിന് ഉജ്ജ്വലവും വികാരനിർഭരവുമായ പരിസമാപ്തി കുറിക്കപ്പെട്ടു.

സമരസ്മരണിക പ്രസിദ്ധീകരിക്കാനും സമര സ്മാരകം സ്ഥാപിക്കാനും എല്ലാ വർഷവും ഫെബ്രുവരി 13 സമര സ്മരണാ ദിനമായി ആചരിക്കാനും ജനകീയ സമിതി തീരുമാനിച്ചു. ■

## കായംകുളം എൻടിപിസി അടച്ചുപൂട്ടരുത് – പ്രതിഷേധ ധർണ്ണ

കേന്ദ്ര നവരത്ന സ്ഥാപനങ്ങളിലൊന്നായ എൻടിപിസിയുടെ കായംകുളം നിലയം അടച്ചുപൂട്ടാനുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നീക്കം ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എഐയുടിയുസിയുടെ ആഭിമുഖ്യത്തിൽ ഹരിപ്പാട് കെഎസ്ആർടിസിക്ക് സമീപം പ്രതിഷേധ ധർണ്ണ നടത്തി.

നാഫ്ത അടിസ്ഥാനമാക്കി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് വില കൂടുതലാണെന്ന കാരണത്താൽ എൻടിപിസിയിൽ നിന്നും കഴിഞ്ഞ ഒന്നര വർഷക്കാലമായി കെഎസ്ഇബി വൈദ്യുതി വാങ്ങാതിരിക്കുകയാണ്. എന്നാൽ എൻടിപിസിയുമായി കെഎസ്ഇബി ഉണ്ടാക്കിയിരിക്കുന്ന പവർ പർച്ചേയ്സ് എഗ്രിമെന്റ് പ്രകാരം പ്രതിമാസം 18 കോടി രൂപ ഫിക്സഡ് കോസ്റ്റായി എൻടിപിസിക്ക് നൽകിക്കൊണ്ടിരിക്കുന്നു. ഇതുചൂണ്ടിക്കാട്ടിയാണ് കേരളം കേന്ദ്രത്തോട് കായംകുളം വൈദ്യുതി നിലയം അടച്ചുപൂട്ടണമെന്ന് ആവശ്യപ്പെട്ടത്. സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി അടച്ചുപൂട്ടിക്കൊണ്ടിരിക്കുന്ന നരേന്ദ്രമോദി സർക്കാർ കേരളത്തിന്റെ ഈ ആവശ്യം രണ്ടാമതൊന്ന് ആലോചിക്കാതെ അംഗീകരിച്ചിരിക്കുന്നു. നിലവിൽ ഉള്ള പവർ പർച്ചേയ്സ് എഗ്രിമെന്റിൽ മാറ്റം വരുത്തിക്കൊണ്ടും, എൽഎൻജി, സൗരോർജ്ജം തുടങ്ങിയ വൈദ്യുതി ഉൽപ്പാദന സ്രോതസ്സുകൾ ഉപയോഗിച്ചുകൊണ്ടും നിലയം പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കുന്നതിനു പകരം അടച്ചുപൂട്ടാനുള്ള ജനദ്രോഹകരമായ നീക്കംനടത്തുകയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ. ഇതിനെതിരായിട്ടാണ് എഐയുടിയുസി പ്രതിഷേധ ധർണ്ണ സംഘടിപ്പിച്ചത്.

എഐയുടിയുസി സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് എസ്.സീതിലാൽ ധർണ്ണ ഉദ്ഘാടനം ചെയ്തു.

എഐയുടിയുസി, എൻടിപിസി യൂണിറ്റ് സെക്രട്ടറിയും എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ഹരിപ്പാട് ലോക്കൽ സെക്രട്ടറിയുമായ കെ.ശിവൻകുട്ടി അദ്ധ്യക്ഷത വഹിച്ചു. എസ്‌യുസിഐ(സി) ജില്ലാകമ്മിറ്റിയംഗം കെ.ആർ.ശശി, എഐയുടിയുസി ജില്ലാ സെക്രട്ടറി പി. ആർ.സതീശൻ, സംസ്ഥാന കമ്മിറ്റിയംഗം അഡ്വ. എം.എ.ബിന്ദു, കെഎസ്ഇബി-പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ ജില്ലാ സെക്രട്ടറി ആർ.വേണുഗോപാൽ, കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ ജില്ലാ നേതാക്കളായ എ. മുഹമ്മദ്, എസ്.അനിൽപ്രസാദ് എന്നിവർ പ്രസംഗിച്ചു.




പ്രതിഷേധ ധർണ്ണ എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു. ■

## ബ്രേക്ത്രൂ സയൻസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ

# ദേശീയ ശാസ്ത്രദിനാചരണം

### ശാസ്ത്രവും മിത്തും കൂട്ടിക്കുഴയ്ക്കുന്നത് രാജ്യപുരോഗതിയെ തടയും.

**– പ്രൊഫ.എം.കെ. പ്രസാദ്**



എറണാകുളം മറൈൻഡ്രൈവ് മഴവിൽപാലത്തിൽ സംഘടിപ്പിച്ച ദേശീയ ശാസ്ത്രദിനാചരണയോഗം പ്രൊഫ.എം.കെ.പ്രസാദ് ഉദ്ഘാടനം ചെയ്യുന്നു.

മിത്തിനെ മിത്തായും ശാസ്ത്രത്തെ ശാസ്ത്രമായും കാണാത്ത ഭരണാധികാരികൾ, ശാസ്ത്രത്തെയും മിത്തിനെയും കൂട്ടിക്കുഴച്ച് രാജ്യത്തിന്റെ ശാസ്ത്രപുരോഗതിയെ തടയുകയാണെന്ന് പ്രൊഫ.എം.കെ.പ്രസാദ് അഭിപ്രായപ്പെട്ടു. ദേശീയ ശാസ്ത്രദിനാചരണത്തിന്റെ ഭാഗമായി കൊച്ചി മറൈൻഡ്രൈവ് മഴവിൽപാലത്തിൽ ബ്രേക്ത്രൂ സയൻസ് സൊസൈറ്റി സംഘടിപ്പിച്ച പരിപാടിയിൽ "സയൻസ് ഇൻ എൻഷ്യന്റ് ഇന്ത്യ-റിയാലിറ്റി വേഴ്സസ് മിത്ത്" എന്ന പുസ്തകം ജിസിഡിഎ ചെയർമാൻ എൻ.വേണുഗോപാലിന് നൽകി പ്രകാശനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

അതികായന്മാരായ ശാസ്ത്രകാരന്മാരേയും ശാസ്ത്ര സംഭാവനകളും ഇന്ത്യ ലോകത്തിന് നൽകിയിട്ടുണ്ട്. എന്നാൽ വ്യത്യസ്തഘട്ടങ്ങളിലൂടെ ക്രമാനുഗതവും പടിപടിയുമായാണ് ശാസ്ത്രം വളർന്നത് എന്ന സത്യത്തെ നിഷേധിച്ചുകൊണ്ടുനടത്തുന്ന അമിത അവകാശവാദങ്ങൾ, നമ്മുടെ ശരിയായ നേട്ടങ്ങളുടെ നിറവും ലോകത്തിനുമുന്നിൽ മങ്ങുന്നതിന് കാരണമാകുകയാണ്. യുവതലമുറയിൽ ശാസ്ത്രാഭിമുഖ്യം വളർത്തുന്നതിനുപകരം അവരുടെ ചിന്തകളെ അന്ധകാരത്തിലേക്കു നയിക്കരുതെന്നും അങ്ങനെ ചെയ്താൽ ഇനിയൊരു സി.വി.രാമനും ഈ മണ്ണിൽ നിന്ന് ഉടലെടുക്കില്ലെന്നും അദ്ദേഹം പറഞ്ഞു.

ബ്രേക്ത്രൂ സയൻസ് സൊസൈറ്റി ജില്ലാ കോ-ഓർഡിനേറ്റർ ഫ്രാൻസിസ് കളത്തുങ്കൽ അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ.കെ.അരവിന്ദാക്ഷൻ, ഡോ.ഗോഡ്ഫ്രേ ലൂയിസ്, ഡോ.എൻ.ഷാജി, ഡോ.സി.എം.ജോയി, ഡോ.ശിവാനന്ദൻ ആചാരി, പി.പി.എബ്രഹാം, കെ.എസ്.ഹരികുമാർ, പി.പി.സജീവ്കുമാർ, പി.സി.തങ്കച്ചൻ, കെ.എസ്.അനിൽകുമാർ, കെ.പി.സാൽവിൻ തുടങ്ങിയവർ പ്രസംഗിച്ചു. ആചരണത്തിന്റെ ഭാഗമായി നടന്ന ടെലസ്കോപ്പിലൂടെയുള്ള വാനനിരീക്ഷണപരിപാടി ആയിരങ്ങൾ പ്രയോജനപ്പെടുത്തി. ■

### ശാസ്ത്രസമ്മേളനവും ഡോക്യുമെന്ററി പ്രദർശനവും

ബ്രേക്ത്രൂ സയൻസ് സൊസൈറ്റി ആലപ്പുഴ ജില്ലാചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ ബീച്ചിൽ ശാസ്ത്രസമ്മേളനവും ഡോക്യുമെന്ററി പ്രദർശനവും നടത്തി. ബ്രേക്ത്രൂ സയൻസ് സൊസൈറ്റി കേരള സംസ്ഥാനവൈസ്പ്രസിഡന്റ് ഡോ.പി.എസ്. ബാബു സമ്മേളനം ഉദ്ഘാടനം ചെയ്തു

ശാസ്ത്രത്തിന്റെ നൈതിക-ധാർമിക മൂല്യങ്ങൾ ഉയർത്തിപിടിച്ച നിരവധി മനുഷ്യരുടെ വിലമതിക്കാനാവാത്ത പ്രവർത്തനങ്ങളുടെ ആകെത്തുകയാണ് ആധുനികശാസ്ത്രം. ഇന്ന് ശാസ്ത്രത്തിന്റെ ധാർമിക-നൈതിക മൂല്യങ്ങൾ ചോർത്തിക്കൊണ്ടുവെറും സാങ്കേതികവിജ്ഞാനമായി അതിനെ മാറ്റി നിർമിക്കാൻ ശാസ്ത്രവിരുദ്ധരും മാനവിക പുരോഗതിയെ പിന്നോട്ടടിക്കുവാൻ ഭരണാധികാരികളും ശ്രമിക്കുകയാണെന്ന് അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ സൂചിപ്പിച്ചു.

ശാസ്ത്രത്തിന്റെ ധാർമ്മികത മുറുകെപ്പിച്ചുകൊണ്ട് ശാസ്ത്രത്തിന്റെ പേരിൽ ഇന്നുനടക്കുന്ന ശാസ്ത്രവിരുദ്ധമായിട്ടുള്ള പ്രചാരണങ്ങളെ തുറന്നുകാട്ടുവാൻ മനുഷ്യസ്നേഹികൾ മുന്നോട്ടുവരണമെന്ന് സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച സംഘടനയുടെ സംസ്ഥാന സെക്രട്ടേറിയേറ്റ് അംഗം ഡോ.കെ ഹരിപ്രസാദ് അഭിപ്രായപ്പെട്ടു. തുടർന്ന് ടി.ആർ.രാജിമോൾ, വി.വേണുഗോപാൽ തുടങ്ങിയവർ പ്രസംഗിച്ചു. റ്റി.വിശ്വകുമാർ സ്വാഗതവും റ്റി. ഷിജിൻ കൃതജ്ഞതയും പറഞ്ഞു.

സമ്മേളനത്തെത്തുടർന്ന് ദാർശനിക ശാസ്ത്രകാരൻ ആൽബർട്ട് ഐൻസ്റ്റീന്റെ ജീവിതവും പ്രവർത്തനങ്ങളും വിശദീകരിക്കുന്ന ഡോക്യുമെന്ററി പ്രദർശനവും നടന്നു നൂറുകണക്കിനാളുകൾ പരിപാടിയിൽ പങ്കെടുത്തു.




ആലപ്പുഴ ബീച്ചിൽ നടന്ന ദേശീയ ശാസ്ത്രദിനാചരണയോഗത്തിൽ ഡോ.കെ.ഹരിപ്രസാദ് അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു. ■

### ചമ്പക്കുളം ഗവണ്മെന്റ് ആശുപത്രിയിലെ അത്യാഹിത ചികിത്സ പുനരാരംഭിക്കുക

# ബഹുജന ധർണ്ണ

ചമ്പക്കുളം സർക്കാർ ആശുപത്രിയിൽ അടിയന്തരമായി അത്യാഹിത വിഭാഗം പുനഃസ്ഥാപിക്കുക, ആവശ്യത്തിന് തസ്തിക അനുവദിക്കുകയും ഡോക്ടർമാരെ നിയമിക്കുകയും ചെയ്യുക, ആധുനിക ലാബും കാർട്ടേഴ്സും നിർമ്മിക്കുക എന്നീ ആവശ്യങ്ങളുന്നയിച്ച് ഫെബ്രുവരി 25 ന് ആശുപത്രിയുടെ മുന്നിൽ ബഹുജന ധർണ്ണ സംഘടിപ്പിച്ചു. കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു.

ഫാദർ റ്റിജോ പുത്തൻ പറമ്പ്, നന്ദനൻ വലിയപറമ്പ്, ഡോ. ഹരിപ്രസാദ്, എൻ.സത്യനാരായണൻ, ജോസഫ് ഇളംകുളം, വർഗ്ഗീസ് വ്യായ്ക്കൽ, കെ.പി.ശശിധരൻ, ഗണേഷ്ബാബു, ആന്റണി ജോസഫ്, പി. ആർ.സതീശൻ എന്നിവർ പ്രസംഗിച്ചു.



ചമ്പക്കുളം ആശുപത്രിക്ക് മുന്നിൽ നടന്ന ബഹുജന ധർണ്ണ ജനകീയ പ്രതിരോധ സമിതി ജനറൽ സെക്രട്ടറി ഡോ. വി. വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു ■

# വർഗ്ഗീയതയ്ക്കെതിരെ മതേതര ജനാധിപത്യസംഗമം

നേതാജി ജയന്തിദിനമായ ജനുവരി 23-ന് പാലക്കാട് സ്റ്റേഡിയം ബസ്സ്റ്റാന്റിന് സമീപം എഐഡിഎസ്ഒ, എഐഎംഎസ്എസ്, എഐഡിവൈഒ പാലക്കാട് ജില്ലാ ഘടകങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ നടന്ന സംഗമം പ്രമുഖ പരിസ്ഥിതി പ്രവർത്തകനും കേരള സംസ്ഥാന ജനകീയ പ്രതിരോധസമിതി ജില്ലാ പ്രസിഡന്റുമായ ഡോ.പി.എസ്.പണിക്കർ ഉദ്ഘാടനം ചെയ്തു. കെ.എം.ബീവി അദ്ധ്യക്ഷത വഹിച്ചു. എൻ.കെ.ബിജു, കെ.അബ്ദുൾ അസീസ്, എ.റജീന എന്നിവർ പ്രസംഗിച്ചു. സന്തോഷ്.ഇ.ആർ സ്വാഗതവും എൻ.സുഗന്ധി കൃതജ്ഞതയും പറഞ്ഞു.




നേതാജി ജയന്തി ആചരണം പ്രമുഖ പരിസ്ഥിതി പ്രവർത്തകനും കേരള സംസ്ഥാന ജനകീയ പ്രതിരോധസമിതി പാലക്കാട് ജില്ലാ പ്രസിഡന്റുമായ ഡോ.പി.എസ്.പണിക്കർ ഉദ്ഘാടനം ചെയ്യുന്നു ■

# കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ തൊഴിലാളിവിരുദ്ധ നയങ്ങൾക്കെതിരെ കേന്ദ്ര ട്രേഡ് യൂണിയനുകൾ പ്രക്ഷോഭം തുടരും

## BMS, INTUC, AITUC, HMS, CITU, AIUTUC, TUCC, SEWA, AICCTU, UTUC

**കേ**ന്ദ്ര സർക്കാരും പല സംസ്ഥാന സർക്കാരുകളും പിന്തുടരുന്ന തൊഴിലാളിവിരുദ്ധ നടപടികൾക്കെതിരെ പ്രക്ഷോഭണം തുടരാൻ 2016 ജനുവരി 27ന് ചേർന്ന സെൻട്രൽ ട്രേഡ് യൂണിയനുകളുടെ സംയുക്തയോഗം തീരുമാനിച്ചു. പന്ത്രണ്ടിന അവകാശ പത്രികയിലെ ഡിമാന്റുകളോടുള്ള സർക്കാരിന്റെ അലംഭാവത്തിനും ഈ വിഷയങ്ങളിൽ മൂർത്തമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി ചർച്ചകൾ പുനഃരാരംഭിക്കുന്നതിലുള്ള സർക്കാരിന്റെ താല്പര്യമില്ലായ്മക്കുമെതിരെ **2016 മാർച്ച് 10 അഖിലേന്ത്യാ പ്രതിഷേധ ദിനമായി ആചരിക്കുവാനും കേന്ദ്ര ട്രേഡ് യൂണിയനുകളുടെ യോഗം തീരുമാനിച്ചു.**

തൊഴിലെടുക്കുന്നവരുടെ അങ്ങേയറ്റം ദയനീയമായ തൊഴിൽ സാഹചര്യത്തെയും ജീവിതത്തെയും ഒപ്പം, തൊഴിൽനിയമ ഭേദഗതികളും പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരിവില്പനയും തന്ത്രപ്രധാന മേഖലകളിൽ പ്രത്യക്ഷ വിദേശ നിക്ഷേപം അനുവദിക്കലും ഒക്കെയായി മുന്നോട്ട് പോകുന്ന സർക്കാരിന്റെ നടപടികളെയും കേന്ദ്ര ട്രേഡ് യൂണിയനുകൾ വിലയിരുത്തി. കേന്ദ്ര സർക്കാർ ഈ തൊഴിലാളിവിരുദ്ധ തൊഴിൽനിയമ ഭേദഗതികളുടെ നിയമ നിർമ്മാണത്തിന് കാത്തിരിക്കാതെതന്നെ തൊഴിലാളികളുടെ അവകാശങ്ങൾ കവർന്നെടുക്കുന്ന എക്സിക്യൂട്ടീവ് ഉത്തരവുകൾ പുറപ്പെടുവിക്കുകയും, തൊഴിലുടമകൾക്കനുകൂലമായി ഇത്തരം ഭേദഗതികൾ നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരുകൾക്ക് ഉത്തരവുകൾ നൽകുകയുമാണ്. സ്റ്റാർട്ട് അപ് എന്നു പറയപ്പെടുന്ന സംരംഭങ്ങളെ 9 പ്രധാന തൊഴിൽനിയമങ്ങൾ പാലിക്കുന്നതിൽനിന്നും ഒഴിവാക്കിക്കൊണ്ട് ഇന്ത്യാ ഗവൺമെന്റിന്റെ തൊഴിൽ മന്ത്രാലയ സെക്രട്ടറി ജനുവരി 12ന് ഇത്തരമൊരു സർക്കുലർ ഇറക്കിയതിനെ ട്രേഡ് യൂണിയനുകൾ അപലപിക്കുകയും, ഇതിലൂടെ സർക്കാർ, നിയമലംഘനം നിയമാനുസൃതമാക്കുയാണെന്ന് കുറ്റപ്പെടുത്തുകയും ചെയ്തു.

ബാങ്കിംഗ്, പ്രതിരോധം, കൽക്കരി, തുറമുഖം, വാർത്താവിതരണം തുടങ്ങിയ മേഖലകളിലെ തൊഴിലാളികളുടെയും ജീവനക്കാരുടെയും പ്രക്ഷോഭണത്തോടും, അംഗൻവാടി ജീവനക്കാർ അവരുടെ പ്രത്യേക ഡിമാന്റുകൾ മുൻനിർത്തിയും, റെയിൽവെ ഉൾപ്പെടെയുള്ള കേന്ദ്ര ഗവൺമെന്റ് ജീവനക്കാർ 7-ാം ശമ്പളകമ്മീഷന്റെ പ്രതിലോമകരമായ ശുപാർശകൾക്കെതിരെയും ആരംഭിച്ചിരിക്കുന്ന സമരങ്ങളോടും ട്രേഡ് യൂണിയനുകൾ ഐക്യദാർഢ്യം പ്രഖ്യാപിച്ചു. കോയമ്പത്തൂർ പ്രികോൾ ലിമിറ്റഡിലെ എട്ട് തൊഴിലാളികൾക്ക് ഇരട്ട ജീവപര്യന്തം എന്ന അങ്ങേയറ്റം നികൃഷ്ടമായ ശിക്ഷ വിധിച്ചതിനെ ട്രേഡ് യൂണിയനുകൾ അപലപിക്കുകയും, ഈ തൊഴിലാളികൾക്ക് സഹായവും ഐക്യദാർഢ്യവും നൽകാൻ എല്ലാ തൊഴിലാളികളോടും അഭ്യർത്ഥിക്കുകയും ചെയ്തു.

സംയുക്ത പ്രക്ഷോഭണത്തിന്റെ അടുത്ത ഘട്ടം തീരുമാനിക്കാൻ 2016 മാർച്ച് അവസാനവാരത്തിൽ ന്യൂഡൽഹിയിലെ താൽക്കത്തോറ സ്റ്റേഡിയത്തിൽ വച്ച് തൊഴിലാളികളുടെ വമ്പിച്ച ദേശീയ കൺവൻഷൻ ചേരാനും കേന്ദ്ര ട്രേഡ് യൂണിയനുകൾ തീരുമാനിച്ചു.

തൊഴിലാളിവിരുദ്ധ നയങ്ങൾക്കെതിരായ സമരം തുടരാനും, 2016 മാർച്ച് 10ന്റെ പ്രതിഷേധ ദിനാചരണത്തിനുള്ള ഒരുക്കങ്ങൾ കേന്ദ്ര ട്രേഡ് യൂണിയനുകളുടെ ഭാഗമായിട്ടുള്ള എല്ലാ സംഘടനകളും സംയുക്തമായി നടത്താനും യോഗം നിർദ്ദേശിച്ചു. തൊഴിലാളികളെയും സാധാരണക്കാരെയും കടന്നാക്രമിക്കുന്ന കേന്ദ്രസർക്കാരിനെതിരെയുള്ള ഈ പ്രതിഷേധ സമരത്തിൽ പങ്കുകൊള്ളാൻ സ്വതന്ത്രമായി നിൽക്കുന്ന ജീവനക്കാരുടെയും തൊഴിലാളികളുടെയും യൂണിയനുകളോടും ഫെഡറേഷനുകളോടും കേന്ദ്ര ട്രേഡ് യൂണിയനുകളുടെ യോഗം ആഹ്വാനം ചെയ്തു

ബിഎംഎസ്, ഐഎൻറ്റിയുസി, എഐറ്റിയുസി, എച്ച്എംഎസ്, സിഐടിയു, എഐയുടിയുസി, ടിയുസിസി, സേവ, എഐസിസിടിയു, യുടിയുസി, എൽപിഎഫ് എന്നീ കേന്ദ്ര ട്രേഡ് യൂണിയനുകളുടെ നേതാക്കളാണ് പ്രസ്താവനയിൽ ഒപ്പു വച്ചത്
. ■

# ആലപ്പുഴയിൽ ക്ഷേമനിധി ഓഫീസിലേയ്ക്ക് നിർമ്മാണത്തൊഴിലാളി മാർച്ച്

**ക്ഷേ**മനിധി ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുക, പെൻഷൻ 2000 രൂപയാക്കുക, റിട്ടയർമെന്റ് ആനുകൂല്യം അടയ്ക്കുന്ന തുകയ്ക്കുള്ള പലിശയും പുനഃസ്ഥാപിക്കുക, രജിസ്ട്രേഡ് തൊഴിലാളികളുടെ തൊഴിൽ ഉറപ്പാക്കുക, ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നിർബ്ബന്ധമാക്കുക, കൂലി ഏകീകരിക്കുക തുടങ്ങിയ ഡിമാന്റുകളുന്നയിച്ച് എഐയുടിയുസി യിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ(കെസിഡബ്ല്യുയു) ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ക്ഷേമനിധി ഓഫീസ് മാർച്ചും ധർണ്ണയും നടത്തി.

മാർച്ചും ധർണ്ണയും എഐയുടിയുസി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവും കെസിഡബ്ല്യുയു സംസ്ഥാന വൈസ് പ്രസിഡന്റുമായ സ.എസ്. സീതിലാൽ ഉദ്ഘാടനം ചെയ്തു.

ജില്ലാ സെക്രട്ടറി സ. പി.ആർ.സതീശൻ അദ്ധ്യക്ഷത വഹിച്ചു. എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റിയംഗം എൻ.കെ.ശശികുമാർ, ജില്ലാ നേതാക്കളായ സഖാക്കൾ അഡ്വ.എം.എ.ബിന്ദു, കെ.ആർ.ഓമനക്കുട്ടൻ, എ.മുഹമ്മദ്, ബിബിനുമോൻ, കെ.പി.മനോഹരൻ, അനിൽപ്രസാദ് എന്നിവർ പ്രസംഗിച്ചു.

സഖാക്കൾ വി.ആർ.അനിൽ, സിദ്ധാർത്ഥൻ, വി.ഗണേഷ്ബാബു, പി.കെ.ശശി, എംപി.കാർത്തികേയൻ തുടങ്ങിയവർ നേതൃത്വം നൽകി.



**ക്ഷേമനിധി ഓഫീസ് മാർച്ച് സഖാവ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു** ■

# കൊടുങ്ങല്ലൂർ താലൂക്ക് ഓഫീസ് മാർച്ച്




**കൊടുങ്ങല്ലൂർ താലൂക്കോഫീസ് മാർച്ച് സംസ്ഥാന കമ്മിറ്റിയംഗം സഖാവ് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു**

**വി**ലക്കയറ്റത്തിനും അഴിമതിക്കും ജനദ്രോഹനയങ്ങൾക്കും വർഗ്ഗീയതക്കുമെതിരെ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) കൊടുങ്ങല്ലൂർ ലോക്കൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കൊടുങ്ങല്ലൂർ താലൂക്ക് ഓഫീസിലേക്ക് പ്രതിഷേധ മാർച്ച് നടത്തി. ചന്തപ്പുരയിൽ നിന്ന് ആരംഭിച്ച മാർച്ച് താലൂക്ക് ഓഫീസിന് മുന്നിൽ പേലീസ് തടഞ്ഞു. തുടർന്ന് നടന്ന പ്രതിഷേധ യോഗം എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് വി.കെ.സദാനന്ദൻ ഉൽഘാടനം ചെയ്തു. പാർട്ടി ലോക്കൽ കമ്മിറ്റിയംഗം സഖാവ് കൃഷ്ണകുമാർ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കമ്മിറ്റിയംഗം സഖാവ് സി.കെ.ശിവദാസൻ സഖാക്കൾ സുജ ആന്റണി, കെ.വി. വിനോദ് കെ.വി. രാജീവൻ എന്നിവർ പ്രസംഗിച്ചു. ■

# ഹൈവേ സ്ഥലമെടുപ്പ് നടപടികൾ അവസാനിപ്പിക്കണം
## – ദേശീയപാത സംയുക്ത സമരസമിതി

**സം**സ്ഥാനത്തെ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് പുതിയ സാധ്യതാപഠനത്തിനും വിശദപദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനും (Feasibility and Detailed Project Report) ദേശീയ പാത അതോറിറ്റി തീരുമാനിച്ച സാഹചര്യത്തിൽ എല്ലാ ജില്ലകളിലെയും സ്ഥലമെടുപ്പ് നടപടികൾ അവസാനിപ്പിക്കണമെന്ന് NH:17-47 സംയുക്ത സമരസമിതി സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. നിലവിൽ എല്ലാ വിജ്ഞാപനങ്ങളും റദ്ദാക്കപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ജില്ലാകളക്ടർമാർ സ്ഥല പരിശോധനയടക്കമുള്ള നടപടികൾ തുടരുകയാണ്. പദ്ധതി നിർവ്വഹണ ഏജൻസിയായ ഹൈവെ അതോറിറ്റി പിൻമാറുകയും പുതിയ പഠനത്തിന് ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ചീഫ് സെക്രട്ടറിയടക്കമുള്ളവർ ദേശീയ പാത സ്ഥലമെടുപ്പ് നടപടികൾ വേഗത്തിലാക്കാൻ ആവശ്യപ്പെടുന്നത് നിയമ വിരുദ്ധമാണ്. വിജ്ഞാപനം പോലും റദ്ദാക്കപ്പെട്ട സാഹചര്യത്തിലും സ്ഥലമെടുപ്പ് നടപടികൾ തുടരുന്നത് നിയമവാഴ്ചയേയും ജനങ്ങളേയും വെല്ലുവിളിക്കലാണ്.

പുതിയ പഠനത്തിൽ 30 മീറ്റർ ഉപയോഗിച്ച് ബി.ഓ.ടി. ടോൾ വ്യവസ്ഥകളില്ലാതെ 6 വരിപ്പാത, തിരുവനന്തപുരം കളക്ടർ ബിജു പ്രഭാകർ നിർദ്ദേശിച്ച രീതിയിൽ 30 മീറ്ററിനുള്ളിൽ മീഡിയനിൽ തൂണുകൾ സ്ഥാപിച്ച് താഴെയും മുകളിലുമായി 8 വരിപ്പാത എന്നീ ബദൽ സാധ്യതകൾ കൂടി പഠന വിധേയമാക്കണമെന്നും സംയുക്ത സമരസമിതി ആവശ്യപ്പെട്ടു. അല്ലാതെ ഒന്നരപതിറ്റാണ്ടോളം ശ്രമിച്ചിട്ടും ജനകീയ പ്രതിഷേധം മൂലം സ്ഥലമെടുക്കാനാകാതെ പരാജയപ്പെട്ട 45 മീറ്റർ ബി.ഓ.ടി. പദ്ധതിക്കായ് വീണ്ടും ശ്രമിക്കുന്നതും കാത്തിരിക്കുന്നതും ദേശീയ നഷ്ടമാണന്നും സമരസമിതി യോഗം ചൂണ്ടിക്കാട്ടി. യോഗത്തിൽ സി.ജി. വർഗ്ഗീസ്, ഹാഷിം ചേന്നാമ്പിള്ളി, ഇ.വി. മുഹമ്മദാലി, എസ്.പ്രകാശ്മേനോൻ, ടി.കെ. സുധീർകുമാർ, എ. നാസർ, എം. സുന്ദരേശൻപിള്ള, സി.കെ. ശിവദാസൻ, പി.കെ. പ്രദീപ് മേനോൻ എന്നിവർ പ്രസംഗിച്ചു. ■


**STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER UNITY**

FORM IV (See Rule 8)

Place of Publication : Trivandrum
Periodicity of the Publication : Monthly
Printer's Name : C. K. Lukose
Nationality : Indian
Address : TC12/1242, Trivandrum Pin 695 035
Printer's Name, Nationality, Address : ,,
Editor's Name, Nationality, Address : ,,
Name and address of individuals who own the Newspaper or shareholder holding more than one percent of the total capital : KERALA STATE COMMITTEE, SOCIALIST UNITY CENTRE OF INDIA(COMMUNIST)
I, C. K. Lukose, hereby declare that the particulars given above are true to the best of my knowledge and belief

Sd/- C. K. Lukose
01. 03. 2016 Signature of Publisher

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing 01/03/2016
REGISTERED
R. N. 24773/1992
P.R. No. KL/TV(N)/452/2015-2017

# UNITY
MALAYALAM MONTHLY

Vol 42 No.12
Price : Rs 5.00
March 2016

# എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) തെരഞ്ഞെടുപ്പ് ഫണ്ടിലേയ്ക്ക് ഉദാരമായി സംഭാവന നൽകുക

**ബ**ഹുമാന്യ സുഹൃത്തേ,

രാജ്യം അത്യന്തം വിപത്കരമായ ഒരു അവസ്ഥാവിശേഷത്തെ നേരിടുകയാണിന്ന്. കഴിഞ്ഞ രണ്ടര പതിറ്റാണ്ടായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കിവരുന്ന ആഗോളവൽക്കരണ നയങ്ങൾ ഇന്ന് സംഹാരാത്മകമായ സ്വഭാവം കൈക്കൊണ്ടിരിക്കുന്നു. ഈ നയങ്ങൾ ഒരുപിടി വരുന്ന കുത്തകമുതലാളിമാരെ വാനോളമുയർത്തി. വിലക്കയറ്റവും തൊഴിലില്ലായ്മയും സാംസ്കാരികാപചയവും പോലുള്ള വ്യാധികൾ രൂക്ഷമാക്കിയതിലൂടെ സാധാരണക്കാരന്റെ ജീവിതം ദുസ്സഹമാക്കിത്തീർത്തു.

അതിനെതിരെ വളർന്നുവരുന്ന ജനരോഷം മുതലാളിത്തവ്യവസ്ഥിതിയെത്തന്നെ തൂത്തെറിയുന്ന വിപ്ലവത്തിലേയ്ക്ക് നയിക്കാനിടയുണ്ടെന്ന് ഭരണവർഗ്ഗം ഭയപ്പെടുന്നു. ആസന്നമായ തൊഴിലാളിവർഗ്ഗവിപ്ലവത്തെ ഒരു മുൻകൂർ നീക്കത്തിലൂടെ തടയുന്നതിനായി മുതലാളിവർഗ്ഗം സംഘടിപ്പിക്കുന്ന പ്രതിവിപ്ലവപ്രസ്ഥാനമാണ് ഫാസിസം എന്ന് എസ്‌യുസിഐ(സി) യുടെ സ്ഥാപകനേതാവും സമുന്നത മാർക്സിസ്റ്റ് ദാർശനികനുമായ സഖാവ് ശിബ്ദാസ്ഘോഷ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ജനങ്ങളെ അന്ധവും ഭ്രാന്തവുമായ മതവികാരത്തിനോ ദേശീയവികാരത്തിനോ അടിമകളാക്കി, യുക്തിബോധവും മാനുഷികഭാവങ്ങളും കെടുത്തി, ഭരണകൂടത്തിന്റെ ചൊല്പടിക്ക് തുള്ളുന്ന യന്ത്രപ്പാവകളെപ്പോലെയാക്കി അധഃപതിപ്പിക്കുകയെന്നതാണ് ഫാസിസ്റ്റ് തന്ത്രം. ഇൻഡ്യൻ മുതലാളിവർഗ്ഗത്തിന്റെ ഇപ്പോഴത്തെ മുഖ്യകാര്യദർശിയെന്ന നിലയിൽ നരേന്ദ്രമോദി സർക്കാർ രാജ്യത്തെ സമ്പൂർണ്ണഫാസിസത്തിലേയ്ക്ക് ആനയിക്കാൻ ശ്രമിക്കുകയാണ്. വിദ്യാഭ്യാസ-സാംസ്കാരിക മേഖലകളെ വർഗ്ഗീയവൽക്കരിച്ചും, രാജ്യത്തിന്റെ ചരിത്രം പോലും തിരുത്തിയെഴുതിയും, ഭൂരിപക്ഷവർഗ്ഗീയവികാരവും രാജ്യസ്നേഹവും ഒന്നുതന്നെയാണെന്ന പ്രതീതി സൃഷ്ടിച്ച് ന്യൂനപക്ഷങ്ങൾക്കെതിരെ ഭീകരാന്തരീക്ഷം സൃഷ്ടിച്ചും, ജനാധിപത്യപരമായ സംവാദങ്ങളെയെല്ലാം അസഹിഷ്ണുതയോടെ അടിച്ചമർത്തിയും, മോദിസർക്കാർ നടത്തുന്ന നീക്കങ്ങൾ രാജ്യത്തെ സമ്പൂർണ്ണഫാസിസത്തിലേയ്ക്ക് നയിക്കാൻ വേണ്ടിയുള്ളവയാണ്.

ജനങ്ങൾക്കിടയിൽ ജനാധിപത്യസംസ്കാരവും യുക്തിചിന്തയും വളർത്തിയെടുക്കുകയെന്നതാണ് ഫാസിസ്റ്റ് വിപത്തിനെ പ്രതിരോധിക്കാനുള്ള മാർഗ്ഗം. ഉയർന്ന രാഷ്ട്രീയപ്രബുദ്ധതയിലും സംസ്കാരത്തിലും അധിഷ്ഠിതമായ ജനാധിപത്യസമരങ്ങളുടെ വേലിയേറ്റം സൃഷ്ടിക്കുന്നതിലൂടെ മാത്രമേ അത് സാധിക്കുകയുള്ളു. എന്നാൽ സിപിഐ(എം) നയിക്കുന്ന വ്യവസ്ഥാപിത ഇടതുപക്ഷം ഈ കർത്തവ്യം വിസ്മരിക്കുകയാണ്. കോൺഗ്രസ്സിനെയും ബിജെപിയെയും പോലെ അവരും വികസനം എന്ന മുദ്രാവാക്യമുയർത്തുന്നു. വർഗ്ഗവിഭജിത സമൂഹത്തിൽ, ചൂഷകവർഗ്ഗത്തിന്റെയും ചൂഷിതവർഗ്ഗത്തിന്റെയും താല്പര്യങ്ങൾ വിരുദ്ധങ്ങളായിരിക്കുന്നതിനാൽ, ഏത് വർഗ്ഗത്തിന്റേതെന്ന് സൂചിപ്പിക്കാതെ പൊതുവിലുള്ള വികസനത്തെപ്പറ്റി പറയുന്നത് വഞ്ചനാപരമാണെന്നോർക്കുക. കേരളത്തിൽ അഴിമതിയിൽ ആണ്ടുമുങ്ങിയതും ജനവിരുദ്ധവുമായ യുഡിഎഫ് സർക്കാരിനെതിരെ ശരിയായ ദിശയിലുള്ള ജനാധിപത്യസമരം വളർത്തിയെടുക്കാൻ അവർ മുതിരാതിരിക്കുന്നതും ഈ വലതുപക്ഷ രാഷ്ട്രീയനിലപാട് മൂലമാണ്. ഈ രാഷ്ട്രീയ പാപ്പരത്തം വർഗ്ഗീയ ഫാസിസ്റ്റ് ശക്തികളുടെ വളർച്ചയ്ക്ക് അവസരമൊരുക്കുന്നു. ബിജെപിയെ തെരഞ്ഞെടുപ്പിൽ പരാജയപ്പെടുത്തുന്നതിലൂടെ മാത്രം ഫാസിസത്തെ പ്രതിരോധിക്കാൻ സാധിക്കും എന്ന മട്ടിലാണവർ പ്രവർത്തിക്കുന്നത്. ജനങ്ങൾക്കിടയിൽ മതേതര ജനാധിപത്യ പ്രബുദ്ധത സൃഷ്ടിക്കുന്നതിന് പകരം, അതിന് നേർവിപരീതമായി, അവർക്കിടയിലുള്ള ജാതീയവും മതപരവും മറ്റുമായ പ്രതിലോമവികാരങ്ങളെ മുതലെടുക്കാൻ അവർ തുനിയുന്നു. ഇത്തരം ചെയ്തികൾ ആത്യന്തികമായി ഫാസിസ്റ്റ് ശക്തികളെ മാത്രമേ സഹായിക്കുകയുള്ളു.

ഇൻഡ്യയിൽ മാർക്സിസം-ലെനിനിസത്തിന്റെ ശ്രേഷ്ഠമായ പതാക അചഞ്ചലം ഉയർത്തിപ്പിടിക്കുന്ന എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്), മാറിമാറിവരുന്ന സർക്കാരുകളുടെ ജനദ്രോഹ നയ-നടപടികൾക്കെതിരെ ജനങ്ങളെ സ്വന്തം സമരക്കമ്മിറ്റികളിൽ അണിനിരത്താൻ വേണ്ടി നിരന്തരം യത്നിക്കുന്നു. ഈ ജനകീയസമര രാഷ്ട്രീയം ഉയർത്തിപ്പിടിച്ചുകൊണ്ട്, വരുന്ന നിയമസഭാതെരഞ്ഞെടുപ്പിൽ കേരളത്തിൽ 31 സീറ്റുകളിൽ പാർട്ടി സ്ഥാനാർത്ഥികളെ മത്സരിപ്പിക്കുകയാണ്. തെരഞ്ഞെടുപ്പ് ഫണ്ടിലേയ്ക്ക് ഉദാരമായി സംഭാവന ചെയ്യണമെന്നഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

**സി.കെ.ലൂക്കോസ്**

സെക്രട്ടറി, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാനകമ്മിറ്റി

# ഡെമോക്രാറ്റിക് ലോയേഴ്സ് ഫോറം ആലപ്പുഴയിൽ സംഘടിപ്പിച്ച ചർച്ചാസമ്മേളനം

**ഡെ**മോക്രാറ്റിക് ലോയേഴ്സ് ഫോറത്തിന്റെ (DLF) ആഭിമുഖ്യത്തിൽ ഫെബ്രുവരി 29 ന് ആലപ്പുഴ ചടയംമുറി ഹാളിൽ **'തൊഴിൽ നിയമഭേദഗതികൾ-പ്രസക്തിയും പ്രത്യാഘാതവും'** എന്ന വിഷയത്തിൽ നടത്തിയ ചർച്ചാസമ്മേളനം അഡ്വ. കാളീശ്വരംരാജ് ഉദ്ഘാടനം ചെയ്തു. 1990 നു ശേഷം വന്ന തൊഴിൽ നിയമഭേദഗതികളെല്ലാം തന്നെ ആഗോളകുത്തകകളുടെ താല്പര്യാർത്ഥമാണെന്ന് നിയമങ്ങൾ വിശകലനം ചെയ്ത് അദ്ദേഹം സ്ഥാപിച്ചു. സമൂഹത്തെയാകെ പ്രതികൂലമായി ബാധിക്കുന്ന വിഷയങ്ങളിൽ അഭിഭാഷകർ സജീവമായി ഇടപെടണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. ഡെമോക്രാറ്റിക് ലോയേഴ്സ് ഫോറം സംസ്ഥാന കൺവീനർ അഡ്വ. ഇ. എൻ. ശാന്തിരാജ് അദ്ധ്യക്ഷത വഹിച്ചു. എഐയുടിയുസി ജില്ലാസെക്രട്ടറി അഡ്വ.വി.മോഹൻദാസ്, എഐയുടിയുസി സംസ്ഥാന സെക്രട്ടേറിയേറ്റ് അംഗം എസ്. സീതിലാൽ, ആലപ്പുഴ ബാർ അസ്സോസിയേഷൻ പ്രസിഡന്റ് അഡ്വ. ആർ. ഉണ്ണിക്കൃഷ്ണൻ, ജനകീയ പ്രതിരോധ സമിതി ജനറൽ സെക്രട്ടറി ഡോ: വി. വേണുഗോപാൽ, അഡ്വ: ബി.കെ. രാജഗോപാൽ, എഐഎംഎസ്എസ് സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വ. എം.എ.ബിന്ദു, ഡിഎൽഎഫ് സംസ്ഥാന സമിതിയംഗം അഡ്വ.പി.സി.വിവേക് എന്നിവർ പ്രസംഗിച്ചു. അഡ്വ. ആർ.അപർണ സ്വാഗതവും അഡ്വ.വി.കെ.ധനലക്ഷ്മി കൃതജ്ഞതയും പറഞ്ഞു.




ചർച്ചാ സമ്മേളനം അഡ്.കാളീശ്വരംരാജ് ഉദ്ഘാടനം ചെയ്യുന്നു. ■

# കോഴിക്കോട് പ്രീപ്രൈമറി അദ്ധ്യാപക സമരം



കളക്ട്രേറ്റ്മാർച്ച് കെ.എം.ബീവി ഉദ്ഘാടനം ചെയ്യുന്നു

**എ**യ്ഡഡ് സ്കൂളുകളിലെ പ്രീപ്രൈമറി അധ്യാപകർക്കും ആയമാർക്കും സർക്കാർ സർവീസിന് തുല്യമായ ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിക്കുക, പ്രീപ്രൈമറിയെ എയ്ഡഡ് സ്കൂളുകളുടെ ഭാഗമാക്കുക എന്നീ ആവശ്യങ്ങളുന്നയിച്ച് കോഴിക്കോട് കളക്ട്രേറ്റിലേക്ക് നടന്ന മാർച്ച് കെ.എം.ബീവി (സ്ത്രീസുരക്ഷാസമിതി) ഉദ്ഘാടനം ചെയ്തു. കെ.പി സുബൈദ (വൈസ്പ്രസിഡണ്ട്) അദ്ധ്യക്ഷത വഹിച്ചു. പി.വനജ (ജില്ലാസെക്രട്ടറി, പ്രീപ്രൈമറി ടീച്ചേഴ്സ് അസോസിയേഷൻ) സ്വാഗതം പറഞ്ഞ യോഗത്തിൽ വി.വിജയഷോമ , അനൂപ്ഏരിമററം (കെയുഎസ്ടിഒ), വി.സുമ, സി.ജി.ആശാദേവി, എം.പി. പ്രസിദ്ധ എന്നിവർ പ്രസംഗിച്ചു. ■

# മൂലമ്പിള്ളി കുടിയൊഴിപ്പിക്കലിന്റെ 8-ാം വാർഷികം ആചരിച്ചു

**വി**കസനം പാവങ്ങളോടുള്ള അക്രമമാകരുതെന്നും ബലംപ്രയോഗിച്ചുള്ള മൂലമ്പിള്ളി കുടിയൊഴിപ്പിക്കലും നീണ്ട 8 വർഷത്തെ കഷ്ടാനുഭവവും വികസനപ്രവർത്തനങ്ങളോടു ജനങ്ങൾ മുഖംതിരിക്കുന്നതിന് കാരണമായെന്നും ജസ്റ്റിസ് പി.കെ.ഷംസുദ്ദീൻ അഭിപ്രായപ്പെട്ടു. മൂലമ്പിള്ളി കുടിയൊഴിപ്പിക്കലിന്റെ 8-ാം വാർഷികത്തോടനുബന്ധിച്ച് ഹൈക്കോടതി ജംഗ്ഷനിൽ നിന്നാരംഭിച്ച പ്രതിഷേധപ്രകടനം മേനകയിൽ സമാപിച്ചതിനെ തുടർന്ന് നടന്ന യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു ജസ്റ്റിസ് ഷംസുദ്ദീൻ. ഐതിഹാസികമായ ജനകീയ സമരത്തിലൂടെ, കേരള ജനതയുടെ തന്നെ മനഃസാക്ഷിയുടെ അംഗീകാരമായി ലഭിച്ച പുനരധിവാസപാക്കേജ് നടപ്പാക്കാൻ മാറി മാറി വന്ന സർക്കാരുകളുടെ സംവിധാനങ്ങൾക്ക് കഴിയുന്നില്ലെന്നത് ഞെട്ടലോടെ മാത്രമേ കേൾക്കാനാകുന്നുള്ളൂ. സാമൂഹ്യതാൽപ്പര്യത്തിനു വേണ്ടി സ്വന്തം കിടപ്പാടവും ജീവിതവും വിട്ടുകൊടുത്ത ജനങ്ങളുടെ നിലനിൽപ്പ് ഉറപ്പുവരുത്താനുള്ള ബാധ്യത സർക്കാരിനുണ്ട്. നിയമവാഴ്ച നിലനിൽക്കുന്ന, ജനാധിപത്യത്തിന്റെ പേരിൽ അഭിമാനിക്കുന്ന നമ്മുടെ നാട്ടിൽ ചുവപ്പുനാടയുടെയോ, കെടുകാര്യസ്ഥതയുടെയോ പേരിൽ അത് വൈകിക്കുന്നതിന് യാതൊരു നീതീകരണവുമില്ല- ജസ്റ്റിസ് ഷംസുദ്ദീൻ തുടർന്ന് പറഞ്ഞു.

പ്രൊഫ. കെ.അരവിന്ദാക്ഷൻ മുഖ്യപ്രഭാഷണം നടത്തി. പദ്ധതിയിൽ തൊഴിലും തുച്ഛമായ നഷ്ടപരിഹാരത്തിൽ നിന്ന് പിടിച്ചുവച്ച 12 ശതമാനം നികുതി തിരിച്ചുകൊടുക്കാമെന്ന ഉറപ്പും അടങ്ങുന്ന പുനരധിവാസപാക്കേജിലെ എല്ലാ വ്യവസ്ഥകളും പാലിക്കാൻ സർക്കാർ ബാദ്ധ്യസ്ഥമാണെന്ന് അദ്ദേഹം പറഞ്ഞു. കോ-ഓർഡിനേഷൻ കമ്മിറ്റി ജനറൽ കൺവീനർ ഫ്രാൻസിസ് കളത്തുങ്കൽ അദ്ധ്യക്ഷത വഹിച്ചു. കെ.റെജികുമാർ, പി.ജെ.സെബാസ്റ്റ്യൻ, പി.എം.ദിനേശൻ, വി.പി.വിൽസൺ, ഇടപ്പള്ളി സാബു, മൈക്കിൾ കോതാട്, ജസ്റ്റിൻ വടുതല, സ്റ്റാൻലി മുളവുകാട്, വി.കെ.അബ്ദുൾ ഖാദർ, ഏലൂർ ഗോപിനാഥ്, കുരുവിള മാത്യൂസ്, എം.എൻ.ഗിരി, പി. ഉണ്ണികൃഷ്ണൻ, ജോണി ജോസഫ്, ജോൺസൺ മൂലമ്പിള്ളി, ആഗ്നസ് ആന്റണി, മേരി ഫ്രാൻസിസ്, ചിന്നമ്മ ജോസഫ്, ജോർജ്ജ് അമ്പാട്ട്, ജമാൽ മഞ്ഞുമ്മൽ എന്നിവരും പ്രസംഗിച്ചു. ■

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.